# ബഥനി ശബ്ദം

APRIL 2022

ORDER OF THE IMITATION OF CHRIST

Synod 2021 2023

For a synodal Church

communion | participation | mission

THOU BE THE LIGHT OF THE WORLD



## സിനഡാത്മക സഭ

ഒരു ജനം... ഒരു വഴി ... ഒരു ലക്ഷ്യം...

# BETHANY SABDAM

No. 126

April 2022

**Editorial Board**

Fr. Jobin Kuriakose OIC (Chief Editor)

Fr. Thomas Prasobh Kolliyelil OIC

Fr. Thomas Pramod Palavilayil OIC

Fr. Ebin Thomas Panicker OIC

Fr. Mathew Praful Palanilkunnathil OIC

**Printed at**

Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

**Cover Design**

Fr Dominic Savio Moozhikkarayil OIC

**Published from**

Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA
Ph : 0481 - 2578494
(Monday - Saturday from 9.30 AM to 5.00 PM)
web : www.bethanyashram.net
e-mail : oic.infonews@gmail.com

*for Private Circulation Only*

# ഉൾത്താളുകളിൽ


എഡിറ്റോറിയൽ 4

ഉത്ഥിതനായ യേശുവും സിനഡാത്മക സഭയും - ഫാ. മത്തായി കടവിൽ ഒ.ഐ.സി 5

സന്ന്യാസസമർപ്പണപാതയിൽ അനുഗ്രഹസമ്പൂർണ്ണമായ അൻപതുവർഷങ്ങൾ 9
- ഫാ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി

സിനഡാത്മക സഭ - ഫാ. ടൈറ്റസ് ജോൺ ചേരാവള്ളിൽ ഒ.ഐ.സി 13

Synodality and Consecrated Life - Fr George Mathew OIC 20

സുന്നഹദോസാത്മകതയിലെ സുകൃത പുഷ്പങ്ങൾ 25
- ഫാ. ഡാനിയേൽ ജീവൻ ഒ.ഐ.സി.

ഈവാനിയൻ സന്ന്യാസി - ഫാ. ജോസഫ് വരമ്പുങ്കൽ ഒ.ഐ.സി 26

ഒരു പുഴപോലെ... ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി. 29
- ഫാ.ജെയിംസ് മാത്യു ഒ.ഐ.സി.

നന്ദിയോടെ അമ്പതു വർഷങ്ങൾ - ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി 30

ഈപ്പനിൽ നിന്നും ഇഗ്നേഷ്യസിലേക്ക് - ഫാ. ജോസഫ് കുളക്കുടിയിൽ ഒ.ഐ.സി. 32

ദൈവസാന്നിദ്ധ്യത്തിന്റെ അൻപതുവർഷങ്ങൾ 34
- ഫാ. ഇഗ്നേഷ്യസ് കടിയംകുന്നിൽ ഒ.ഐ.സി.

ബഥനിയുടെ നന്മരം - ഫാ. ലിബിൻ വർഗ്ഗീസ് ഒ.ഐ.സി 36

വിശുദ്ധ യൗസേപ്പിന്റെ അനുയാത്രികൻ- ഫാ. ജോൺ തുണ്ടിയത്ത് ഒ.ഐ.സി. 37

ബഥനിയുടെ കോവിഡാനന്തര വിദ്യാഭ്യാസ നയം 39
- ഫാ. വർഗീസ് തറമുട്ടം ഒ.ഐ.സി.

കോവിഡാനന്തര വിദ്യാഭ്യാസവും വെല്ലുവിളികളും പരിഹാരങ്ങളും 41
- ഫാ. ഡോ. വർഗ്ഗീസ് കൈപ്പനടുക്ക ഒ.ഐ.സി.

ബഥനി ഡലഗേഷൻ - എത്യോപ്യ - ഫാ. മാത്യു അഗസ്റ്റിൻ ഒ.ഐ.സി. 44

By the rivers of Babylon: A timeline of the prophets of Israel 48
- Fr Sumith Nicholas OIC

കല്ലുകളുടെ ആരവം - ഡാനി ബഥാന്യൻ 51

അഴിച്ചു മാറ്റപ്പെട്ട ചെരുപ്പുകൾ - ഫാ. നിർമ്മലാനന്ദ് ഒ.ഐ.സി 54

How does Jesus of Nazareth ........... - Bro. Joshin Joy OIC 58

ഹൃദയം തകർക്കുന്ന വാൾ - ബ്രദർ നിർമ്മൽ 59

Perfume - ബ്രദർ ജിജിൻ ജോർജ്ജ് ഒ.ഐ.സി. 62

# എഡിറ്റോറിയൽ



**പ്ര**തീക്ഷകളുടെ പെരുന്നാളാണ് ഉത്ഥാനപ്പെരുന്നാൾ. ഉയിർക്കും എന്ന ഉറപ്പോടെയാണ് ക്രിസ്തുനാഥൻ കുരിശിനെ പുണർന്നത്. രക്തം വിയർത്തപ്പോൾ പിന്തിരിഞ്ഞ് ഓടുവാനല്ല തോന്നിയത്, കൂടെ ദൈവം ഉണ്ട് എന്ന് ഉറപ്പിക്കുക മാത്രം. പിന്നെ ദൈവേഷ്ടം തന്നെ നിറവേറപ്പെടണം എന്ന വാശിയും. ദൈവേഷ്ടത്തിന്റെ മുമ്പിലുള്ള സമർപ്പണമാണ് പരമപ്രധാനം. ചോര പൊടിയും, കണ്ണുനീർ വാർക്കേണ്ടി വരും, കൂടെ ആരും കാണില്ല, പരാജയം എന്ന് പലരും പരിഹസിക്കും. ഈ നൊമ്പരയാത്രയിൽ എല്ലാം ദൈവേഷ്ടമാണ് എന്ന് പറഞ്ഞ് മൗനമായി ധ്യാനിക്കുവാൻ സാധിക്കണം. ഇതേ സങ്കട ധ്യാനത്തിലൂടെ കടന്നുപോയവരാണ് അബ്രഹാമും യോനായുമൊക്കെ. ധ്യാനത്തിലൂടെ കടന്നുപോകുന്ന ഏതു മുറിവും മൂന്നാം ദിനം ഉണങ്ങും. പിന്നീട് ഉത്ഥാനവസന്തം.

സിനഡാത്മക സഭ എന്ന വിഷയം ചർച്ചയാകുന്നു. ചർച്ചകൾ കേൾക്കപ്പെടുമ്പോഴാണ് എല്ലാവർക്കും പ്രയോജനകരമാവുന്നത്. ഈശ്വരനെ ശ്രവിക്കുന്നതോടൊപ്പം അപരനെ ശ്രവിക്കുവാനും ശ്രദ്ധിക്കുവാനും സഭയിൽ ഒരു സമയം. സഭയിൽ എല്ലാവരും കേൾക്കപ്പെടണം എന്ന ആശയത്തോടെയാണ് ഫ്രാൻസിസ് മാർപ്പാപ്പാ ഈ ആഹ്വാനവുമായിട്ട് കടന്നുവന്നത്. കൂട്ടായ ജീവിതത്തിൽ വ്യക്തികളുടെ പ്രേഷിത ദൗത്യത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ ഉണ്ടാകുവാനും സ്പർദ്ധയും ഭിന്നതയും സഭയിൽ നിന്നും അകന്ന് ഒരേ മനസ്സോടെ ഐക്യത്തോടെ പ്രയാണം ചെയ്യുന്ന ഒരു സഭയായി മാറുവാനും നമുക്ക് പ്രാർത്ഥിക്കാം.

ആദ്യവ്രതവാഗ്ദാനത്തിനുശേഷം 50 വർഷം പിന്നിടുന്ന മൂന്ന് ബഥാന്യരും 25 വർഷം പിന്നിടുന്ന ഒരു ബഥാന്യനും. വ്യത്യസ്ത തലങ്ങളിൽ പ്രേഷിത പ്രവർത്തനങ്ങളിലൂടെ സേവനം ചെയ്ത് ഏല്പ്പിക്കപ്പെട്ട താലന്തുകൾ ഇരട്ടിയായി വർദ്ധിപ്പിച്ച് നന്മമരങ്ങളായി, ദീപങ്ങളായി, വഴികളായി മാറിയ ബഹു.വില്യം നെടുമ്പുറത്തച്ചൻ, ബഹു.ഇഗ്നേഷ്യസ് കടിയംകുന്നിലച്ചൻ, ബഹു.അൽഫോൺസ് പൗവ്വത്തച്ചൻ. സന്ന്യാസ ജീവിതത്തിൽ 50 വർഷം വിശ്വസ്തതയോടെ ജീവിച്ച ഈ താപസർ നല്ല മാതൃകയും ഒരു വെല്ലുവിളി കൂടിയുമാകുന്നു. വ്രതവാഗ്ദാനത്തിന്റെ 25 വർഷം പൂർത്തിയാക്കുന്ന ജോസഫ് അഞ്ചേരിൽ അച്ചൻ ലാളിത്യത്തിന്റെയും കർമ്മ ജീവിതത്തിന്റെയും നല്ല മാതൃകയാണ്. ക്രിസ്തുവാകുന്ന മുന്തിരിച്ചെടിയോടു ചേർന്ന് ധാരാളം നന്മകൾ ഈ വ്യക്തികളിലൂടെ ഉണ്ടാകട്ടെ. ജൂബിലി മംഗളങ്ങൾ!

വ്യക്തിപരവും കർമ്മപരവുമായ തിരക്കുകൾക്കിടയിൽ പോലും ബഥനിശബ്ദത്തിന് ആർട്ടിക്കിൾ നൽകിയ എല്ലാവരെയും ഏറ്റം സ്നേഹത്തോടെ, നന്ദിയോടെ അനുസ്മരിക്കുകയും ചെയ്യുന്നു. ഏവർക്കും ഉത്ഥാനപ്പെരുന്നാളിന്റെ സമാധാന ആശംസകൾ!

**ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി.**

# ഉത്ഥിതനായ യേശുവും സിനഡാത്മക സഭയും

**ഫാ. മത്തായി കടവിൽ ഒ.ഐ.സി**

ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം മരിച്ചവരുടെയിടയിൽ നിന്നുമുള്ള യേശുവിന്റെ ഉത്ഥാനമാണല്ലോ (1 കൊറി 15:14,17). പുനരുത്ഥാനത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രവചനങ്ങളുടെ പൂർത്തീകരണത്തിന് (യോഹ 2:18-22; 10:17,18; മത്താ 12:39-40; 16:21; 27:62-64) സാക്ഷികളായ അപ്പസ്തോലരുടെ പങ്കുവയ്ക്കലിലൂടെയാണ് സഭ രൂപപ്പെട്ടത് (1 കൊറി.15:1-11). നമ്മുടെ ആരാധനജീവിതത്തിന്റെ കേന്ദ്രബിന്ദുവായും ഉയിർപ്പ് തിരുന്നാൾ നിലകൊള്ളുന്നു. സഭയുടെ സിനഡാത്മക സ്വഭാവത്തെക്കുറിച്ചുള്ള ചിന്തകളും ചർച്ചകളും നടക്കുന്ന പശ്ചാത്തലത്തിൽ ഉയിർപ്പ് തിരുനാളിൽ നാം അനുസ്മരിക്കുന്ന ഉത്ഥിതന്റെ സാന്നിദ്ധ്യം പ്രസക്തമാണ്.

ആദിമാതാപിതാക്കൾ പറുദീസായിൽ അനുഭവിച്ച ദൈവസംസർഗ്ഗം പാപംവഴി നഷ്ടമായതിനെ വീണ്ടെടുക്കാനാണല്ലോ യേശു മനുഷ്യനായി അവതരിച്ചത്. യേശു തന്റെ പീഡാസഹനങ്ങളിലൂടെ സ്വയം ബലിയായി നല്കുകയും മരിച്ചവരുടെ ഇടയിൽനിന്ന് ഉയർത്തെഴുന്നേൽക്കുകയും ചെയ്തുകൊണ്ടാണ് നഷ്ടപ്പെട്ട ദൈവസംസർഗ്ഗത്തിന്റെ പറുദീസാനുഭവത്തിലേക്ക് നമ്മെ ഉയർത്തിയത്.

വേദപുസ്തകം മുഴുവൻ ദൈവസംസർഗ്ഗാനുഭവത്തിന്റെ കഥയാണ് നമ്മോടു പറയുന്നത്. പറുദീസായുടെ പടിയിറങ്ങിയ മനുഷ്യരെ ചേർത്തു നിർത്തുവാൻ ദൈവം നടത്തിയ ഇടപെടലുകളുടെ കഥകളാണ് പിതാക്കന്മാരും, ന്യായാധിപന്മാരും, പ്രവാചകരും നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ഇവർ കാണിച്ചു തന്ന വഴികളിലൂടെ നടന്നപ്പോഴുണ്ടായ രക്ഷയുടെയും, അകന്ന് നടന്നപ്പോഴുണ്ടായ ശിക്ഷയുടെയും കഥകളാണ് പഴയനിയമം നമ്മുടെ മുമ്പിൽ അനാവരണം ചെയ്യുന്നത്. ചേർത്തു നടത്താൻ ശ്രമിക്കുമ്പോഴും അകന്നു പോകുന്ന ജനത്തെ കൂടെ നിർത്തുവാൻ ദൈവത്തിന്റെ ഏകജാതനായ യേശു നടത്തിയ ശ്രമങ്ങളുടെ കഥ പുതിയ നിയമം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ഇത് അപ്പസ്തോലന്മാരിലൂടെ തുടരുന്നു.

മനുഷ്യനായി അവതരിച്ച യേശു ഗലീലിയിൽ ആരംഭിച്ച യാത്രയെ അനുധാവനം ചെയ്തവരാണല്ലോ അപ്പസ്തോലന്മാർ. യേശുവിന്റെ പ്രബോധനങ്ങൾ കേൾക്കുകയും, വഴിയിൽ കണ്ടുമുട്ടിയ ഓരോരുത്തർക്കും കാരുണ്യപൂർവ്വം യേശു ചെയ്തുകൊടുത്ത കാര്യങ്ങൾക്ക് സാക്ഷ്യം വഹിക്കുകയും ചെയ്തവരാണവർ. യേശുവിന്റെ സ്നേഹവാത്സല്യം അനുഭവിക്കുകയും അത്ഭുതസിദ്ധികൾക്ക് സാക്ഷ്യം വഹിക്കുകയും ചെയ്ത അപ്പസ്തോലന്മാർ യേശുവിന്റെ പീഡാസഹനങ്ങളുടെയും മരണത്തിന്റെയും നിമിഷങ്ങളിൽ പതറുന്ന കാഴ്ചയാണ് പീഡാനുഭവദിവസങ്ങളിൽ നാം പ്രത്യേകമായി അനുസ്മരിച്ചത്. യേശുവിന്റെ മരണത്തോടെ ചിതറിക്കപ്പെട്ട അപ്പസ്തോലരെ ഉത്ഥിതനായ യേശു തന്റെ പ്രത്യക്ഷീകരണത്തിലൂടെ ഒന്നിപ്പിക്കുകയും തന്റെ ദൗത്യം തുടരുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. ഉയിർപ്പ് തിരുന്നാളിലും തുടർന്നു വരുന്ന ഞായറാഴ്ചകളിലും ശിഷ്യസമൂഹത്തിന് പ്രത്യക്ഷപ്പെട്ട യേശുവിനെയാണ് നാം ധ്യാനവിഷയമാക്കുന്നത്. ഉത്ഥിതനായ യേശു സ്വർഗ്ഗാരോപിതനാകുന്ന

തോടെ നേരത്തെ  വാഗ്ദാനം ചെയ്ത പ്രകാരം പരിശുദ്ധാത്മാവിനെ അവർക്ക് നില്ക്കുന്നു. ഉത്ഥിതനായ യേശു തന്റെ പ്രത്യക്ഷീകരണത്തിലൂടെ ഒരുമിച്ചുകൂട്ടിയ അപ്പസ്തോല സമൂഹം പരിശുദ്ധാത്മാവിന്റെ കൃപാവർഷത്തോടെ സഭയെ പണിതുയർത്തി.

ചുരുക്കത്തിൽ പഴയനിയമവും പുതിയ നിയമവും ദൈവത്തോട് ചേർന്ന് നടക്കുവാനുള്ള ആഹ്വാനമാണ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ഉത്ഥിതനായ യേശുവിന്റെ സാന്നിദ്ധ്യം ചിതറിക്കപ്പെട്ട അപ്പസ്തോലന്മാരെ ഒരു കൂട്ടായ്മയായി (communion) വളർത്തി. പരിശുദ്ധാത്മാഭിഷേകം സഭയുടെ നിയോഗത്തിൽ (mission) അവരെ പങ്കാളികളാക്കി (participation). അതുകൊണ്ടുതന്നെ ഉയിർപ്പ് തിരുനാൾ സിനഡാത്മക സഭയിലെ കൂട്ടായ്മയെയും പങ്കാളിത്തത്തെയും ദൗത്യത്തെയുമാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്.

ഈ പ്രത്യേക അവസരത്തിൽ, നമ്മുടെ സമൂഹത്തിൽ ഉണ്ടാകേണ്ട സിനഡാത്മകത പരിചിന്തന വിഷയമാക്കേണ്ടതുണ്ട്. സന്ന്യാസജീവിതത്തിലെ സിനഡാത്മകതയുടെ ഉത്തമ ഉദാഹരണമാണ് നാം നടത്തുന്ന സിനാക്സിസുകൾ. സിനാക്സിസ് എന്ന വാക്കുതന്നെ സിനഡ് എന്ന വാക്കിനോട് ബന്ധപ്പെട്ട് ഒരുമിച്ചു കൂടുന്നതിനെ സൂചിപ്പിക്കുന്നു. നമ്മുടെ സമൂഹത്തെ സംബന്ധിച്ചിടത്തോളം വി.നിയമത്തിന്റെ അടിസ്ഥാനത്തിൽ സമൂഹ തലത്തിലും, പ്രൊവിൻസ് തലത്തിലും, നടത്തപ്പെടുന്ന സിനാക്സിസുകളാണ് സമൂഹത്തിന് ദിശാബോധം നല്കുന്നത്. മൂന്നുമാസം നീണ്ടുനിൽക്കുന്ന പ്രാർത്ഥനയോടെയാണ് നാം സിനാക്സിസുകൾക്ക്  ഒരുങ്ങുന്നത്. പ്രാർത്ഥനയോടെ ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്ന സിനാക്സിസ് അവസരങ്ങളിലെ ചർച്ചകളും തീരുമാനങ്ങളും പരിശുദ്ധാത്മാവിനാലാണ് നയിക്കപ്പെടുന്നത്. എന്നാൽ പരിശുദ്ധമായ ഇത്തരം കൂടി വരവുകൾ പരിശുദ്ധാത്മാവിൽ നിന്നുമകന്ന് സ്വാർത്ഥപരമായി നടത്തുമ്പോൾ നമ്മുടെ യാത്ര അപകടകരമായ വഴികളിലേക്ക് നീങ്ങും.

നമ്മുടെ ആശ്രമങ്ങളിൽ നടത്തപ്പെടുന്ന ദയറാ-സൂർദയറാ സിനാക്സിസുകളാണ് അതാത് സ്ഥലങ്ങളിലെ നമ്മുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നത്. ആശ്രമാംഗങ്ങൾ തമ്മിൽ പരസ്പരധാരണയോടും ആവശ്യമുള്ള വിഷയങ്ങളിൽ മേലധികാരികളുടെ അറിവോടും അനുമതിയോടുംകൂടെ നടത്തപ്പെടുന്ന പ്രവർത്തനങ്ങൾ നമ്മുടെ കൂട്ടായ്മയുടെ നേർസാക്ഷ്യങ്ങളാണ്. സഭയുടെ സിനഡാത്മകത പരിചിന്തന വിഷയമാക്കുന്ന ഈ അവസരത്തിൽ നമ്മുടെ സമൂഹജീവിതത്തിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന സിനാക്സിസിന്റെ നടത്തിപ്പുകളിലെ ദൈവപരിപാലന നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കാം.

രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ അവതരിപ്പിക്കപ്പെട്ട “ദൈവജനം” “കൂട്ടായ്മയുടെ സഭാവിജ്ഞാനീയം” എന്നീ ആശയങ്ങളുടെ അടിസ്ഥാനത്തിലാണ് സിനഡാത്മകത എന്ന ദർശനം രൂപപ്പെടുത്തിയിരിക്കുന്നത് (*Synodality in the life and mission ofthe Church,* International Theological Commission - ITC.6). കൂട്ടായ്മയുടെ സഭാ വിജ്ഞാനീയത്തെ വ്യക്തിഗതസഭകളുടെ കൂട്ടായ്മയെന്നും (Communion of Individual Churches), ഇതര സഭകളുമായിട്ടുള്ള കൂട്ടായ്മയെന്നും (Communion with Separated brethren) പ്രാദേശിക സഭകളും (Particular Churches - Diocese) ആഗോള സഭയും (Universal Church) തമ്മിലുള്ള കൂട്ടായ്മയെന്നും രണ്ടാം വത്തിക്കാൻ സൂന്നഹദോസ് വിശദീകരിക്കുന്നുണ്ട്. എന്നാൽ 1985-ൽ നടന്ന അസാധാരണ സൂന്നഹദോസിൽ  ആഗോളസഭയും പ്രാദേശിക സഭകളും തമ്മിലുള്ള കൂട്ടായ്മയാണ്

പ്രധാനമായും ചർച്ച ചെയ്തത്. നമ്മുടെ സമൂഹജീവിതത്തിലേക്ക് വരുമ്പോൾ ഓരോ ആശ്രമങ്ങളിലും അംഗങ്ങൾ തമ്മിൽ ഉണ്ടായിരിക്കേണ്ട കൂട്ടായ്മയും ആശ്രമങ്ങളും പ്രൊവിൻഷ്യൽ സമിതിയുമായുള്ള കൂട്ടായ്മയും പ്രോവിൻസും പൊതു ഭരണസമിതിയും തമ്മിലുള്ള കൂട്ടായ്മയും ഈ അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്. അംഗങ്ങൾ തമ്മിലുള്ള ബന്ധത്തെ ഈ ത്രിതല സംവിധാനം വഴി ബലപ്പെടുത്തുമ്പോഴാണ് ബഥനി കൂട്ടായ്മ ശക്തിപ്പെടുന്നത്. ബഥനി ഒരു കുടുംബം എന്ന നിലയിൽ പരസ്പരം അറിയുകയും സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ഒരു കൂട്ടായ്മയായി വളരണം. തുറന്ന മനസ്സോടെ ആശയവിനിമയം നടത്തുന്നതിനും സമൂഹമായി ഒരുമിച്ച് ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും കഴിയുമ്പോഴാണ് സഭ ഒരു കൂട്ടായ്മയെന്ന ദർശനം സമർപ്പിത സമൂഹങ്ങളിൽ പ്രവൃത്തി പഥത്തിലാകുന്നത്.

ബഥനിയിൽ അംഗത്വം സ്വീകരിക്കുന്നവർ സന്ന്യാസ സമർപ്പണത്തിലൂടെ ബഥനിയുടെ ആദർശലക്ഷ്യങ്ങളോട് ഐക്യപ്പെടുന്നു. ബഥനി ആശ്രമസ്ഥരെ യോജിപ്പിക്കുന്ന കണ്ണിയും ഇതു തന്നെയാണ്. ബഥനിയുടെ ആദർശ ലക്ഷ്യങ്ങൾ അനുസരിച്ച് ജീവിക്കുന്ന ഒരു സമൂഹമായി നാം മാറണം.

നമ്മുടെ സിനഡാത്മകതയിൽ ഗൗരവമായ ഒരു സ്ഥാനമാണ് ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ ശക്തിപ്പെടുത്തുന്ന പ്രാർത്ഥനയ്ക്കുള്ളത്. പ്രാർത്ഥന ദൈവത്തോടു ചേർന്നുള്ള യാത്രയാണ്. ഇസ്രായേൽ സമൂഹം പ്രവാസികളായിരുന്നപ്പോൾ രൂപപ്പെട്ട സിനഗോഗ് സംവിധാനവും ഒരുമിച്ച് കൂടുക എന്ന അർത്ഥത്തെ സൂചിപ്പിക്കുന്നു. ജറുസലേമിൽ വച്ചു നടക്കുന്ന ബലിയർപ്പണം സാധിക്കാതെ വന്നപ്പോൾ രൂപപ്പെട്ട സിനഗോഗിൽ സങ്കീർത്തനാലാപങ്ങളും നിയമത്തിൽനിന്നും പ്രവചനങ്ങളിൽ നിന്നുമുള്ള വായനകളും ഇവയെ സംബന്ധിച്ച പ്രബോധനങ്ങളും പ്രാർത്ഥനകളും വഴി യഹൂദർ യഹോവയോട് ചേർന്ന് യാത്ര ചെയ്തു. ഈ അർത്ഥത്തിൽ പ്രാർത്ഥനയ്ക്കായി സിനഗോഗിൽ ഒരുമിച്ച് കൂടിയതും സിനഡാത്മകതയാണ്.

ആദിമ സഭയിൽ സ്നാനാർത്ഥികളുടെ വി.കുർബാനയെന്ന് വിശേഷിപ്പിക്കുന്ന (pre-anaphora) വചനപ്രഘോഷണത്തിന്റെ ശുശ്രൂഷയെ സിനഡ് എന്നാണ വിളിച്ചിരുന്നത്. യഹൂദരന്മാരുടെ സിനഗോഗ് ആരാധനയുടെ തുടർച്ചയായിട്ടാണ് ഇത് രൂപം പ്രാപിച്ചത്. (Alexander Schmemann, *Introduction to Liturgical Theology*, (1996) 64-68) പ്രാർത്ഥനയുടെയും, ധ്യാനത്തിന്റെയും ആത്മീയാനുഭവങ്ങളിൽ ദൈവത്തെ അറിയുന്നവർക്കു മാത്രമെ ദൈവത്തോട് ചേർന്ന് യാത്ര ചെയ്യാൻ കഴിയുകയുള്ളൂ എന്ന് ഇത് സൂചിപ്പിക്കുന്നു. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതുവരെ സെഹിയോൻ മാളികയിൽ പ്രാർത്ഥനയിൽ ചിലവഴിക്കാനാവശ്യപ്പെട്ട യേശു അപ്പസ്തോലന്മാരോട് ആവശ്യപ്പെട്ടതും ദൈവസംസർഗ്ഗത്തിന്റെ പ്രാർത്ഥനാനുഭവത്തിൽ ആയിരിക്കുവാനാണ്. ഉത്ഥിതനായ യേശു എമ്മാവൂസിലും, കടൽതീരത്തും, വി.കുർബാനയാകുന്ന അപ്പം പകർന്നു നല്കിയതിലൂടെയും യേശുവിനോട് ചേർന്നു നടക്കാനുള്ള സന്ദേശമാണ് നൽകുന്നത്. സമർപ്പിത ജീവിതത്തിൽ നാം അനുവർത്തിക്കേണ്ട ആത്മീയ ജീവിതത്തെക്കുറിച്ച് ചിന്തിക്കുവാൻ ഇത് നമ്മെ പ്രേരിപ്പിക്കുന്നു.

സഭയോടുള്ള ബന്ധവും നാം ഗൗരവമായി കാണണം. ഉത്ഥാനത്തിന്റെ അനുഭവത്തിൽ സുവിശേഷ പ്രഘോഷണത്തിനിറങ്ങിയ അപ്പസ്തോലന്മാർ തങ്ങളുടെ പ്രവർത്തനശൈലി ക്രമപ്പെടുത്തുന്നതിനായി ജറുസലേമിൽ ഒരുമിച്ചുകൂടി (Acts 15). സഭയുടെ ശുശ്രൂഷയിൽ ഉൾച്ചേർന്നിരിക്കുന്ന നമ്മളും സഭാനേതൃത്വവുമായുള്ള ബന്ധത്തിലൂടെ ഒരുമിച്ചു പോകുവാൻ കടപ്പെട്ടിരിക്കുന്നു. സമൂഹാംഗങ്ങൾ തമ്മിലുള്ള കൂട്ടായ്മയെ ശക്തിപ്പെടുത്തുന്നതോടൊപ്പം സഭാ നേതൃത്വവുമായുള്ള ബന്ധത്തെ ബലപ്പെടുത്താൻ നാം കടപ്പെട്ടിരിക്കുന്നു. നമ്മുടെ ഓരോ ആശ്രമവും ഏത് രൂപതയിൽ പ്രവർത്തിക്കുന്നുവോ, ആ രൂപതാദ്ധ്യക്ഷനുമായി ബന്ധപ്പെട്ടു പ്രവർത്തിണം. അതോടൊപ്പം നമ്മുടെ ആശ്രമം സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിലെ വൈദികരും സമർപ്പിതരും വിശ്വാസി സമൂഹവുമായിട്ടുള്ള ബന്ധവും ഗൗരവതരമായി കാണണം. ബഥാന്യൻ ചൈതന്യത്തെ അവരുമായി പങ്കുവയ്ക്കുന്നതിനുള്ള ഒരവസരം കൂടിയാണ് ഇത്തരം കൂട്ടായ്മകൾ.

ബഥനിയെ സ്നേഹിക്കുകയും ബഥനിയോട് ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുന്ന അല്മായ സഹോദരങ്ങളുടെ കൂടി വരവുകൾ ആശ്രമങ്ങളിൽ ക്രമപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും. ബഥാന്യൻ ചൈതന്യം അല്മായ സഹോദരങ്ങളിലൂടെ സഭയിലേക്ക് സന്നിവേശിപ്പിക്കുവാൻ ഇത്തരം കൂടിവരവുകൾ സഹായകമാകും. നമ്മുടെ സ്ഥാപനങ്ങളോട് ചേർന്ന് എല്ലാ ജാതി മത വിഭാഗത്തിൽപ്പെട്ടവരെയും ഒന്നിച്ചുകൂട്ടുവാൻ കഴിയുന്ന വേദികൾ ഉണ്ടാക്കുന്നതിനും നാം ശ്രദ്ധിക്കണം. അങ്ങനെ കൂട്ടായ്മയിലൂടെയും പങ്കാളിത്തത്തിലൂടെയും പ്രേഷിത ശുശ്രൂഷകളെ സജീവമാക്കാനുള്ള സഭയുടെ ശ്രമങ്ങളോട് ചേർന്നു പ്രവർത്തിക്കുവാൻ ഈ ഉയിർപ്പുകാലം പ്രയോജനപ്പെടുത്താം.

വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന വില്യം നെടുമ്പുറത്ത്, ഇഗ്നേഷ്യസ് കടിയംകുന്നിൽ, അൽഫോൺസ് പൗവ്വത്ത് എന്നിവർ കഴിഞ്ഞ 50 വർഷം ബഥനി ആശ്രമസ്ഥർ എന്ന നിലയിൽ നല്കിയ വലിയ സാക്ഷ്യങ്ങളെ നന്ദിപൂർവ്വം ഓർക്കുന്നു. ഇവർ മൂന്നുപേരെയും അനുസ്മരിക്കുമ്പോൾ ഇവരിൽ പ്രകടമായ കൂട്ടായ്മയുടെ സാക്ഷ്യത്തെ പ്രത്യേകമായി അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. മൂന്നുപേരും തങ്ങളുടെ വ്യക്തിപരമായ അഭിപ്രായങ്ങളെ പൊതുസമക്ഷം അവതരിപ്പിക്കുവാൻ ആർജ്ജവത്തം ഉള്ളവരാണ്. അതേസമയം തന്നെ സഭയുടേയും സമൂഹത്തിന്റെയും അടിസ്ഥാന ദർശനങ്ങളുടെ അതിർവരമ്പ് മുറിയാതിരിക്കുവാനുള്ള ജാഗ്രതയും എക്കാലവും പ്രകടിപ്പിച്ചിരുന്നു. വ്യക്തിപരമായ അഭിപ്രായങ്ങൾ ഉചിതമായ വേദികളിൽ പറയുന്നതിനും സമൂഹത്തിന്റെ ബോധമനുസരിച്ച് ജീവിക്കുന്നതിനും ഇവർ കാണിച്ചുതന്നിട്ടുള്ള മാതൃകയെ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. വ്രതവാഗ്ദാനത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ജോസഫ് അഞ്ചേരിൽ അച്ചനും വ്യതിരിക്തകൾ കാത്തുസൂക്ഷിക്കുന്നതോടൊപ്പം സമൂഹത്തോടു ചേർന്ന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തിത്വമാണ്. വ്രതവാഗ്ദാന ജൂബിലി ആഘോഷിക്കുന്ന നാലു സഹോദരങ്ങൾക്കും എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

എല്ലാവർക്കും ഉയിർപ്പിന്റെ മംഗളങ്ങൾ ഹൃദയപൂർവ്വം ആശംസിക്കുന്നു. ഉത്ഥിതനായ യേശു പകർന്നുതന്ന സമാധാനത്തിന്റെയും പ്രത്യാശയുടെയും ചിന്തകൾ നമ്മെ ശക്തിപ്പെടുത്തട്ടെ.

# സന്ന്യാസസമർപ്പണപാതയിൽ അനുഗ്രഹസമ്പൂർണ്ണമായ അൻപതുവർഷങ്ങൾ

**ഫാ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി**
**പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജീവൻ പ്രോവിൻസ്**

ഉപവാസത്താലും പരിത്യാഗത്താലും പ്രാർത്ഥനാനുഷ്ഠാനങ്ങളാലും ഉപവി പ്രവർത്തനങ്ങളാലും പുണ്യപ്പെട്ട വലിയ നോമ്പിനു ശേഷം, കർത്താവിന്റെ പീഠാസഹനത്തിന്റെയും ക്രൂശാരോഹണതിന്റെയും പാവന സ്മരണകളാൽ വിശുദ്ധീകരിക്കപ്പെട്ട്, ഉദ്ധാനത്തിന്റെ സന്തോഷ നിമിഷങ്ങളിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. നമ്മുടെ കർത്താവിന്റെ ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും പ്രാർത്ഥനാപൂർവ്വം നേരുന്നു.

ദൈവസ്നേഹത്താൽ പ്രചോദിതരായി സഭയ്ക്കും സമൂഹത്തിനുമായി നിസ്വാർത്ഥ സേവനം ചെയ്യുവാൻ, ബഥനി സമൂഹത്തിലൂടെ സന്ന്യാസ സമർപ്പണ ജീവിതയാത്ര തുടരുന്ന ബഹുമാനപ്പെട്ട വില്യമച്ചനും ഇഗ്നേഷ്യസച്ചനും അൽഫോൻസച്ചനും ജൂബിലിയുടെ സുവർണ്ണ നിറവിലും ജോസഫ് അഞ്ചേരിൽ അച്ചൻ രജതനിറവിലുമാണ്. ഈ നാലു സന്ന്യാസ വൈദികരും തങ്ങളുടെ പ്രഥമ സന്ന്യാസ സമർപ്പണത്തിന്റെ അനുഗ്രഹസമ്പൂർണ്ണമായ അമ്പത്/ഇരുപത്തഞ്ച് വർഷങ്ങൾ പൂർത്തിയാക്കുന്നു. നടന്നു നീങ്ങിയ വഴികളും കണ്ടുമുട്ടിയ വ്യക്തികളും അഭിമുഖീകരിച്ച സംഭവങ്ങളും പകർന്നു നൽകിയ ജീവിതപാഠങ്ങളിലൂടെ, സ്വയം വിശുദ്ധീകരണത്തിന്റെയും സഭാ-സാമൂഹ്യ സേവനങ്ങളുടെയും നിറവിൽ, ബഥനി ആശ്രമ ചൈതന്യത്തിൽ ജീവിക്കുവാൻ ഈ നാലു വൈദിക സഹോദരങ്ങൾക്കും സാധിക്കുന്നതിൽ നമുക്കഭിമാനിക്കാം. ഇന്നയോളം വഴിനടത്തി, തങ്ങളുടെ സമർപ്പണ ജീവിതത്തെ സമ്പന്നമാക്കിയ പരമകാരുണ്യവാന്റെ കൃപയിലാശ്രയിച്ചുകൊണ്ട് ജീവിത പ്രയാണം തുടരുന്ന വില്യമച്ചനും ഇഗ്നേഷ്യസച്ചനും അൽഫോൻസച്ചനും അഞ്ചേരിയിലച്ചനും ജൂബിലിയുടെ മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

വിശുദ്ധ പൗലോസ് ശ്ലീഹായുടെ തീഷ്ണതയോടെ, ഇന്ന് നാം കാണുന്ന പല രൂപതകളുടെയും, ചെന്നെത്താൻ ബുദ്ധിമുട്ടുണ്ടായിരുന്ന മേഖലകളിൽ മിഷൻ പ്രവർത്തനങ്ങളിലേർപ്പെട്ട്, ആടുകളുടെ ഗന്ധമുള്ള ഇടയരാകുവാനും സമൂഹത്തിന്റെ വിദ്യാഭ്യാസ മേഖലകളിലൂടെ അനേക ജന്മങ്ങൾക്ക് ജീവിത ദർശനം നൽകുവാനും ആഴമേറിയ ദൈവചിന്തകളാൽ വചന പ്രഘോഷണ വേദികളെ സമ്പന്നമാക്കാനും ബഥനിയുടെ ഈ സന്ന്യാസവര്യർക്കു സാധിക്കുന്നതിൽ ദൈവത്തിനു നന്ദിയർപ്പിക്കാം. ദൈവവിളിക്കുള്ളിലെ പ്രത്യേക വിളികളെ തിരിച്ചറിഞ്ഞ് സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്കായ് വിവിധ അപ്പോസ്തോലിക പ്രവർത്തന മേഖലകളിൽ സമൂഹത്തോടു ചേർന്നു നിൽക്കുന്ന ഈ സഹോദരങ്ങളെ ഹൃദയത്തിന്റെ ഭാഷയിൽ അഭിനന്ദിക്കാം.

സന്തോഷത്തിന്റെ നിമിഷങ്ങളിലും ഹൃദയനൊമ്പരങ്ങളുടെ വേളകളിലും നിർവികാരതയുടെ നിശബ്ദ ദിനങ്ങളിലും, ഉള്ളിലെ അദൃശ്യശക്തിയുടെ, ശരിതെറ്റുകളുടെയും നന്മതിന്മകളുടെയും പരിധികളുടെ വിവേചന സ്വരം ഇവർ ശ്രവിച്ചിട്ടുണ്ടാവാം; ദൈവമനുഷ്യബന്ധങ്ങളുടെ പൊതുബോധമുള്ള, സ്വയാവബോധമുള്ള എല്ലാ ജന്മങ്ങളും അങ്ങനെയാണ്. സുഖദുഖ

ങ്ങളുടെ സ്ഥിരമായ സ്ഥായീഭാവം ജീവിതത്തിൽ ഒരിക്കലുമുണ്ടാകില്ലെന്ന സത്യം സന്ന്യാസത്തിലുമുണ്ടെന്ന് തിരിച്ചറിയാൻ ജീവിതഗന്ധിയായ ഓരോ സംഭവങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നു. അനേകരുടെ കാരുണ്യമാണ് ഞാനെന്ന ജീവിതമെന്നു തിരിച്ചറിയാൻ സന്ന്യാസമുൾപ്പെടെയുള്ള എല്ലാ ജീവിത പന്ഥാവുകളും അനുദിനം നമ്മെ ക്ഷണിക്കുന്നുണ്ട്. ഈ നാലു സന്ന്യാസ ശ്രേഷ്ഠരും, മറ്റാരും പകർത്താത്ത, എന്നാൽ തങ്ങൾക്കു മാത്രം സ്വന്തമായ തിരിച്ചറിവുകളുടെ ചില അനുപമ മുഹൂർത്തങ്ങളുടെ ഓർമ്മക്കുറിപ്പുകൾ നമ്മോടു പങ്കുവയ്ക്കുന്നുണ്ട്.

## വില്യം നെടുമ്പുറത്തച്ചൻ

WmN എന്ന ചുരുക്കപ്പേരോടെ ആത്മഗതം, അവന്റെ മനസ്സ്, കൈത്തിരി തുടങ്ങിയ ശീർഷകങ്ങളിൽ, വാട്ട്സ്ആപ്പ് ഉൾപ്പെടെയുള്ള ആധുനിക സാമൂഹ്യ മാധ്യമങ്ങളിൽ, തിരുവചനത്തെയും ചുറ്റുപാടുകളുടെ സ്പന്ദനങ്ങളെയും കൂട്ടിയിണക്കി ധ്യാനാത്മക ചിന്തകൾ പങ്കുവയ്ക്കുന്ന വില്യമച്ചൻ ജൂബിലിയുടെ നിറവിലാണ്. അദ്ദേഹത്തിന്റെ തൂലികയിൽ പിറക്കുന്ന ഈ മാധ്യമ-വചനസംവാദം 500 എപ്പിസോഡുകൾ പൂർത്തിയാക്കി കഴിഞ്ഞു. മാധ്യമ-വചനസംവാദതൂലികക്ക് പിന്നിലെ അൻപതു വർഷങ്ങളുടെ പ്രയാണം ബഥനിയിലായിരുന്നു എന്നുള്ളത് ദൈവനിശ്ചയം.

അടൂർ ദേശത്ത് തുവയൂർ ഗ്രാമത്തിൽ നെടുമ്പുറത്ത് കുടുംബത്തിൽ ജനിച്ച ഐസക് എന്ന് മാമോദീസ നാമം സ്വീകരിച്ച വില്യമച്ചനെ ജോയി എന്നാണ് വാത്സല്യപൂർവ്വം മാതാപിതാക്കളും കുടുംബാംഗങ്ങളും വിളിച്ചിരുന്നത്. ഉണ്ണൂണ്ണി-മറിയാമ്മ ദമ്പതികളുടെ മകനായ വില്യമച്ചന്റെ സഹോദരങ്ങളാണ് ജോൺ, ജോർജ്ജ്, എബ്രഹാം, സാമുവേൽ, കുഞ്ഞമ്മ, മേരി, തങ്കമ്മ എന്നിവർ.

ബഥനിയിലെ അർത്ഥികളുടെ രൂപീകരണത്തിലൂടെയും ബഥനിയുടെ വിദ്യാഭ്യാസ ശുശ്രൂഷയിലെ സജീവ സാന്നിധ്യത്തിലൂടെയും അനേകർക്ക് ജീവിത ദർശനം പകർന്നു നൽകിയ ബഹുമാനപ്പെട്ട വില്ല്യമച്ചൻ 2015-2018 കാലയളവിൽ ബഥനി നവജ്യോതി പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ എന്ന നിലയിലും ഭരണസമിതിയുടെ ഭാഗമായും സമൂഹത്തിന്റെ വളർച്ചയിൽ തനതായ പങ്കുവഹിച്ചിട്ടുണ്ട്. വിവിധ ഇടവകകളിൽ സേവനമനുഷ്ഠിച്ച നല്ല ഇടയനടുത്ത ജീവിതമാതൃക നൽകിയ ബഹുമാനപ്പെട്ട അച്ചൻ ഒരു നല്ല ധ്യാനഗുരുവും സുവിശേഷ പ്രാസംഗികനുമാണ്. 1968 ജൂൺ മാസം പന്ത്രണ്ടാം തീയതി കറ്റാനം ബഥനി ആശ്രമത്തിൽ അർത്ഥിയായി പ്രവേശിച്ച ജോയി എന്ന വില്യമച്ചൻ സന്ന്യാസ ജീവിതസമർപ്പണത്തിന്റെ പാതയിൽ അൻപതു വർഷങ്ങൾ പൂർത്തിയാക്കുമ്പോൾ, അദ്ദേഹത്തോടൊപ്പം ചേർന്ന് ദൈവ സന്നിധിയിൽ നന്ദി അർപ്പിക്കാം; പ്രിയപ്പെട്ട വില്യമച്ചന് സ്നേഹപൂർവ്വം ജൂബിലി മംഗളങ്ങൾ നേരാം.

## ഇഗ്നേഷ്യസ് ലയോള കടിയൻകുന്നിലച്ചൻ

അയിരൂർ ദേശത്തെ കടിയൻകുന്നിൽ കുടുംബത്തിൽ, ജോൺ-ശോശാമ്മ ദമ്പതികളുടെ മകനായി പിറന്ന ജോർജ് എന്ന ഇഗ്നേഷ്യസ് ലയോള അച്ചന്റെ സഹോദരങ്ങളാണ് മേരി ജോൺ, കെ. ജെ. തോമസ്, കെ. ജെ. ജെയിംസ്, ജോസഫ് ജോൺ എന്നിവർ. 1970-ൽ തിരുവല്ല ബഥനി ആശ്രമത്തിൽ അർത്ഥിയായി പ്രവേശിച്ച കടിയൻകുന്നിൽ ജോർജ് എന്ന ബാലൻ ബഥനി സമൂഹത്തിനു പ്രിയപ്പെട്ട ഇഗ്നേഷ്യസച്ചനാണ്. ഇഗ്നേഷ്യസ് ലയോള കടിയൻകുന്നിൽ എന്ന വൈദീകനെ സ്നേഹപൂർവ്വം നാം ഓർക്കുന്നത് കൊച്ചിഗ്നേഷ്യസച്ചൻ എന്ന വിളിപ്പേരിലാണ്. ഇഗ്നേഷ്യ

സ് തങ്ങളത്തിലച്ചന്റെ ജേഷ്ഠസ്ഥാനം, ഇഗ്നേഷ്യസ് ലയോള അച്ചനെ കൊച്ചിഗ്നേഷ്യസ് എന്ന വാത്സല്യ വിളിപ്പേരിനുടമയാക്കി.

തീക്ഷ്ണതയേറിയ മിഷനറിയും സ്നേഹമുള്ള റെക്ടറും നല്ല അധ്യാപകനുമായിരുന്ന ബഹുമാനപ്പെട്ട ഇഗ്നേഷ്യസച്ചൻ സന്ന്യാസജീവിത പന്ഥാവിൽ അൻപതു വർഷങ്ങൾ പൂർത്തിയാക്കുന്ന ഈ വേളയിൽ, ഹൃദയപൂർവ്വം പ്രാർത്ഥനാമംഗളങ്ങൾ നേരുന്നു. ബഹുമാനപ്പെട്ട വില്യമച്ചനെപോലെ, ഇഗ്നേഷ്യസച്ചനും വിദ്യാഭ്യാസ മേഖലയിലെ ദീർഘകാലത്തെ സേവനങ്ങളാൽ സമ്പന്നമായ ഒരു ശിഷ്യസമൂഹത്തിനുടമയാണ്. പ്രകൃതിസ്നേഹിയായ ഇഗ്നേഷ്യസച്ചൻ നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററിന്റെ ഡയറക്ടർ ആയിസേവനം ചെയ്യുന്ന അവസരത്തിൽ കാടിറങ്ങി വന്നിരുന്ന കാട്ടാനക്കൂട്ടത്തിനും പക്ഷിമൃഗാദികൾക്കും പ്രിയപ്പെട്ടവനായിരുന്നു. 'അപ്പു' എന്ന വിളിപ്പേരുള്ള കാട്ടാനയുടെ കഥ നാം മറന്നിട്ടുണ്ടാവില്ല.

ഫ്രാൻസിസ് മാർപാപ്പ പ്രസിദ്ധീകരിച്ച 'കർത്താവെ അങ്ങേക്കു സ്തുതി' (*Laudato Si*) എന്ന ചാക്രീക ലേഖനത്തിന്റെ ചിന്താദിശയോടു ചേർന്നു നിന്നു കൊണ്ട്, പ്രകൃതിയോടു ബന്ധപ്പെട്ട, ശാസ്ത്രീയമായി വളരെ പ്രധാന്യ മർഹിക്കുന്ന അഞ്ചു ഗ്രന്ഥങ്ങളുടെ പണിപ്പുരയിലാണ് ബഹുമാനപ്പെട്ട ഇഗ്നേഷ്യസച്ചൻ. Introduction to Ecology, Dams and Environment, Eco Spirituality എന്നീ മൂന്നു ഗ്രന്ഥങ്ങൾ പ്രസിദ്ധീകരണത്തിന് തയ്യാറായിട്ടുണ്ട്. പ്രകൃതിയെ സംബന്ധിച്ച പഠനവും പ്രകൃതിയോടുള്ള സ്വതസിദ്ധമായ അഭിനിവേശവും ജീവിതമെന്ന തുറന്ന പുസ്തകം പകർന്നു നൽകിയ തിരിച്ചറിവുകളും ചേർന്ന് പിറവിയെടുക്കുന്നതാണ് ഈ ഗ്രന്ഥങ്ങൾ. ജൂബിലി നിറവിലായിരിക്കുന്ന ബഹുമാനപ്പെട്ട ഇഗ്നേഷ്യസച്ചന് തന്റെ സന്ന്യാസ വഴികളിൽ കൂടുതൽ ദൈവാനുഗ്രഹങ്ങൾ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## അൽഫോൻസ് പൗവ്വത്തച്ചൻ

1970 മെയ് മാസം പതിനെട്ടാം തീയതി തിരുവല്ല ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേർന്ന സക്കറിയ, ദൈവജനത്തിന് പ്രിയപ്പെട്ട അൽഫോൻസച്ചനായി, ഒരു നല്ല മിഷനറിയായി, സൗത്ത് കർണാടകയിലും കല്ലാറിലും ബത്തേരിയിലും കാനഡയിലുമായി ദീർഘകാലം സേവനം അനുഷ്ഠിച്ചു.

പ്രായഭേദമന്യേ എല്ലാവരോടും വളരെവേഗം സൗഹൃദം കൂടുന്ന നല്ല ഇടയനായ അൽഫോൻസച്ചൻ, സന്ന്യാസ സമർപ്പണത്തിന്റെ അനുഗ്രഹ പൂർണ്ണമായ അൻപതു വർഷങ്ങൾ പൂർത്തിയാക്കുന്ന ഈ വേളയിൽ ഹൃദയപൂർവ്വം പ്രാർത്ഥനാശംസകൾ നേരുന്നു. തുടർയാത്രകളെ അനുഗ്രഹ പൂർണമാക്കാൻ ആയുസ്സും ആരോഗ്യവും നിറഞ്ഞ നല്ല നാളുകൾ ആശംസിക്കുന്നു.

പൗവ്വത്ത് കുടുംബത്തിലെ സക്കറിയ എന്ന ബാലന്റെ മാതാപിതാക്കൾ ജോഷാ മറിയാമ്മ ദമ്പതികൾ ആണ്. ചാൾസ്, രാജൻ, എലിസബത്ത് എന്നിവർ സഹോദരങ്ങളാണ്. ഹാസ്യാത്മക രീതിയിൽ എന്തിനെയും ആരോഗ്യപരമായ വിമർശനത്തിന് വിഷയമാക്കുന്ന സരസമായ സംസാരശൈലിക്കുടമയായ അൽഫോൻസച്ചൻ, എക്കാലവും യുവത്വം കാത്തു സൂക്ഷിക്കാൻ ആഗ്രഹിക്കുന്ന വ്യക്തിത്വത്തിനുടമയാണ്. ആവേശപൂർണ്ണമായ തബല വായനയും ഇരുചക്രവാഹനത്തിലെ ദീർഘദൂര സഞ്ചാരങ്ങളും ചടുലമായ സംസാരശൈലിയും ഈ വാദത്തെ ബലപ്പെടുത്തുന്നു. ദൈവസ്നേഹത്തിന്റെയും ദൈവകരുണയുടെയും സുവിശേഷം അനേക

രിലേക്ക് പകർന്നു നൽകാനും ബഥനിയുടെ സജീവ സാന്നിധ്യമാക്കാനും ദീർഘായുസ്സും ആരോഗ്യവും നൽകി, ദൈവം അങ്ങയെ തുടർന്നും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## ജോസഫ് അഞ്ചേരിൽ അച്ചൻ

ബഥനിയിലെ യുവവൈദികർക്ക് ഇടയിൽ ലാളിത്യത്തിന്റെ പ്രത്യേക ശൈലി ജീവിതത്തിൽ പ്രകാശിപ്പിക്കുന്ന വ്യക്തിയാണ് ജോസഫ് അഞ്ചേരിൽ അച്ചൻ. 1995-ൽ തിരുവല്ലാ ബഥനി ആശ്രമത്തിലേക്ക് അർത്ഥിയായി കടന്നുവന്ന ജോസഫ് 1996-1997 വർഷത്തിൽ ആലുവ അശോകപുരം ബഥനി ആശ്രമത്തിൽ നോവിഷ്യേറ്റ് പൂർത്തിയാക്കുകയും 1997 ജൂൺ മാസം 14-ാം തീയതി അച്ചന്റെ ആദ്യവ്രതവാഗ്ദനം നടത്തുകയും ചെയ്തു. അതിനുശേഷം തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിൽ ഗണിത ശാസ്ത്രത്തിൽ ബിരുദവും പൂനെ ജെ.ഡി.വി.യിൽ നിന്ന് തത്വശാസ്ത്രവും ദൈവശാസ്ത്രവും പൂർത്തിയാക്കി 2006 നവംബർ മാസം 20-ാം തീയതി മൈലപ്രാ മൗണ്ട് ബഥനി ആശ്രമത്തിൽവച്ച് വന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ തൃക്കൈയ്യാൽ ബഥനി സന്ന്യാസി സമൂഹത്തിനുവേണ്ടി വൈദികപട്ടം സ്വീകരിച്ചു. 2006-2009 തിരുവല്ലാ ആശ്രമാംഗമായിരുന്ന അഞ്ചേരിൽ അച്ചൻ പാണ്ടനാട് ഇടവകയുടെ ചുമതലയും അർത്ഥികളുടെ ആദ്ധ്യാത്മിക പിതാവായും സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സെക്രട്ടറിയായും വൃദ്ധസദനത്തിന്റെ ഡയറക്ടറായും ബുക്സ് സെന്ററിന്റെ മാനേജരായും സേവനം അനുഷ്ഠിച്ചു. അതിനുശേഷം ഒരു വർഷം എത്യോപ്യയിൽ പ്രേഷിത പ്രവർത്തനത്തിനായി അഞ്ചേരിൽ അച്ചൻ നിയോഗിക്കപ്പെട്ടു. എത്യോപ്യയിൽ നിന്നും തിരികെ വന്ന അഞ്ചേരിൽ അച്ചൻ കോട്ടയം ജനറലേറ്റ് ആശ്രമത്തിൽ മൂന്നുവർഷം സെക്രട്ടറി ജനറലായി സേവനം അനുഷ്ഠിക്കുകയും, ശേഷം ഉപരിപഠനത്തിനായി റോമിലെ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് പോവുകയും ചെയ്തു. റോമിൽ നിന്നും തിരികെ വന്ന അഞ്ചേരിൽ അച്ചൻ കലേവാഡി ആശ്രമത്തിൽ നിയമിതനാവുകയും 2018-ൽ ഏഴാമത് നവജ്യോതി പ്രൊവിൻഷ്യൽ സിനാക്സിസ് അച്ചനെ പ്രൊവിൻഷ്യൽ പ്രൊക്യുറേറ്ററായി തിരഞ്ഞെടുക്കുകയും ചെയ്തു. 2021-ൽ പ്രേഷിത പ്രവർത്തനത്തിനായി സ്വന്തം താല്പര്യപ്രകാരം അദ്ദേഹം എത്യോപ്യയിൽ നിയോഗിക്കപ്പെട്ടു. ലളിതമായ ജീവിതവും പാവങ്ങളോടും ആലംബഹീനരോടും സഹാനുഭൂതിയും കാണിക്കുന്ന സ്വഭാവക്കാരനാണ് അഞ്ചേരിൽ അച്ചൻ. ഏല്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിനുള്ള കാർക്കശ്യം അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു. ഇനിയും ധാരാളം നന്മകൾ അച്ചനിലൂടെ ദൈവജനത്തിന് ലഭിക്കുവാനായി പ്രാർത്ഥിക്കുന്നു.

## ഉപസംഹാരം

അനേക തലമുറകളിലേക്ക് വിശ്വാസ ചൈതന്യം ഇടമുറിയാതെ പകർന്നു നൽകാൻ സ്വയം ജീവത്യാഗം ചെയ്തവരുടെ ശ്രേണിയിൽ ബഥനിയിൽ നിന്നുള്ള ബഹുമാനപ്പെട്ട വില്യം നെടുമ്പുറത്തച്ചനും ഇഗ്നേഷ്യസ് ലയോള കടിയൻകുന്നിലച്ചനും അൽഫോൻസ് പവ്വത്തച്ചനും ജോസഫ് അഞ്ചേരിലച്ചനും അഭിമാനപുരസരം തങ്ങളുടെ സന്ന്യാസ ജീവിതസാക്ഷ്യം തുടരുകയാണ്. മാതാപിതാക്കളിൽ നിന്ന് ലഭിച്ച വിശ്വാസ ജീവിതത്തിന്റെ ബാലപാഠങ്ങളും തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട വിശ്വാസ പൈതൃക സമ്പത്തും ഗുരുമുഖത്തുനിന്നും സ്വാംശീകരിച്ച ദൈവ-മനുഷ്യ ബന്ധത്തിന്റെ ഉൾക്കാഴ്ചകളും ഇഴചേർന്ന് രൂപപ്പെട്ടതാണ് ബഥനിയിലെ ഈ മൂന്നു വൈദികരുടെയും ജീവിതം. ബഥനിയിലൂടെ ലഭിച്ച സന്ന്യാസ സ്വത്തബോധം, തളർച്ചയിലും വളർച്ചയിലും ഉയർച്ചയിലും താഴ്ചയിലും കൈവിടാതെ, വിളിച്ചവനോടുള്ള വിശ്വസ്തതയിൽ കൂടുതൽ ശക്തിയോടെ കാത്തുസൂക്ഷിക്കാൻ ദൈവകൃപ ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

***

# സിനഡാത്മക സഭ

**ഫാ. ടൈറ്റസ് ജോൺ ചേരാവള്ളിൽ ഒ.ഐ.സി**

**ആമുഖം**

'സിനഡാത്മക സഭ' എന്ന വിഷയം ആഗോള സഭയിലാകമാനം ചർച്ച ചെയ്യപ്പെടുന്ന ഒരു കാലയളവിലൂടെയാണ് നാം കടന്നുപോകുന്നത്. പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പാ ഒക്ടോബർ 10, 2021–ൽ 'സിനഡാത്മക സഭ' എന്ന വിഷയത്തിൽ സഭയിലെ മെത്രാന്മാരുടെ 16 –ാ മത്തെ സാധാരണ പൊതുസഭാ സമ്മേളനം പ്രഖ്യാപിച്ചതോടെയാണ് ഈ വിഷയം സഭ യിലെ പ്രധാന ചർച്ചാവിഷയമായി തീർന്നത്. 16–ാമത്തെ സാധാരണ സിനഡിന്റെ വിഷയമായി സിനഡിനെ തന്നെ തിരഞ്ഞെടുത്തുകൊണ്ട് മാർപ്പാപ്പാ ഉദ്ബോധിപ്പിച്ചത് ഇപ്രകാരമാണ്; മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്നത് സിനഡാത്മകതയുടെ ഈ പാതയാണ് എന്നാണ്. സഭയുടെ ജീവിതത്തിനും ദൗത്യത്തിനും നിർണ്ണായകമായ പങ്കുള്ള ഈ വിഷയത്തെ പരിചയപ്പെടുത്താനാണ് ഈ ലേഖനത്തിലൂടെ പരിശ്രമിക്കുന്നത്.

## I. സിനഡാത്മകത

സിനഡാത്മകത എന്ന പദം സിനഡ് എന്ന പദത്തിൽ നിന്നുമാണ് ഉത്ഭവിച്ചത്. കൃത്യ മായ കാലയളവുകളിൽ സഭയുടെ നടത്തിപ്പിനാവശ്യമായ മാർക്ഷനിർദ്ദേശങ്ങൾ ആരായുവാ നായി റോമിൽ മാർപ്പാപ്പാ വിളിച്ചുകൂട്ടുന്ന മെത്രാന്മാരുടെ പൊതു സമ്മേളനത്തെയാണ് പൊതു വായി സിനഡ് എന്ന് വിളിച്ചിരുന്നത്. എന്നാൽ സിനഡ് എന്ന പദത്തിന്റെ കൃത്യമായ അർത്ഥം 'ഒരുമിച്ച് നടക്കൽ' എന്നാണ്. അതിനാൽതന്നെ സിനഡാത്മകത എന്ന പദത്തിന്റെ അർത്ഥം 'ഒരുമിച്ച് സഞ്ചരിക്കുക' എന്നാണ്. സിനാഡാത്മക സഭ എന്നാൽ 'ഒരുമിച്ച് യാത്ര ചെയ്യുന്ന' സഭാസമൂഹം എന്നാണ് അർത്ഥമാക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേ ഖകൾ സഭയെ ദൈവജനമായാണ് വിശേഷിപ്പിക്കുന്നത്. മാമോദീസ എന്ന കൂദാശയിലൂടെ ദൈവ വുമായി ഐക്യം പ്രാപിച്ച ദൈവജനം ദൈവത്തിങ്കലേക്ക് ഒരുമിച്ച് യാത്ര ചെയ്യുന്നു എന്നാണ് രണ്ടാം വത്തിക്കാൻ സുന്നഹദോസ് പഠിപ്പിച്ചത്. അതിനാൽതന്നെ 'സിനഡാത്മകത സഭ/ ഒന്നിച്ച് സഞ്ചരിക്കുന്ന ദൈവജനം' എന്ന സംജ്ഞ ഒരു പുതിയദർശനമായല്ല ഫ്രാൻസിസ് മാർപ്പാപ്പാ അവതരിപ്പിച്ചിരിക്കുന്നത്. പിന്നെയോ ആദിമ സഭ ജീവിച്ചതും, പിൽക്കാലത്ത് സഭയിൽ അന്യം നിന്നു പോയതും, രണ്ടാം വത്തിക്കാൻ സുനഹദോസ് സഭയുടെ നവീകരണത്തിനായി നിർദ്ദേ ശിച്ചതുമായ ഒരു ആശയമായിട്ടാണ് പരിശുദ്ധ പിതാവ് സിനാഡാത്മകത എന്ന വിഷയത്തെ നോക്കികാണുന്നത്. സിനഡാത്മകത എന്ന വിഷയത്തെ അധികരിച്ച് ചർച്ചകളും വിശകലന ങ്ങളും സഭയിൽ നടക്കുമ്പോൾ സഭ കടന്നുപോകുന്നത് രണ്ടാംവത്തിക്കാൻ സുന്നഹദോസ് വിഭാവനം ചെയ്ത ഒരു നവീകരണത്തിലേക്കാണ്. ഒരേ മനസ്സും ഒരേ ആത്മാവുമായി ആദിമ സഭാസമൂഹം ഒരു കൂട്ടായ്മയായി ദൈവത്തിങ്കലേക്ക് സഞ്ചരിച്ച അതേ ശൈലി തന്നെ മൂന്നാം സഹസ്രാബ്ദത്തിലെ സഭയും ആർജ്ജിച്ചെടുക്കാനുള്ള ആദ്യ ചവിട്ടുപടിയാണ് സിനഡാത്മക തയെക്കുറിച്ച് സഭയിൽ നടക്കുന്ന ചർച്ചകൾ.

## II. സിനഡാത്മക സഭ

ദൈവത്താൽ പ്രത്യേകമായി വിളിച്ചു വേർതിരിച്ച വ്യക്തികളുടെ കൂട്ടായ്മയാണ് സഭ. ദൈവം തങ്ങളെ പ്രത്യേകമായി വിളിച്ചു വേർതിരിച്ചു എന്ന വിശ്വാസികളുടെ ബോധ്യമാണ്

സഭയുടെ കൂട്ടായ്മയുടെ അടിസ്ഥാനം. ഈ ബോദ്ധ്യത്തിൽ നിലനിൽക്കുന്ന വിശ്വാസികൾ അവരെ വിളിച്ചു വേർതിരിച്ച ദൈവത്തിങ്കലേക്കാണ് തങ്ങൾ സഞ്ചരിക്കുന്നത് എന്ന് ഉത്തമ ബോദ്ധ്യമുള്ളവരാകും. അതിനാൽ സഭ എന്ന യാഥാർത്ഥ്യം അത്യന്തികമായി ഒരുമിച്ചുള്ള യാത്രയെ നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്ന ഒരനുഭവമാണ്. സഭ എന്ന പദവും സിനഡ് എന്ന പദവും ആദിമക്രൈസ്തവർ ഒരേ അർത്ഥത്തിൽ ഉപയോഗിച്ചിരുന്നതിന്റെ കാരണമിതാണ്. ഈ കാഴ്ചപ്പാടിൽ സിനഡാത്മകത എന്നത് സഭാപരമായ യോഗങ്ങൾക്കെല്ലാം ഉപരിയാണ്. അത് സഭയുടെ ഭരണ നടത്തിപ്പിന്റെ ഒരു ശൈലിയെ അല്ല പ്രതിനിധാനം ചെയ്യുന്നത്. പിന്നെയോ അത് ദൈവജനമായ സഭയുടെ പ്രത്യേക മായ ജീവിതരീതിയും ശൈലിയുമാണ്. സഭയെ ദൈവജനമായി മനസ്സിലാക്കുമ്പോൾ ആ യാഥാർത്ഥ്യത്തിന്റെ ബാഹ്യമായ ചടുലതയാർന്ന ബഹിർസ്ഫുരമാണ് സിനഡാത്മകത. ഇതിനാൽതന്നെ നാം ആയിരിക്കുന്ന സഭ സിനഡാത്മകമാണ്- ഒന്നിച്ചു ദൈവത്തിങ്കലേക്ക് സഞ്ചരിക്കുന്ന വിശ്വാസികളുടെ കൂട്ടായ്മാണ്. വി.മാമോദീസാ എന്ന കൂദാശയാൽ ദൈവവുമായി ഐക്യം പ്രാപിച്ചവനാണ് ഓരോവിശ്വാസിയും എന്ന വിശ്വാസമാണ് വിശ്വാസികളുടെ ഒന്നിച്ചുള്ള സഞ്ചാരത്തിന്റെ ചാലകശക്തി. ദൈവജനത്തിന്റെ വാക്കുകൾക്ക് സഭകാതോർക്കുന്നതും ഇവരുടെ ഈ വിശ്വാസബോധത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ വിശ്വാസത്തിലുള്ള പൊരുത്തം ദൈവത്തിങ്കലേക്ക് ഒരുമിച്ച് സഞ്ചരിക്കുന്നവരാണ് തങ്ങൾ എന്നുള്ള പൊതു അവബോധം വിശ്വാസിസമൂഹത്തിന് നൽകുന്നു എന്ന ഉത്തമ ബോദ്ധ്യമാണ് സഭയ്ക്കുള്ളത്. ഇതിനാലാണ് വിശ്വാസബോധത്തോടെ (Sensus fidei) ദൈവജനം ഒന്നിച്ച് സഞ്ചരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ അവർക്ക് തെറ്റ് പറ്റില്ല എന്ന് രണ്ടാം വത്തിക്കാൻ സുന്നഹദോസ് പഠിപ്പിക്കുന്നത് (LG12).

സിനഡാത്മക സഭ എന്ന ആശയവും അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ദൈവജനം ഒരുമിച്ച് ദൈവത്തിങ്കലേക്ക് സഞ്ചരിക്കുന്നത് താന്താങ്ങളുടെ വിശ്വാസബോധത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന ബോധ്യത്തിലാണ്. ജ്ഞാനസ്നാനത്തിൽ സ്വീകരിച്ച പരിശുദ്ധാത്മാവ് ഓരോ വിശ്വാസിയുടേയും ഉള്ളിൽ നിറയ്ക്കുന്നത് ദൈവവിശ്വാസത്തിന്റെ അടിസ്ഥാന ഭാവങ്ങളാണ് (1കോറോ 11:7-11). ഓരോ വ്യക്തിക്കും അവരവരുടെ കഴിവുകൾക്കനുസരിച്ച് ദൈവത്തിങ്കലേക്ക് വളരാനും, ദൈവത്തിങ്കലേക്ക് യാത്ര ചെയ്യാനുള്ള കഴിവും ശക്തിയുമാണ് ആത്മാവ് പ്രദാനം ചെയ്യുന്നത്. ആത്മാവിൽ നിന്ന് ലഭിക്കുന്ന ഈ വരദാനങ്ങളാണ് ഒരുവന്റെ വിശ്വാസബോധത്തിന്റെ അടിസ്ഥാനം. ഇപ്രകാരം ആത്മാവ് പ്രദാനം ചെയ്യുന്ന ശക്തിയാൽ വിശ്വാസബോദ്ധ്യത്തോടെ ഓരോ വിശ്വാസിയും ദൈവത്തിങ്കലേക്ക് വളരുകയും സഞ്ചരിക്കുകയുംചെയ്യുന്നു എന്ന ബോദ്ധ്യമാണ് സിനഡാത്മക സഭ/ ഒന്നിച്ചു സഞ്ചരിക്കുന്ന സഭ എന്ന ചിന്താധാരയിലൂടെ പരിശുദ്ധ മാർപ്പാപ്പാ സഭയുടെ ചിന്തയ്ക്കും വിചിന്തനത്തിനുമായി നൽകുന്നത്.

മെത്രാന്മാർ മുതൽ അല്മായവിശ്വാസികളിൽ അവസാന വ്യക്തിവരെ ആത്മാവിനാൽ പ്രചോദിതമായ ദൈവത്തിങ്കലേക്കുള്ള യാത്രയുടെ ഭാഗമാണ്. ആത്മാവിനാൽ പ്രചോദിതമായ ഈ യാത്രയുടെ പ്രത്യേകത, വിശ്വാസവും സന്മാർക്ഷവും സംബന്ധിച്ച കാര്യങ്ങളിൽ പൊതുവായ ഒരു ഐക്യം ഇവർ പുലർത്തേണ്ടതാണ് എന്ന വസ്തുതയാണ്. ഇപ്രകാരമുള്ള ഒരു ഐക്യം ഇവർ പുലർത്തുമ്പോഴാണ് വിശ്വാസത്തിൽ ചരിക്കുവാനുള്ള ആത്മാവിന്റെ പ്രത്യേകമായ വരം ലഭിച്ചവരാണ് തങ്ങൾ എന്ന സാക്ഷ്യം ഇവർ ലോകത്തിന് നൽകുന്നത്. ഈ സാക്ഷ്യമാണ് സഭയെ ലോകത്തിനു മുൻപിൽ വെളിപ്പെടുത്തുന്നതും.

സഭയുടെ സിനഡാത്മകശൈലി എന്ന ആശയം ധാരാളം ചോദ്യങ്ങൾ നമ്മുടെ മുമ്പിൽ ഉയർത്തുന്നുണ്ട്. സഭ മുഴുവന്റേയും വിശ്വാസത്തിന്റെ കാവൽക്കാരും വ്യാഖ്യതാക്കളും സാക്ഷികളുമായി ദൈവം നിയോഗിച്ച അജപാലകൻമാർ ദൈവജനമെന്ന പൊതുസംജ്ഞയുടെ കീഴിൽ വരികയും, ദൈവജനമാകുന്ന സഭ ഒന്നായി ദൈവത്തിങ്കലേക്ക് യാത്ര ചെയ്യുകയും ചെയ്യുന്നു എന്നു പറയുകയും ചെയ്യുമ്പോൾ അജപാലകരുടെ പ്രബോധന ചുമതല (Majesterial function) ഈ ഒരു യാത്രയെ എത്രത്തോളം സാധൂകരിക്കുന്നു എന്ന ന്യായമായ ചോദ്യം ഓരോ വിശ്വാസിയുടേയും മനസ്സിൽ ഉയരാൻ ഇടയുണ്ട്. സിനഡാത്മക പ്രക്രിയ നമ്മിൽ നിന്നും ആവശ്യപ്പെടുന്നത് പങ്കാളിത്വപരമായ ഒരു ദൗത്യ നിർവ്വഹണമാണ്. ദാനങ്ങളിലും ദൗത്യങ്ങളിലും വ്യത്യസ്തത പുലർത്തുമ്പോഴും ഒന്നായുള്ള യാത്രയുടെ ലക്ഷ്യം ദൈവത്തിങ്കലേക്ക് എത്തിച്ചേരുക എന്നുള്ളതാണെന്നും, നാം യാത്ര ചെയ്ത് എത്തേണ്ട ഇടമായ ദൈവത്തെ മറ്റുള്ളവന്റെ മുമ്പിൽ സാക്ഷ്യപെടുത്തുകയാണെന്നുമുള്ള പൊതുവായ ദൗത്യബോധമാണ് സഭയിലെ വ്യത്യസ്ഥങ്ങളായ ദൗത്യങ്ങളെ പങ്കാളിത്വമനോഭാവത്തോടെ ഉൾക്കൊള്ളാൻ നമ്മെ സഹായിക്കുന്നത്. സഭയിലെ ഓരോ വ്യക്തികളും തങ്ങളുടെ വിശ്വാസബോധം ജീവിക്കാൻ പരിശ്രമിക്കുമ്പോഴും വ്യത്യസ്തങ്ങളായ ദൗത്യങ്ങളിലൂടെ ഒരുമിച്ചുള്ള യാത്രയെ പുഷ്ടിപ്പെടുത്തുവാനുമാണ് പരിശ്രമിക്കുന്നത്. സഭയായി നമ്മുടെ ഒരുമിച്ചുള്ള ദൈവത്തിങ്കലേക്കുള്ള യാത്ര പൂർണ്ണത പ്രാപിക്കുന്നത് സഭയിലെ വ്യത്യസ്തമായ ദൗത്യ നിർവ്വഹണത്തിന്റെ ഫലദായകമായ കൂട്ടുകെട്ടിലാണ്. സിനഡൽ സഭ എന്ന ആശയം നമ്മിൽ ഉണർത്തുന്നത് ഈ ഒരു ബോദ്ധ്യമാണ്.

### III. സിനഡാത്മകതയിലെമൂന്നുപ്രധാന ആശയങ്ങൾ

ദൈവജനത്തിന്റെ ഒന്നിച്ചുള്ള സഞ്ചാരം വെളിപ്പെടുത്തുന്നത് കൂട്ടായ്മ (Communion) പങ്കാളിത്വം (Participaton), പ്രേഷിതദൗത്യം (Mission), എന്നീ മൂന്ന് ആശയങ്ങളാണ്. ഈ മൂന്ന് ആശയങ്ങളും പരസ്പരബന്ധിതമാണ്. ഇവ തമ്മിൽ ഒരു ശ്രേണീവ്യത്യാസമില്ല. പിന്നെയോ ഇവ ഒന്ന് ഒന്നിനെ പുഷ്ടിപ്പെടുത്തുകയും ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് നയിക്കുകയും ചെയ്യുന്നവയാണ്. ഈ ആശയങ്ങളുടെ ഒന്നിൽ നിന്നും മറ്റൊന്നിലേക്കുള്ള ക്രമാനുഗതമായ വളർച്ചയാണ് യഥാർത്ഥമായ സിനഡാത്മകതയിലേക്ക് സഭയെ നയിക്കുന്നത്. ദൈവത്താൽ വിളിച്ചുചേർക്കപ്പെട്ട ദൈവജനം, വ്യത്യസ്തമായ സ്വഭാവ, സംസ്കാര പശ്ചാത്തലത്തിൽ നിന്നുള്ളവരാണെങ്കിലും, ദൈവത്തിലുള്ള വിശ്വാസത്തിൽ ഒന്നിച്ചുചേർക്കപ്പെട്ടിരിക്കുന്ന ഒരു കൂട്ടായ്മയാണ്. ജ്ഞാനസ്നാനത്താൽ ഓരോവ്യക്തിയും ചേർക്കപ്പെടുന്നത് ഈ കൂട്ടായ്മയിലേക്കാണ്. ഓരോവ്യക്തിയും ഈ കൂട്ടായ്മയിലാണ് എന്ന ബോധ്യമാണ് ഒരുവന്റെ വിശ്വാസബോധം. ഈ വിശ്വാസബോധം അവനെ പ്രചോദിപ്പിക്കുന്നത് പരസ്പരം പങ്കുവച്ചുകൊണ്ടുള്ള ഒരു ജീവിതശൈലിയിലേക്കാണ്. ഈ പങ്കാളിത്വഭാവത്തിന്റെ ആത്യന്തികമായ ലക്ഷ്യം, തങ്ങളെ ദൈവത്തിങ്കലേക്ക് വിളിച്ചടുപ്പിച്ച്, ദൈവത്തിങ്കലേക്ക് യാത്ര തുടരാൻ ദൗത്യം ഭരമേൽപിച്ച ദൈവത്തെ മറ്റുള്ളവരുടെ മുൻപിൽ സാക്ഷ്യപ്പെടുത്തുകയും, അവരെക്കൂടി ദൈവത്തിങ്കലേക്ക് എത്തിക്കുകയും ചെയ്യുക എന്നുള്ളതാണ്. ഇതിനാൽതന്നെ സിനഡാത്മകത ദൈവത്തിൽ ഒന്നായിരിക്കുന്ന ഒരു കൂട്ടായ്മ, പങ്കാളിത്വ മനോഭാവത്തോടെ സുവിശേഷവത്കരണം എന്ന പൊതുവായ ദൗത്യം പൂർത്തിയാക്കാൻ നടത്തുന്ന ഒരു സഭാത്മക പ്രക്രിയയാണ്. ഈ പരിശ്രമം സഭയെയും അതിന്റെ ഘടനയേയും അതിന്റെ ദൗത്യത്തെയുമാണ് ലോകത്തിന്റെ മുൻപിൽ വെളിപ്പെടുത്തുന്നത്.

## IV. സിനഡാത്മകത പ്രവർത്തിപഥത്തിൽ

സഭയുടെ സ്വഭാവത്തെ വെളിപ്പെടുത്തുന്ന സിനഡാത്മകത എന്ന ഭാവം വ്യത്യസ്തമായ മൂന്നു തലങ്ങളിലൂടെയാണ് സഭാത്മകജീവിതത്തിൽ പ്രാവർത്തികമാക്കപ്പെടുന്നത്. ഒന്നാമതായി, സിനാഡാത്മകത, സഭയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ നിലനിൽക്കുന്ന, ദൈവജനമെന്ന നിലയിൽ സഭയുടെ സ്വഭാവത്തെ മുഴുവനായി പ്രതിഫലിപ്പിക്കുന്ന ഒരു ശൈലിയായിട്ടാണ് സഭയിൽ നിലനിൽക്കുന്നത്. സഭയിലെ വൈവിധ്യമാർന്ന ശുശ്രൂഷകളേയും സിദ്ധികളേയും കൂട്ടുത്തരവാദിത്വബോധത്തോടെ ഉൾകൊണ്ട് ദൈവജനം നടത്തുന്ന ഒരു സഞ്ചാരമാണ് ഇതിനാൽതന്നെ സിനഡാത്മകത. രണ്ടാമതായി, പരസ്പരമുള്ള ബന്ധത്തെ ഊട്ടിയുറപ്പിക്കാനായി സഭയിൽ നിലനിർത്തിയിരിക്കുന്ന സംഘടനകളിലൂടെയും സംവിധാനങ്ങളിലൂടെയും സഭയിൽ നിലനിൽക്കുന്ന ഒരു കൂട്ടുത്തരവാദിത്വശൈലിയിലൂടെയാണ് സിനഡാത്മകത സഭയിൽ നിലനിൽക്കുന്നത്. മൂന്നമാതായി, സഭയിൽ ദൈവശാസ്ത്രപരവും നൈയാമികവുമായ സംവിധാനങ്ങളിലൂടെ വിളിച്ചുചേർക്കപ്പെടുന്ന സിനഡുകളുടേയും, സുന്നഹദോസുകളുടേയും രൂപത്തിൽ സിനഡാത്മകശൈലി വെളിപ്പെടുത്തപ്പെടുന്നുണ്ട്.

ഏതൊക്കെ തലത്തിൽ സഭയിൽ സിനഡാത്മകത വെളിപ്പെട്ടാലും അവയ്ക്കെല്ലാം ഒരു വിവേചനാത്മകമായ വിലയിരുത്തൽ ആവശ്യമാണ്. കാരണം, സിനഡാത്മകത പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സഭയിൽ അനസ്യൂതം നിലനിൽക്കുന്ന ഒരു സഹകരണമാണ്. സഭയാകുന്ന കൂട്ടായ്മയെ നിലനിർത്തുന്ന, അതിന്റെ യാത്രയെ സുഗമമാക്കുന്നതിനുള്ള ഒരു മാർക്ഷമാണ്. ആത്മാവിനാൽ പ്രചോദിതമായ വിശ്വാസികളുടെ വിശ്വാസബോധത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ സഹകരണവും യാത്രയും നിലനിൽക്കുന്നത്. അതിനാൽ നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ജനാധിപത്യ തത്വങ്ങളുടെ പശ്ചാത്തലത്തിൽ സിനഡാത്മകതയെ വിലയിരുത്താൻ സാദ്ധ്യമല്ല. ഒരു ജനാധിപത്യ സംവിധാനത്തിൽ ഭൂരിപക്ഷ അഭിപ്രായങ്ങളുടെ പശ്ചാത്തലത്തിലാണ് തീരുമാനങ്ങൾ എടുക്കുന്നതും വിലയിരുത്തലുകൾ നടത്തപ്പെടുന്നതും. എന്നാൽ സിനഡാത്മക സഭ രൂപപ്പെടുന്നത് ആത്മാവിനാൽ നയിക്കപ്പെടുന്ന ഒരു കൂട്ടായ്മയിലാണ് എന്ന കാരണത്താൽ തന്നെ, ഈ കൂട്ടായ്മയിലെ അംഗങ്ങൾ ആത്മാവിനാൽ എത്രത്തോളം പ്രചോദിതമാണ് എന്ന വിവേചനമാണ് വിലയിരുത്തലുകളും തീരുമാനങ്ങളും എടുക്കപ്പെടുന്നതിന്റെ ആധാരം. ഇതിനാൽതന്നെ സഭാ കൂട്ടായ്മയിലെ ഓരോ വ്യക്തിയും തുല്യ പ്രധാന്യത്തോടെ പരിഗണിക്കപ്പെടുകയും ശ്രവിക്കപ്പെടുകയും ചെയ്യുന്നു. ഭൂരിപക്ഷ അഭിപ്രായങ്ങളേക്കാൾ യഥാർത്ഥ സത്യത്തോട് ചേർന്ന് നിൽക്കുന്ന ആത്മാവിനാൽ പ്രചോദിതമെന്ന് വിലയിരുത്തപ്പെടുന്ന സ്വരം, അത് എക സ്വരമാണെങ്കിൽ പോലും, ശ്രവിക്കപ്പെടുന്നു. ഈ സ്വരം ആ കൂട്ടായ്മയെ നയിക്കുന്ന വ്യക്തിയുടേതാകണമെന്ന് നിർബന്ധമില്ല. ഒരു പക്ഷേ ആ കൂട്ടായ്മയിലെ ആരും ശ്രദ്ധിക്കാതെ പോയ വ്യക്തിയുടെതാകാം. അതിനാൽ സിനഡാത്മകത എന്ന ശൈലി സഭയുടെ പ്രവർത്തിപഥത്തിൽ എത്തുമ്പോൾ, ഈ ശൈലി പ്രാവർത്തികമാകുന്നത് കൂട്ടായ്മയിലെ ഓരോ വ്യക്തിയുടേയും സ്വരം ശ്രവിക്കപ്പെടുമ്പോഴും, ഓരോസ്വരവും അത് എത്ര കണ്ട് ചെറുതായാലും പരിഗണിക്കപ്പെടുമ്പോഴുമാണ്. സഭ, ദൈവജനമാണെന്നുള്ള ബോദ്ധ്യത്തോടെ ഒരുമിച്ച് ദൈവത്തിങ്കലേക്ക് സഞ്ചരിക്കുമ്പോൾ, ഈ യാത്രയെ സുഗമമാക്കുന്നത് യാത്രയിലൂടനീളം എടുക്കപ്പെടുന്ന തീരുമാനങ്ങളാണ്. ഈ തീരുമാനങ്ങൾ എടുക്കപ്പെടേണ്ടത് വിവേചനപരമായ വിലയിരുത്തലുകളുടെ പശ്ചാത്തലത്തിലാണ്. ഇപ്രകാരം വിവേചനപരമായി തീരുമാനങ്ങൾ കൈക്കൊള്ളുക എന്ന പ്രക്രിയയുടെ ഏറ്റം പ്രധാനപ്പെട്ട ഭാഗം മുൻ വിധികളില്ലാതെ പരസ്പര ബഹുമാനത്തോടെയുള്ള ശ്രവണമാണ്. സഭ ആത്മാവിനാൽ പ്രചോദിതമായ ധാരാളം

സിദ്ധികളേയും ദാനങ്ങളെയും ഉൾക്കൊള്ളുന്ന ഒരു കൂട്ടായ്മയാണ്. വ്യത്യസ്തമായ ദാനങ്ങളേയും സിദ്ധികളേയും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത് പരസ്പര ശ്രവണത്തിലൂടെയാണ്. വ്യത്യസ്തങ്ങളായ ദാനങ്ങളും സിദ്ധികളും ഉൾക്കൊള്ളുന്ന ഒരു കൂട്ടായ്മയാണ് സഭ, എന്ന യാഥാർത്ഥ്യമാണ് പരസ്പര സഹകരണത്തിലൂടെ, പരസ്പരം മനസ്സിലാക്കിയുള്ള ഒരു യാത്രയാണ് ദൈവജനം ദൈവത്തിങ്കലേക്ക് നടത്തേണ്ടത് എന്ന ചിന്തയുടെ അടിസ്ഥാനം.

സഭയുടെ ഒന്നിച്ചുള്ള സഞ്ചാരത്തിൽ വിശ്വാസികൾ പരസ്പരം ശ്രവിക്കപ്പെടണം എന്ന മാർപ്പാപ്പായുടെ ഓർമ്മപ്പെടുത്തൽ പരസ്പര ശ്രവണത്തെ മറ്റുള്ള വ്യക്തിയോട് എനിക്കുള്ള ഒരു മര്യാദയുടേയോ, അവനോട് നാം പുലർത്തേണ്ട സഹാനുഭൂതിയോടെയുള്ള അടുപ്പത്തിന്റെയോ പശ്ചാത്തലത്തിൽ അവതരിപ്പിക്കാനല്ല പരിശ്രമിക്കുന്നത്. പിന്നെയോ, ജ്ഞാനസ്നാനം എന്ന കൂദാശിയിലൂടെ സഭാ കൂട്ടായ്മയിൽ എല്ലാവരും തുല്യപൗരന്മാരായി തീർന്ന പശ്ചാത്തലത്തിൽ, വ്യക്തിപരമായും, കൂട്ടായ്മയായും പരസ്പരം ശ്രവിക്കപ്പെടുക എന്നത് ഓരോ വിശ്വാസിയുടേയും അവകാശമാണ് എന്ന സത്യം ഉറപ്പിക്കുകയാണ് ചെയ്യുന്നത്. പരസ്പരശ്രവണം ഒരു സഭാ വിശ്വാസിയുടെ അവകാശമാകുമ്പോൾ തന്നെ, ഈ ശ്രവണം ഒരു വിശ്വാസിയിൽ നിന്നും ആവശ്യപ്പെടുന്ന കടമകൂടി വളരെ പ്രാധാന്യത്തോടെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഒരു വിശ്വാസി എത്രമാത്രം തന്നിലേക്ക് വന്ന ആത്മാവിന്റെ പ്രചോദനങ്ങളോട് പ്രതികരിക്കുന്നു എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ആ വ്യക്തി എത്രമാത്രം ശ്രവിക്കപ്പെടണം എന്ന് വിലയിരുത്തപ്പെടുന്നത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഓരോ വിശ്വാസിയും തങ്ങളുടെ സ്വാർത്ഥമായ ലക്ഷ്യങ്ങളും താൽപര്യവും വെടിഞ്ഞ് കൂട്ടായ്മയുടെ പൊതു നന്മ എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുമ്പോഴാണ് ആത്മാവിന്റെ പ്രചോദനങ്ങൾക്കനുസൃതമായി ഈ വ്യക്തി യാത്ര ചെയ്യുന്നു എന്ന തിരിച്ചറിവ് ആ വ്യക്തിയായിരിക്കുന്ന കൂട്ടായ്മയിൽ ഉണ്ടാകുന്നത്. ഇതിനു വ്യത്യസ്തമായി കൂട്ടായ്മയുടെ പൊതുവായ നന്മ എന്ന ലക്ഷ്യം ഒരു വ്യക്തിയുടെ വ്യക്തിപരമായ കാര്യ പരിപാടികൾക്കും, സ്വയം കേന്ദ്രീകൃതമായ ജീവിത രീതികൾക്കും അനുസൃതമായി വഴിമാറിയാൽ, പരസ്പരമായ ശ്രവണത്തിലൂടെ സാദ്ധ്യമാകുന്ന സുഗമമായ ഒന്നിച്ചുള്ള സഞ്ചാരം പൂർത്തിയാക്കാൻ സഭാ കൂട്ടായ്മയ്ക്ക് കഴിയുകയില്ല.

സിനഡാത്മകത എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ചർച്ചകൾ പരസ്പരബന്ധിതമായ വിശ്വാസി സമൂഹത്തെക്കുറിച്ചും, സഭാ ശുശ്രൂഷകളെക്കുറിച്ചുമാണ് സഭാ കൂട്ടായ്മയെ ഓർമ്മപ്പെടുത്തുന്നത്. പരസ്പരമുള്ള ശ്രവണത്തിലൂടെയും കൂടിയാലോചനകളിലൂടെയും മാത്രമേ കൂട്ടായ്മയുടെ ഒരുമിച്ചുള്ള സഞ്ചാരത്തിന് നിലനില്ക്കാൻ സാധിക്കൂ എന്ന ആശയമാണ് സിനഡാത്മകത എന്ന വിഷയം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ചുരുക്കത്തിൽ, എല്ലാവരും സഭാകൂട്ടായ്മയിലെ അവരവരുടെ കർത്തവ്യങ്ങൾ തിരിച്ചറിഞ്ഞ് ഒരേ മനസ്സോടെ ദൈവത്തിങ്കലേക്ക് സഞ്ചരിക്കുന്നു എന്ന ഉദ്യമത്തിൽ ഒരേ മനസ്സോടെ സഹകരിക്കുമ്പോഴാണ് സഭയിൽ സിനഡാത്മകത/ ഒന്നിച്ചുള്ള സഞ്ചാരം പ്രാവർത്തികമാകുന്നത്.

## V. സിനഡാത്മകതയും പുതിയ സാമൂഹിക പശ്ചാത്തലവും

ഓരോ വ്യക്തിയും അവനവന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചും, സമൂഹത്തിലെ അവരുടെ അന്തസ്സിനെക്കുറിച്ചും കൂടുതൽ ബോധവാന്മാരായിക്കൊണ്ടിരിക്കുന്ന ഒരു യുഗത്തിലാണ് നാം ജീവിക്കുന്നത്. മറ്റുള്ളവർ തങ്ങൾക്ക് വേണ്ടി തീരുമാനങ്ങൾ എടുക്കുകയും, തീരുമാനങ്ങൾ എടുക്കുവാൻ അനുവദിക്കുകയും ചെയ്യുന്ന പൂർവ്വാധുനിക (Pre-Modern) ശൈലിയിൽ നിന്നും മാറി ഓരോ വ്യക്തികൾക്കും സ്വയമായി ചിന്തിക്കുവാനും തീരുമാനങ്ങൾ എടുക്കുവാനും, അവനവന്റെ ആശയങ്ങളിൽ ഉറച്ചു നിൽക്കുവാനും സാദ്ധ്യമാകുന്ന ആധുനീക ലോകത്തിന്റെ ആശയ

ഗതിയിലൂടെയാണ് നാം ആയിരിക്കുന്ന ഇന്നത്തെ സമൂഹം സഞ്ചരിക്കുന്നത്. ഇന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ വ്യക്താധിഷ്ഠിതമായും, ഓരോ വ്യക്തിയുടെയും ആശയങ്ങൾക്കും അഭിലാഷങ്ങൾക്കും പ്രത്യേക പരിഗണന നൽകിയുമാണ് തീരുമാനങ്ങളിലേക്ക് എത്തിച്ചേരുന്നത്. ഇന്നത്തെ സാമൂഹീക വ്യവസ്ഥിതിയിൽ ഒരു വ്യക്തിയെ തീരുമാനങ്ങൾ അടിച്ചേൽപിക്കപ്പെടേണ്ടതോ, സംരക്ഷിക്കപ്പെടേണ്ടതോ ആയ ഒരു വസ്തുവായല്ല (Object) പരിഗണിക്കുന്നത്. പിന്നെയോ തുല്യസമത്വമുള്ള അഭിപ്രായ സ്വാതന്ത്ര്യമുള്ള, വ്യതിരിക്തതയുള്ള, ബഹുമാനമർഹിക്കുന്ന ഒരു വ്യക്തിയായി സമൂഹത്തിലെ ഓരോ അംഗങ്ങളും കരുതപ്പെടുന്നു. എന്നാൽ ഇന്നത്തെ ആധുനിക ലോകത്തിൽ സഭയെക്കുറിച്ചുള്ള ചിലരുടെയെങ്കിലും ധാരണ, സഭ ഇന്നും അധികാരത്തിന്റെ പ്രയോഗികതതലത്തിൽ പൂർവ്വാധുനികമായ പരിഷ്കൃതമല്ലാത്ത മാനസികാവസ്ഥയോടെയുള്ള ഒരു ശൈലി വച്ചു പുലർത്തുന്നു എന്നാണ്. സഭ ഇന്നും സംസ്കാരങ്ങളോടും, മാറുന്ന മൂല്യങ്ങളോടും, പെരുമാറ്റ രീതികളോടും, അതിവേഗം വളരുന്ന നഗരവൽക്കരണ ശൈലിയോടും മുഖം തിരിച്ചു നിൽക്കുന്നു എന്ന ഒരു ആരോപണം ചിലരെങ്കിലും വച്ചു പുലർത്തുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള കാഴ്ചപ്പാടുകൾ സഭയിലെ മാറ്റങ്ങളെ സസൂക്ഷ്മം നിരീക്ഷിക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം തികച്ചും കൗതുകപരമാകാനെ തരമുള്ളൂ. കാരണം ആധുനിക കാലം ഉയർത്തിപ്പിടിക്കുന്ന വ്യക്തിസ്വാതന്ത്ര്യം, സമത്വം, അന്തസ്സ് എന്നീ മൂല്യങ്ങൾ സഭയുടെ അടിസ്ഥാന മൂല്യങ്ങളാണ്. ഈ അടിസ്ഥാനമൂല്യങ്ങളെ മുറുകെ പിടിച്ച് ഇവയെ ആഴപ്പെടുത്തിക്കൊണ്ടുള്ള ഒരു ശൈലിമാറ്റത്തിനാണ് രണ്ടാം വത്തിക്കാൻ സുന്നഹദോസ് തുടക്കമിട്ടത്.

പുതിയ നൂറ്റാണ്ടിലെ ശ്രദ്ധേയമായ സാമൂഹിക പരിവർത്തനം അതിന്റെ ശാസ്ത്രീയമായ അടിത്തറയിന്മേൽ ഉണ്ടായ മാറ്റമാണ്. ആധുനികകാലം യാന്ത്രികവും (Mechanistic) നിയന്ത്രണവിധേയവുമായ (Deterministic) ന്യൂട്ടോണിയൻ ദൗതീകശാസ്ത്രത്തിന്റെ ലോകവീക്ഷണത്തിൽ നിന്നും മാറി പുതിയ ക്വാണ്ടം സിദ്ധാന്തത്തെ അടിസ്ഥാനപ്പെടുത്തിയാണ് രൂപപ്പെടുത്തിയത്. യാന്ത്രിക ദർശനത്തിൽ ഒരു വസ്തുവിന്റെ എല്ലാ ഭാഗങ്ങളും ചലിക്കപ്പെടുന്നത് മോട്ടോർ സംവിധാനത്തിലൂടെയാണ്. ഇവിടെ ആ വസ്തുവിന്റെ ഏതെങ്കിലും ഭാഗത്തിന് തകരാർ സംഭവിച്ചാൽ ആ ഭാഗം മാറ്റി സ്ഥാപിച്ച് ആ പ്രശ്നം പരിഹരിക്കാവുന്നതാണ്. ഈ സങ്കൽപത്തിന്റെ ഫലമായി എല്ലാ സംഭവങ്ങളും മുൻകൂട്ടി കാണാവുന്ന രീതിയിലാണ് ചലിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ പ്രപഞ്ചത്തെക്കുറിച്ചുള്ള ക്വാണ്ടം സങ്കൽപം പ്രപഞ്ചത്തെ പരസ്പരാശ്രിതത്വത്തിന്റെ ഒരു ശ്രംഖലയായാണ് അവതരിപ്പിക്കുന്നത്. ഈ സങ്കൽപത്തിൽ ഒരു വസ്തുവിന്റെ എല്ലാ ഭാഗങ്ങളും ബാക്കിയുള്ളവയുമായി അഭേദ്യമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. പ്രപഞ്ചം എന്ന സങ്കൽപത്തെ മുൻകൂട്ടി നിർവചിക്കുവാനോ അതിലെ സംഭവങ്ങളെ മുൻകൂട്ടി പ്രവചിക്കുവാനോ ക്വാണ്ടം സങ്കൽപത്തിന്റെ പശ്ചാത്തലത്തിൽ സാധ്യമല്ല. ഇതിന്റെ പശ്ചാത്തലത്തിൽ ശാസ്ത്രം Butter Fly Effect എന്ന ഒരു ആശയം കൂടി ആധുനിക കാലത്ത് വിവരിക്കുന്നുണ്ട്. ഈ സിദ്ധാന്തപ്രകാരം ചിത്രശലഭങ്ങളുടെ ചെറിയ ചിറകടികൾക്ക്പോലും കാലാവസ്ഥാ അവസ്ഥയിലെ ഒരു ചുഴലിക്കാറ്റിന്റെ ഗതിമാറ്റാൻ കഴിയുന്നപോലെ പ്രപഞ്ചത്തിലെ ഏറ്റം ചെറിയ കണികയ്ക്കുപോലും പ്രപഞ്ചത്തെ സ്വാധീനിക്കാൻ കഴിയുന്നു. ഈ പുതിയ അവിഭാജ്യവും പരസ്പരാശ്രിതവുമായ ലോക വീക്ഷണം ഉത്തരാധുനിക ലോകത്ത് മൂർച്ചയുള്ളതായിരിക്കുന്നു.

ഇന്ന് സഭ നേതൃത്വത്തെ എങ്ങനെ വിഭാവനം ചെയ്യുന്നു എന്നതിൽ മേൽപറഞ്ഞ രണ്ട് സമീപനങ്ങളും സ്വാധീനം ചെലുത്തുന്നുണ്ട്. എല്ലാവരേയും ഉൾക്കൊള്ളുന്ന, എല്ലാവരുടേയും സഹവർത്തിത്വവും, സഹകരണവും ഉറപ്പാക്കുന്ന ഒരു നേതൃത്വ ശൈലി സഭയിൽ ഉണ്ടാകണം എന്നുള്ള സഭയുടെ തീക്ഷണമായ അഭിലാഷം സഭ ഉത്തരാധുനിക സാമൂഹിക മാറ്റങ്ങളോട്

ക്രിയാത്മകമായി പ്രതികരിക്കുന്നു എന്നതിന്റെ സൂചനയാണ്. ലോകത്തെക്കുറിച്ചുള്ള ഈ നൂറ്റാണ്ടിലെ ശാസ്ത്രീയ അവബോധം തന്നെയാണ് വി. പൗലോസ് അപ്പസ്തോലൻ ദൈവശാസ്ത്രപരമായി സഭയെ ഒരു ശരീരമായി അവതരിപ്പിച്ചപ്പോൾ വിശദമാക്കിയിട്ടുള്ളത്. സഭ ക്രിസ്തുവിന്റെ ശരീരമാണെന്നും ഓരോ അംഗങ്ങളും അതിലെ അവയവങ്ങളാണെന്നുമുള്ള പൗലോസ് അപ്പസ്തോലന്റെ ഉദ്ബോധനം സഭയിലെ അംഗങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട പരസ്പരാശ്രിതബോധത്തോടെയുള്ള ബന്ധത്തെയും ഓരോ വ്യക്തിക്കും സഭാകൂട്ടായ്മയിൽ ഉണ്ടായിരിക്കേണ്ടതായ വ്യതിരക്തമായ സ്ഥാനത്തെയുമാണ് സൂചിപ്പിക്കുന്നത് (1 കോറി 12:12-27). "ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദന അനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും പ്രശംസിക്കപ്പെടുന്നു" (1 കോറി 12:26) എന്നുള്ള വി. പൗലോസിന്റെ വാക്കുകൾ സഭാ ഗാത്രത്തിൽ എല്ലാവർക്കും തുല്യപ്രാധാന്യമാണുള്ളത് എന്ന ആശയത്തെയാണ് ഉറപ്പിക്കുന്നത്. സഭ സിനഡാത്മകത എന്ന ആശയധാരയെ മുൻനിർത്തി ആദിമനൂറ്റാണ്ടിൽ സഭാ പിതാക്കന്മാർ പഠിപ്പിച്ച സഭയെക്കുറിച്ചുള്ള ആശയങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനാണ് പരിശ്രമിക്കുന്നത്. ഈ ഒരു പരിശ്രമത്തിന് സഭയെ സ്വാധീനിക്കുന്നത് ഇന്നത്തെ ഉത്തരാധുനിക സാമൂഹിക മാറ്റങ്ങളും വ്യവസ്ഥിതികളുമാണ്. ഇത് സൂചിപ്പിക്കുന്നത് സിനഡാത്മകത ആധനീക ശാസ്ത്ര വീക്ഷണത്തേയും സഭ അതിന്റെ ജീവിതത്തിലും ദൗത്യത്തിലും എന്തായിരിക്കണം എന്ന ആദിമ ക്രിസ്ത്യൻ പാരമ്പര്യത്തേയും ഒരുമിപ്പിക്കുന്നു എന്ന യാഥാർത്ഥ്യമാണ്.

**ഉപസംഹാരം**

സിനഡാത്മകത/ ഒന്നിച്ചുള്ള സഞ്ചാരം സഭയുടെ അടിസ്ഥാന ഭാവമാണ്. സഭയിൽ ഉരുത്തുരിയുന്ന എല്ലാ തീരുമാനങ്ങളും ഈ അടിസ്ഥാന ഭാവത്തിനനുസൃതമാകുമ്പോൾ മാത്രമാണ് സഭ രക്ഷയുടെ സന്ദേശമായി ലോകത്തിൽ നിലകൊള്ളുന്നത്. ആദികകാലത്ത് സഭ നയിക്കപ്പെട്ടതും ജീവിച്ചതും സിനഡാത്മക പാതയിലൂടെയായിരുന്നു. സഭയിൽ പിന്നീട് ഈ ഭാവത്തിന് പ്രാധാന്യം നഷ്ടപ്പെടുകയും സഭയിലും രാജവാഴ്ചയുടേയും സ്വേച്ഛാധിപത്യ പ്രവണതകളുടേയും അനുരണനങ്ങൾ ഉണ്ടാകുകയും ചെയ്തു. ഇത്തരത്തിലുള്ള ശൈലിയിൽനിന്നും എല്ലാവരേയും ഉൾക്കൊള്ളുകയും ശ്രവിക്കുകയും ചെയ്യുന്ന സിനഡാത്മക പാതയിലേക്ക് രണ്ടാം വത്തിക്കാൻ സുന്നഹദോസോടുകൂടി സഭ മാറി സഞ്ചരിക്കാൻ ആരംഭിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ തുടങ്ങിവെച്ച ഈ പരിവർത്തനത്തിന്റെ പാത കൂടുതൽ ശക്തിപ്പെടുത്തുവാനാണ് ഫ്രാൻസിസ് മാർപ്പാപ്പാ സിനഡാത്മകതയെപ്പറ്റിയുള്ള സിനഡിലൂടെ ആഗ്രഹിക്കുന്നത്. സഭയുടെ ജീവിതശൈലിയുലുള്ള സമൂലമായ പരിവർത്തനമാണ് മാർപ്പാപ്പാ സ്വപ്നം കാണുന്നത്. ഈ പരിവർത്തനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ പരസ്പരമുള്ള ശ്രവണവും, ഒരുമിച്ചുള്ള കൂടിയാലോചനകളും, സഭയുടെ പൊതു നന്മയ്ക്കായി സംയുക്തമായി വിവേചിച്ചറിയുന്ന പദ്ധതികളും, സമവായത്തിലൂടെയുള്ള ഈ പദ്ധതികളുടെ പൂർത്തീകരണവുമാണ്. സഭ ദൈവത്തിങ്കലേക്ക് യാത്ര ചെയ്യുന്ന ഒരു കൂട്ടായ്മയാണെന്നും, ഈ യാത്രയിൽ സഭ ജാതിയോ, മതമോ, മറ്റു വ്യത്യസ്തകളോ നോക്കാതെ എല്ലാവരേയും ഉൾക്കൊള്ളുന്നു എന്നും ഉള്ള ഒരു സാക്ഷ്യം ലോകത്തിന് കൊടുക്കാൻ സിനഡാത്മക ഭാവം സഭയ്ക്കുള്ളിൽ തന്നെ വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. ഈ വളർച്ചയുടെ ആദ്യപടിയാണ് സിനഡാത്മകത എന്ന ദർശനത്തെപ്പറ്റിയുള്ള ചിന്താപ്രതിഫലനങ്ങൾ. ഈ ദർശനത്തെക്കുറിച്ച് ചിന്തകളിൽ ആഴപ്പെടുവാനുള്ള മാർപ്പാപ്പായുടെ ആഹ്വാനം ഓരോ സഭാ വിശ്വാസിയും എറ്റെടുക്കുമ്പോൾ മാത്രമാണ് സഭയ്ക്ക് അതിന്റെ പ്രേഷിത ദൗത്യത്തിൽ പുതിയ മുന്നേറ്റം നടത്തുവാൻ സാധിക്കുന്നത്.

○

# Synodality and Consecrated Life

**Fr George Mathew OIC**

## Introduction

Synodality is round the clock in the Catholic church today. With the announcement of the synod – For a Synodal Church, the publication of the preparatory documents and the discussions at the Eparchial levels, everyone is now aware or getting awareness on the significance of Synodality in the church. The notion of Synodality in the church is not something unknown or unheard rather it has been the tradition and theology of the Church. The publications from the Vatican give us the whole details of the theology, patristic, history and the functioning of synodality in the Church. The ways of progressing, the points for reflection, the different stages of the synod etc are all well explained in these documents. This article is a humble and personal reflection on the aspect on Synodality and its relevance in Consecrated life in this century.

## For a Synodal Church

The call for a synod on 'For a Synodal Church' is for the revival of the church envisaged through the rival of each individual and thus of the whole church. It does in no way mean to overturn the basic theology of the church but to find out new ways of living the faith and theology of the church in the present situations of the time. In other words, to search for the revelation of the Holy Spirit for how the church is to be in this millennium. The church reflects on itself for a renewal. A renewal through journeying together or walking together. This 'walking together' has a great divine meaning and relevance. Journeying together as the Holy Trinity journeys together, as Jesus walked with His disciples, as the Holy Spirit walks with the church and in the world etc. How does the church walk together? How can the church walk together for a renewal in this millennium? The church walks together by living the teachings of Christ, responding to the mission of Christ, walking together towards the heavenly church etc. God Himself being a Trinitarian God and in a sense synodal, the Council at Jerusalem and the further councils, synods etc remind us of the synodal nature of the church and that the church was synodal from its infancy. The church always heard the voices of all, whether it be a lay faithful,people of different beliefs, atheists, priests, religious or bishops. This practice aims towards the communion of all andtheir participation towards the mission of Christ. The primary key in this walking together is listening, accepting others just views and opinions, discerning and implementing better solutions and ways. Hence it is emphasized that the synodal church is a church that listens.

## Synodality in Consecrated Life

It is worth reflecting on the value of consecrated life as presented by St Pope John Paul II in the Apostolic Exhortation *Vita Consecrata*:

“Men and women Religious *completely devoted to contemplation* are in a special way an image of Christ praying on the mountain.Consecrated persons engaged in *the active life* manifest Christ in his proclamation of the Kingdom of God to the multitudes, in his healing of the sick and the suffering, in his work of converting sinners to a better life, in his solicitude for youth and his goodness to all.Consecrated persons in *Secular Institutes* contribute in a special way to the coming of the Kingdom of God; they unite in a distinctive synthesis the value of consecration and that of being in the world. As they live their consecration in the world and from the world,they strive to imbue everything with an evangelical spirit for the strengthening and growth of the Body of Christ.For this purpose, they share in the Church’s evangelizing mission through their personal witness of Christian living, their commitment to ordering temporal affairs according to God’s plan, and their cooperation in service of the ecclesial community, in accordance with the secular way of life which is proper to them.”

The significance and importance of consecrated life lived by men and women in the church through religious institutes, secular institutes, societies of apostolic life and other forms of consecrated life is evident from the above quote and from other church teachings, history and the present life and activities of these men and women. This way of life stays ever relevant in the church and hence we turn our focus from their relevance to their effectiveness and existence in this millennium in the light of the synod, For a Synodal Church.

Synodality is not a new concept in consecrated life as well. Synodality actually is better expressed and actualized in consecrated life. Whether it is a communitarian way of life or a secular way of life, the consecrated life is synodal in itself. The institutes and societies exist to imitate Christ. They journey together for a common charism animated towards the mission of Christ. Their administrative system includes participation and communion and there is always experienced a common thought towards continuous renewal and revival for responding to the call of Jesus towards imitation of Christ. They function and live in a synodal system of administration.

**Journey together for Journeying together**

Journeying together is innate to consecrated life. In spite of the uniqueness of each person, differences of opinions, varieties in ministries - all members in an institute or society or different institute or society journey together based on their charism towards the fulfilment of the mission of Christ and to imitate Christ in His life of prayer and action. Journeying together is an indispensable element in consecrated life. Journeying together with the other members of the same religious institutes or society and journeying together with the Church. In the speedy changing life and world, a deep retrospection on this indispensable aspect of journeying together is the need of the time. Are we really journeying together in Christ all times? Are there deviations in our journeying together? Are there flaws in our journeying together? Etc. These are challenging questions to be raised by

oneself and not to be raised to the other. When we challenge ourselves personally or with the help of others there will be revival of each and when each one is revived it automatically leads to the revival of all. This call to journey together challenging oneself and challenging our structures and activities should be proactive and oriented towards reviving ourselves, our communities and activities. It is wise to challenge oneself first and then our structures and activities. It is a call to renew our mentalities and question our attitudes as individual and as a whole to live the mission that Jesus has entrusted us in the context of broken, challenging and wounded world.

**Listening for Journeying Together in Consecrated life**

The *vademecum*on the synod - For a Synodal Church speaks on the importance of 'listening' in this synodal process as follows: "If listening is the method of the Synodal Process, and discerning is the aim, then participation is the path. Fostering participation leads us out of ourselves to involve others who hold different views than we do. Listening to those who have the same views as we do bear no fruit. Dialogue involves coming together across diverse opinions. Indeed, God often speaks through the voices of those that we can easily exclude, cast aside, or discount. We must make a special effort to listen to those we may be tempted to see as unimportant and those who force us to consider new points of view that may change our way of thinking."The cry of humanity throughout the ages have been to have someone to be listened. To be listened and to be understood has a great spiritual, psychological and mental importance in human life. The synodal process has a great focus on listening. It speaks on journeying together through listening. It says that the Holy Spirit can speak through anyone and hence all those whom possible should be heard and everyone has something to learn from listening others. The church wishes to listen all, it is open to opinions, comments and criticism from all. Such an opening listening, discerning, discussion and evaluation will open ways towards renewal and towards the revelations of the Holy Spirit towards a renewed church in this millennium.

**'Listening' - A Personal Realm**

Listening has great relevance in the consecrated life as well. The twin sibling of listening is understanding. Listening and understanding one another actualizes the joy of the gospel. The growing dependence on gadgets due to work, friendship etc make humans more individualistic and away from a communitarian experience and personal relationships. Just like the social media induces more virtual relationship than inter-personal relationships, over dependence on gadgets and workaholism leaves the consecrated life also more virtual. There is a danger that we don't find time and space for listening our community members. This can lead to more individualism in consecrated life and danger to the joy of communitarian life and journeying together. There is also a danger of not listening to oneself, not listening to the voice of the Spirit. Can one simply decide that from today onwards I will listen to my community members? Why is it that one says that I am always ready to listen but others don't come to me? Is it because of the generation gap that the younger

generation does not accept the old generation? Is it because of the pride of the other that they don't want to be listened? These could be the questions that come to our mind when we reflect on listening in the consecrated life. I believe that they could be the reasons on some rare occasions. The answer I believe lies in oneself. The answer lies in the question: Does my personality welcome others to come to me? In the market there are many shops selling the same products but what makes one to go to a particular shop even when it is at a longer distance and offers a higher price? It is the quality, the reliability that matters. Similarly, what makes one to come to me to be listened is not my age, professionalism, education etc alone but rather it is my wholistic personality. Personality is a mixture of several things which does not look at one's age, gender, education etc alone. Personality is nurtured by our spirituality, experience, professionalism etc but the latter alone is not enough for others to come to me to be listened.So, to be a 'good listeners', good ears alone does not suffice. To be a 'good listeners' suffices a person with good personality who is reliable, trustworthy, humble and spiritual. It demands a personal renewal, it demands a retrospection into oneself. Creative and better formation, pruning oneself regularly, opening oneself to positive criticisms, forgoing egoism and egoistic attitudes etc along with deeper reflection on what makes one a better personality can help being a 'good listener'.It matters a lot to be a person of good personality in secular life and in consecrated life. The shepherds must have the smell of a good personality for being a 'good listener'. It is a reality that many a times we don't fine 'good listeners'. A reflection on the process of synodality through listening calls for a deeper reflection in consecrated life.

**'Listening' – An Administrative Realm**

The importance of being a good listener at an administrative realm is undoubtedly one of the most important requisite of a superior in consecrated life. Making the best decisions and implementing them precisely is what is expected from a superior other than the expectation through one's own life. CCEO c. 241 b. states that a superior shall help the members by example. It is a call for the superiors to be models to the members of the religious institutes or society through personal life examples. The focus in this article is not on the personal life examples (personal realm) of the superiors but on their administrative qualities (public realm) oriented towards the wellbeing of the members and the institutes. The listening of the superiors can be understood in a wider perspective as envisaged by the second part of CCEO c. 241 b. i.e. the superiors are to make suitable provision for the personal needs of the members, to care zealously for the sick and to visit them, to reprove the unruly, to console the fainthearted and to be patient towards all the members. The listening of the superiors in its administrative sense would mean to hear the opinions of the members of the council and to hear the sense of the implications of the decisions on persons, on the institute, the church and society. It is not needed to speak on the quality of the consecrated men and women to keep confidentiality and to avoid gossips from what is heard personally or publicly.Thus, listening in the consecrated life has a great significance.

It seems to be a very simple matter – to listen – but it is not that easy and simple and cannot be taken for granted. This process of listening in consecrated life can be analysed from different dimensions. It has more implications in their lives than in the general sense of listening all as part of the preparation for the synod on – for a synodal church.

**Faith and Prayer as the Basis of the Synodal Process**

The documents from Vatican on the preparations and progress of the synod clearly emphasizes that they don't intend to overturn the theology of the church or overturn the basic structures of the church but rather they are deeply rooted on our theology and structures. The processes intend to find new ways of living in the church in this century, listening to all and understanding the needs of the time and finding the voice and guidance of the Holy Spirit for the church in this millennium. All these are rooted in faith and prayer, in liturgy and eucharist, in theology and the Scripture. Thus, the success of the synodal process and the synod itself is based on Faith and Revelation or Faith and prayer. The very existence of consecrated life is responding to the call from God and growing in faith and prayer. These elements can never be taken away from the church nor from consecrated life rather the need of the time is to be more rooted in faith and rely more on prayer just as Jesus relied on prayer and fasting before His public ministry and throughout His ministry. The reflections on the synodality and consecrated life is a call to reflect on journeying together towards the fulfilment of the mission and fulfilment of the charisms of the institutes basing ourselves on the pillars of faith and prayer. The faith and prayer life along with the other ministries should reflect a glow of ray in the church and in the world. A revival in our ways, time and emphasis on the liturgical services, our ministries and our prayer life are inevitable. Though it seems to be a very controversial and debatable matter; without even taking away a pinch of importance and relevance for the tradition and liturgical significance, the time and situations demand a revival. The revelation of the Holy Spirit and time will guide the church in all these matters.

**Conclusion**

In light of the synod – for a synodal church, where the focus is on everyone by listening to all; the church hopes to hear the revelation of the Holy Spirit for the renewal of the church. The renewal of the church is the basic renewal of each baptised and the renewal of the whole world through their lives and actions. The synod also calls for the renewal of each consecrated men and women. Journeying together more effectively in this millennium is a great message for us. As this synod aims towards a greater communion and participation for a united mission; the present scenario of the world welcomes the consecrated men and women to journey together listening to one other, renewing ourselves, understanding the other, caring and deepening our commitments and dependence on faith and prayer towards a new way of life in the church in this millennium.

# സുന്നഹദോസാത്മകതയിലെ സുകൃത പുഷ്പങ്ങൾ

ഫാ. ഡാനിയേൽ ജീവൻ ഒ.ഐ.സി.

'സിനഡാലിറ്റി'യെക്കുറിച്ച് ഗൗരവമായ ചർച്ചകളും പഠനങ്ങളും കത്തോലിക്കാസഭയിൽ ഉടനീളം നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഈ സുന്നഹദോസാത്മകത എന്താണ് എന്നതിനേക്കാൾ എങ്ങനെ ബഥനി സന്ന്യാസസമൂഹത്തിൽ പ്രായോഗികമാക്കാം എന്നതിനെപ്പറ്റി എന്റെ എളിയ ചിന്തകൾ കുറിക്കട്ടെ.

1. സുന്നഹദോസാത്മകത മുന്നോട്ട് വയ്ക്കുന്ന സഹയാത്രയുടെയും പങ്കുവയ്ക്കലിന്റെയും ഒക്കെ അർത്ഥതലങ്ങൾ പൂർണ്ണമാകുന്നത്, സംഘാത്മകമായ മാറ്റത്തിലൂടെ എന്നതിനേക്കാൾ വ്യക്തികേന്ദ്രീകൃതമായ മാറ്റങ്ങളിലൂടെയാണ്. കുറച്ചുകൂടി മിഴിവാർന്നതും എളിമയുള്ളതും സൗമ്യവുമായ സ്വത്വത്തിലേക്ക് പരകായ പ്രവേശനം നടത്തുവാൻ ഓരോ ബഥാനിയനും തുറവി കാണിക്കുന്നതാണ് സിനഡാലിറ്റിയുടെ ആദ്യത്തെ പടി.

2. ഉത്തരവാദിത്തങ്ങളുടെ തിരക്കുകളും പ്രക്ഷുബ്ധമായ മനസ്ഥിതിയും ഒക്കെ ഭാരമുള്ള ചുമടുകളായി പരിണമിക്കുമ്പോൾ കേൾക്കുവാനുള്ള സുമനസ്സുകളെ തേടുന്ന പച്ചയായ മനുഷ്യൻ ഓരോ ബഥാനിയനിലും ഉറങ്ങിക്കിടപ്പുണ്ട്. അപരന്റെ നോവുകൾ കേൾക്കാനും പ്രാർത്ഥനയോടെ ബലപ്പെടുത്താനും ഓരോ ബഥാന്യനും തീരുമാനമെടുക്കുമ്പോൾ സുന്നഹദോസാത്മകത പ്രായോഗികമാകുന്നു. 'കേട്ടു' എന്ന് വരുത്തി തീർക്കാനും തോന്നിപ്പിക്കാനും ഉള്ള കേൾക്കലല്ല, സന്ന്യാസത്തിന്റെ നടവടിയിൽ സഹോദരനായും ഗുരുവായും ബലമായും കൂടെയുണ്ട് എന്ന ബോധ്യം ജനിപ്പിക്കുന്ന കേൾക്കലുകളാണ് ഇന്നിന്റെ ബഥനിയുടെ അനിവാര്യത.

3. സഹനങ്ങളിലും പരാജയങ്ങളിലും ബലപ്പെടുത്താനും കൈത്താങ്ങാകാനും വരം സിദ്ധിച്ച ചില പുണ്യജന്മങ്ങളുണ്ട് ബഥനിയിൽ എന്നത് നിസ്തർക്കം തന്നെ. എന്നിരുന്നാലും, കണ്ടുമുട്ടുന്ന ചില മുഖങ്ങളെങ്കിലും ഉപരിപ്ലവമായ സ്നേഹത്തിന്റെയും പ്രഹസനാത്മകതയുടെയും പൊയ്മുഖങ്ങൾ അഴിച്ചുവയ്ക്കുമ്പോൾ ദൃശ്യമാകുന്നത് വിഭാഗീയതയുടെയും ഉപഭോഗസംസ്കാരത്തിന്റെയും ചതിയുടെയും ഭാവങ്ങളാണോ എന്ന് സംശയം. കൂടെ നടക്കുന്നവന്റെ വേദനകളിൽ, പൊയ്മുഖങ്ങളണിയാതെ ബലപ്പെടുത്താൻ ബഥാനിയൻ പഠിക്കുന്നിടത്ത് സിനഡാലിറ്റിയുടെ സുമങ്ങൾ വിരിയുന്നു.

4. നിലപാടുകൾ അറിയിക്കാനുള്ള സ്വാതന്ത്ര്യമാണ് സിനഡാലിറ്റി മുന്നോട്ടു വയ്ക്കുന്ന മറ്റൊരു സാധ്യത. അമർച്ച ചെയ്യപ്പെടുകയും സ്വയം പിൻവാങ്ങി മാറുകയും ചെയ്യുന്ന ശബ്ദങ്ങൾക്ക് പക്വവും ആരോഗ്യകരവും സന്ന്യാസോചിതവും ക്രൈസ്തവമൂല്യങ്ങളിലധിഷ്ഠിതവുമായ അസ്തിത്വാവിഷ്കാരത്തിനുള്ള വേദികൾ ഒരുക്കപ്പെടുമ്പോൾ സുന്നഹദോസാത്മകത കുറച്ചുകൂടി പ്രായോഗികത കൈവരിക്കും.

5. സ്വാതന്ത്ര്യത്തോടെയുള്ള സംഭാഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സംവേദനാത്മകതയുടെ തലങ്ങൾ കുറച്ചുകൂടി സജീവമാക്കേണ്ടിയിരിക്കുന്നു. കൂടിവരവുകൾ ഹൃദ്യവും

ഊഷ്മളവും ഒക്കെ ആകുന്നതിൽ നിന്നും ബഥാനിയനെ തടയുന്ന ചേരിതിരിവുകളുടേയും ഭിന്നതകളുടേയും അനുഭവങ്ങൾക്കും അതീതമായി ചിന്തിക്കാനും ചരിക്കാനും ഓരോ ബഥാനിയനും ബോധപൂർവ്വമായ പരിശ്രമം നടത്തേണ്ടത് സിനഡാലിറ്റി പ്രായോഗികമാക്കാൻ അനിവാര്യം തന്നെ.

6. അനൗപചാരികമായ കൂടിവരവുകളിൽ പങ്കുവയ്പ്പിന്റെ മൂല്യങ്ങൾ വളർത്തുവാൻ കഴിയുമ്പോൾ സുന്നഹദോസാത്മകത പൂർണ്ണവും പ്രായോഗികവുമാകുന്നു. പേരിനുവേണ്ടിയുള്ള കൂടിവരവുകൾ അല്ല, അർത്ഥപൂർണ്ണവും ഹൃദയത്തെ തൊടുന്നതുമായ, സ്വയം മനസ്സ് തുറന്ന് പങ്കുവയ്ക്കാനും സാഹോദര്യം ഉറപ്പുവരുത്താനും ഓരോ ബഥാനിയനും പരിശ്രമിക്കുന്ന കൂടിവരവുകൾ ഉണ്ടായാൽ മാത്രമേ സുന്നഹദോസാത്മകത ബഥനിയിൽ പ്രായോഗിക മാകുകയുള്ളു.

7. മാനുഷികമായ പരിശ്രമങ്ങൾക്കും അതീതമായ ദൈവികമായ ഇടപെടലാണ് സിനഡാലിറ്റിയെ അർത്ഥവത്താക്കുന്നത്. പരസ്പര സ്നേഹവും കരുതലും ഐക്യവും കൂട്ടായ്മയുടെ അരൂപിയും ഒക്കെ സുകൃതങ്ങളായി ബഥനിയുടെ ആരാമത്തിൽ പൂവണിയാൻ കൃപയും പ്രചോദനവും നൽകുന്ന ദൈവാത്മാവിന്റെ നിമന്ത്രണങ്ങൾക്ക് ഓരോ ബഥാനിയനും പ്രാർത്ഥനയോടെ കാതോർക്കുമ്പോളാണ് സുന്നഹദോസാത്മകത പ്രായോഗികമാകുന്നത്. പരസ്പരമുള്ള പ്രാർത്ഥനയും സമൂഹത്തിനു വേണ്ടിയുള്ള പ്രാർത്ഥനയും സജീവമാക്കേണ്ടുന്ന തിന്റെ ഓർമ്മപ്പെടുത്തലും സിനഡാലിറ്റി നമുക്ക് നൽകുന്നു.

തിരുസഭയുടെ ചങ്കായ സന്ന്യാസത്തെ കൂടുതൽ അർത്ഥപൂർണ്ണമാക്കാൻ സുന്നഹദോസാത്മകത മുന്നോട്ട് വയ്ക്കുന്ന മൂല്യങ്ങൾക്ക് സാധിക്കും എന്ന് സാരം. ○



# ഈവാനിയൻ സന്ന്യാസി

**ഫാ. ജോസഫ് വരമ്പുങ്കൽ ഒ.ഐ.സി**

കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച വിദ്യാഭ്യാസ വിചക്ഷകൻ, ശിഷ്യപരമ്പരകൾകൊണ്ട് അനുഗ്രഹീതനായ ഗുരുശ്രേഷ്ഠൻ, സന്ന്യാസ നിഷ്ഠകളുടെ പാലകൻ.

ബഥനിയുടെ സ്വന്തം വില്യം നെടുമ്പുറത്ത് അച്ചൻ 1954 ഏപ്രിൽ 15-ാം തീയതി നെടുമ്പുറത്ത് വീട്ടിൽ ശ്രീ. ഉണ്ണൂട്ടിയുടേയും ശ്രീമതി മറിയാമ്മയുടേയും മകനായി തുവയൂരിൽ ജനനം. കടമ്പനാട് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും കറ്റാനം പോപ്പ് പയസ് ഹൈസ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. 1968-ൽ കറ്റാനം ബഥനി ആശ്രമത്തിൽ സന്ന്യാസാർത്ഥിയായി ചേർന്നു. തിരുവല്ല, നാലാഞ്ചിറ എന്നിവിടങ്ങളിലായി പ്രീ-നോവിഷ്യേറ്റ് യഥോചിതം പൂർത്തിയാക്കി. 15-05-1972-ൽ ആദ്യവ്രതവാഗ്ദാനം നടത്തി, മാർ ഈവാനിയോസ് കോളേജിൽ നിന്ന് പ്രീഡിഗ്രി പഠനം പൂർത്തിയാക്കി പൂനായിലുള്ള ജ്ഞാനദീപ വിദ്യാപീഠത്തിൽ നിന്നു ഫിലോസഫി, തിയോളജി എന്നിവ പൂർത്തിയാക്കുകയും ചെയ്തു. അച്ചന്റെ റീജൻസി കാലഘട്ടത്തിൽ പൂനായിലെ വാടിയാ കോളേജിൽ നിന്ന് ബി.എ.സൈക്കോളജിയിൽ ബിരുദവും കരസ്ഥമാക്കി.

1982-ൽ അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്നു പൗരോഹിത്യം സ്വീകരിക്കുകയും 4-05-1982-ൽ തുവയൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവകയിൽ കൊച്ചച്ചൻ പ്രഥമ ദിവ്യബലിയർപ്പിച്ചു അജപാലന ദൗത്യവുമായി പൂനായിലെ മലങ്കര മക്കളുടെ ആദ്ധ്യാത്മിക പിതാവായി നിയോഗിതനായി. ഈ കാലയളവിൽ തന്നെ പൂനാ ബഥനി ആശ്രമത്തിൽ പ്രൊക്യുറേറ്ററായും സേവനം അനുഷ്ഠിച്ചു. പിന്നീട് 1983-1984 കാലയളവിൽ കോട്ടയം കളത്തിപ്പടി ഇടവകയുടെ വികാരിയായി നിയമിതനായി. കളത്തിപ്പടി ഇടവകയുടെ വളർച്ചയിൽ അച്ചന്റെ പ്രവർത്തനങ്ങൾ ആക്കം കൂട്ടി. പിന്നീട് സന്ന്യാസാർത്ഥികളുടെ ഗുരുനാഥനായി 1984-1987 കാലഘട്ടത്തിൽ നാലാഞ്ചിറ ബഥനി ആശ്രമത്തിൽ നിയമിച്ചു. ഇതേ കാലയളവിൽ നാലാഞ്ചിറ ഇടവകയുടെ വികാരിയായും സേവനം അനുഷ്ഠിച്ചു. ഒപ്പം ബി.എഡ് പഠനവും വിജയകരമായി പൂർത്തിയാക്കി. തുടർന്ന് കോട്ടയത്തെ ഗിരിദീപം സ്കൂളിന്റെ പ്രൊവിൻഷ്യലായും തിരുവൻവണ്ടൂർ മാലം ഇടവകയുടെ വികാരിയുമായി നിയമിതനായി.

1992-1996 കാലഘട്ടത്തിൽ അച്ചനെ ഉപരിപഠനാർത്ഥം ചിക്കാഗോയിലെ ലയോള കോളേജിൽ നിന്നും എം.എ.എം.എസ് പ്രശസ്തമായ രീതിയിൽ പൂർത്തിയാക്കിക്കൊണ്ട് ചിക്കാഗോയിലും പരിസരപ്രദേശങ്ങളിലും ഉള്ള മലങ്കര മക്കളെ ഒരുമിച്ചു ചേർത്ത് അവരുടെ ആദ്ധ്യാത്മിക വളർച്ചയിൽ മലങ്കര കത്തോലിക്കാസഭയുടെ ആദ്ധ്യാത്മിക ചൈതന്യം കുടിയേറ്റ ജനതയ്ക്ക് അച്ചൻ പകർന്നു നൽകി. ഈ കാലഘട്ടത്തിൽ ചിക്കാഗോ സെന്റ് ഗ്രിഗറി ഇടവകയുടെ വികാരിയായി അച്ചൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പിന്നീട് ബഥനി നവജ്യോതി പ്രോവിൻസിന്റെ നാലാം കൗൺസിലറായി അച്ചൻ ബഥനിയുടെ നേതൃനിരയിലേക്ക് കടന്നുവന്നു. ഈ കാലയളവിൽ തന്നെ ഗിരിദീപം ഡയറക്ടർ ആയും പ്രിൻസിപ്പളായും ജിയാലിന്റെ

ഡയറക്ടറായും സേവനം അനുഷ്ഠിച്ചു. കേരള വിദ്യാഭ്യാസ ചരിത്രത്തിലെ തന്നെ കളത്തിപ്പടി എന്ന സ്കൂൾ തങ്കലിപികളിൽ എഴുതിച്ചേർക്കപ്പെട്ട ഒരു കാലഘട്ടമായിരുന്നു അത്.

**അച്ചന്റെ ശുശ്രൂഷയുടെ നാളുകൾ**

2006 മുതൽ 2009 വരെ പ്രവർത്തന മികവുകൊണ്ട് ബഥനി നവജ്യോതി പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി ബഥനിയെ നയിച്ചു. ബഥനി നവജ്യോതി പ്രോവിൻസിന്റെ എല്ലാവിധമായ വളർച്ചയ്ക്കും അച്ചന്റെ നേതൃത്വം ശക്തമായ അടിത്തറ പാകി. പ്രൊവിൻഷ്യൽ പദവിയിൽ നിന്നുമാറിയപ്പോൾ ദക്ഷിണ കർണ്ണാടകയിലെ നൂജിബാൽത്തില, നെല്ലിയാടി ആശ്രമങ്ങളുടെ സുപ്പീരിയറായും നെല്ലിയാടി സ്കൂളിന്റെ പ്രിൻസിപ്പൽ ആയും നൂജിബാൽത്തില ഇടവകയുടെ വികാരിയുമായി സേവനം അനുഷ്ഠിച്ചു.

2015 മുതൽ 2018 വരെ വീണ്ടും ബഥനി നവജ്യോതി പ്രോവിൻസിന്റെ അമരക്കാരനായി അദ്ദേഹം നിയോഗിതനായി. 2018-ൽ തിരുവല്ലാ ദയറാ സുപ്പീരിയറായും ചുമതലയേൽക്കുകയും ഏതാനും മാസങ്ങൾകൊണ്ട് തന്റെ ദൗത്യങ്ങൾ പൂർത്തിയാക്കി ഒരു ഉൾവിളി എന്നപോലെ മാർ ഈവാനിയോസ് പിതാവിന്റെ പാദസ്പർശനത്താൽ അനുഗ്രഹീതമായ പെരുനാടിന്റെ ധന്യതയിൽ ദീപഗിരി ബഥനി ആശ്രമത്തിൽ സന്ന്യാസജീവിതത്തിന്റെ അന്തരാർത്ഥങ്ങളിലേക്ക് ഉൾച്ചേർന്നുള്ള ഒരു ജീവിതശൈലിക്ക് രൂപം കൊടുക്കുവാൻ അച്ചനു സാധിച്ചു. മാർ ഈവാനിയോസ് പിതാവിന്റെ ജീവിതാദർശങ്ങൾ കൂടുതൽ ജനഹൃദയങ്ങളിലേക്ക് പകരുവാൻ അച്ചന് ഈ കാലഘട്ടത്തിൽ കഴിഞ്ഞു. പിന്നീട് ബഥനിയുടെ ആദ്യആശ്രമങ്ങളിലൊന്നായ ചെറുകുളഞ്ഞി ബഥനി ആശ്രമത്തിന്റെ സുപ്പീരിയറായി സേവനം അനുഷ്ഠിക്കുന്നു.

തന്റെ കർമ്മ മണ്ഡലങ്ങളെ തമ്പുരാനിലുള്ള അടിയുറച്ച വിശ്വാസത്തിൽ നിന്നുകൊണ്ട് വിശാലമാക്കിയ പാവപ്പെട്ടവൻ എന്നോ പണക്കാരനെന്നോ വ്യത്യാസം ഇല്ലാതെ എല്ലാവരേയും കരുതുന്ന, സ്നേഹിക്കുന്ന വചനത്തിനു സാക്ഷ്യം നൽകുന്ന വചനോപാസകൻ.



## ഹോസാന!

കർത്താവിന്റെ നാമത്തിൽ വരുന്നവനും
ഇസ്രായേലിന്റെ രാജാവുമായവൻ
വാഴ്ത്തപ്പെട്ടവൻ.

(യോഹ 12:13)

# ഒരു പുഴപോലെ...
# ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി.

**ഫാ.ജെയിംസ് മാത്യു ഒ.ഐ.സി.**

ഹൃദയവും കണ്ണും ദൈവത്തിലേക്കും സഹോദരനിലേക്കും തുറന്ന് സന്ന്യാസ ജീവിതത്തിന്റെ മനോഹരമായ ആ തീരത്ത് അൻപതു വർഷങ്ങൾ പൂർത്തിയാക്കുന്ന ജ്യേഷ്ഠസഹോദരൻ ബഹു.വില്യം നെടുമ്പുറത്ത് അച്ചന് എല്ലാ ഭാവുകങ്ങളും.

ആനുകാലികം... അവന്റെ മൊഴി... ആത്മഗതം... ഈ വാക്കുകൾ ഇന്ന് കാണുമ്പോൾ വില്യം അച്ചന്റെ മുഖം ആണ് ആദ്യം മനസിലേക്ക് ഓടി എത്തുക. പരന്ന വായനയും യുക്തിഭദ്രമായ ചിന്തയും ലളിതമായ അവതരണശൈലിയും മുഖമുദ്രയാക്കിയ ബഹു.അച്ചൻ ദൈവരാജ്യത്തെ തന്റേതായ ശൈലിയിൽ പ്രഘോഷിക്കുന്നു.

തുവയൂർ എന്ന കൊച്ചുനാടിന്റെ ആധ്യത്മികവും വിശുദ്ധിയും നിറഞ്ഞ നെടുമ്പുറത്ത് വീട്ടിൽ ജനനം. 1972-ൽ 'Joy' എന്ന ആ യുവാവ് ബഥനി ആശ്രമത്തിൽ ഒരു സന്ന്യാസവര്യൻ ആയി തന്റെ 'Joyfulness'കണ്ടെത്തി. സംഭവബഹുലമായ ആ ജീവിതം ഇന്ന് അമ്പതിന്റെ നിറവിൽ പൂന JD-യിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി ഭാഗ്യസ്മരണാർഹനായ ഗ്രിഗോറിയോസ് പിതാവിനാൽ പൗരോഹിത്യം സ്വീകരിച്ച് സുവിശേഷവയലിലേക്ക്, അവിടെ വിതച്ചതെല്ലാം നൂറുമേനി വിളവ് തമ്പുരാൻ കൊടുത്തു. മനഃശാസ്ത്രത്തിൽ ബിരുദവും അദ്ധ്യാപനത്തിൽ ഉന്നതപഠനവും നടത്തിയ അച്ചൻ തന്റെ പണവും മിഷൻ വേലയും കടൽ കടന്ന് അമേരിക്കയിലെ ചിക്കാഗോ വരെ വ്യാപിപ്പിച്ചു. നീണ്ടകാലത്തെ ശുശ്രൂഷകൊണ്ട് ഗിരിദീപം സ്കൂൾ കേരളത്തിലെ എണ്ണം പറഞ്ഞ കലാലയങ്ങളിൽ ഒന്നാക്കി മാറ്റിയ അച്ചൻ ബഥനി നവജ്യോതി പ്രോവിൻസിന്റെ സാരഥ്യം രണ്ട് പ്രാവശ്യം സ്തുത്യർഹമായ വിധം നിർവഹിച്ചു. അനേകം മലങ്കര ദേവാലയങ്ങളുടെ ഇടയനായി ആ ജീവിതചക്രം മുന്നോട്ട് നീങ്ങിയപ്പോൾ 'എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും' എന്ന് വി.പൗലോസ് ശ്ലീഹായെ പോലെ ഈ സന്ന്യാസവര്യനും ദൈവമുമ്പാകെ ഏറ്റു പറഞ്ഞിട്ടുണ്ടാകണം.

തീക്ഷ്ണമായ ഓട്ടത്തിനിടയിൽ അസുഖ ബാധിതനായപ്പോഴും തുടർന്നും ഓടണം എന്ന ആ ഇച്ഛാശക്തി വൈദ്യശാസ്ത്രത്തെ പോലും അത്ഭുതപ്പെടുത്തി ഇന്നും എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കിതക്കാതെ... പതറാതെ... ഇവാനിയൻ ധ്യാനചിന്തകളെ ബഥനിക്കും മലങ്കര സഭയ്ക്കും പകർന്നു കൊടുത്ത ബഹു.അച്ചൻ വേറിട്ട ഒരു ധ്യാനശൈലിക്ക് ജന്മം നൽകുകയായിരുന്നു. ക്രിസ്തീയ ഭവനങ്ങളിൽ പാടിപതിഞ്ഞ ചില ഗാനങ്ങളും ഈ ജീവിതം ചിട്ടപ്പെടുത്തി കാലം ഏറെ മുന്നോട്ട് പോയപ്പോൾ നവയുഗ മാധ്യമങ്ങളിലൂടെ പല പേരുകളിൽ കൃത്യമായ ഇടവേളകളിൽ ചിന്താശകലങ്ങൾ തനിക്കും തന്റെ അനുവാചകർക്കുമായി വെളിച്ചം കണ്ടുകൊണ്ടേയിരിക്കുന്നു.

സ്വർഗ്ഗം ആശീർവദിച്ച ഈ ജീവിതത്തെ രണ്ട് താളുകളിൽ ഒതുക്കാനാവില്ല. ദൈവം തമ്പുരാൻ പരിധി നിശ്ചയിച്ചവരെ രണ്ട് താളിൽ ഒതുക്കാൻ നമുക്കാവുമോ? ഇവിടെ നിർത്തുന്നു...

ഒറ്റ വാക്ക് പറഞ്ഞുകൊണ്ട് ബഹു.അച്ചാ ബഥനിക്ക് കാവലാളായി ഇനിയും ഇവിടെ ഉണ്ടാകണം. മാതൃകയായി... തിരുത്തലായി... അനുഗ്രഹമായി... ○

# നന്ദിയോടെ അമ്പതു വർഷങ്ങൾ

**ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി**

അമ്പതാം വർഷത്തെയാണ് ജൂബിലി എന്ന് കർത്താവ് വിളിച്ചത്. അമ്പതാം വർഷം നിങ്ങൾക്കു ജൂബിലി വർഷമായിരിക്കണം. ആ വർഷം വിതയ്ക്കുകയോ, ഭൂമിയിൽ താനേ വളരുന്നവ കൊയ്യുകയോ മുറിക്കാത്ത മുന്തിരിവള്ളികളിലെ ഫലങ്ങൾ ശേഖരിക്കുകയോ അരുത് (ലേവ്യർ 25:11). ഇന്നത് 25 ആയാലും 75 ആയാലും ജൂബിലി തന്നെ. പഴയ നിയമത്തിൽ ജൂബിലി 19 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. അതിൽ പതിനെട്ട് ലേവ്യരിലും ഒന്ന് സംഖ്യ പുസ്തകത്തിലുമാണ്. ലേവ്യർ 25 ആം അധ്യായം 10 മുതലുള്ള വാക്യങ്ങളാണ് ജൂബിലിയെക്കുറിച്ച് ഏറ്റവുമധികം ഉദ്ധരിക്കപ്പെടുന്നത്.

ജൂബിലി വർഷം പാപപരിഹാര വർഷമായിരിക്കണം. നന്ദി അർപ്പണത്തിന്റെ വർഷമായിരിക്കണം. അധ്വാനങ്ങളിൽ നിന്നുള്ള വിടുതലിന്റെ വർഷം ആയിരിക്കണം. അവകാശ സ്ഥലത്തേക്കുള്ള ഒരു തിരിച്ചുപോക്കിന്റെ വർഷം ആയിരിക്കണം. എല്ലാറ്റിലുമുപരി ജൂബിലി വിശുദ്ധ വർഷമായി ആചരിക്കണം.

ബഥനിയിൽ ഒരു സന്ന്യാസിയുടെ സ്വത്വമാണല്ലോ ആദ്യം ഉരുവെടുക്കുന്നത്. കർത്താവ് ഇതിനെ വിശുദ്ധീകരിച്ച് പരുവപ്പെടുത്തി എടുത്തിട്ടാണ് പൗരോഹിത്യം അതിന്മേൽ സ്ഥാപിക്കുന്നത്. ആയതിനാൽ ഒരു സന്ന്യാസ വൈദികന്റെ ജീവിതത്തിലും പൗരോഹിത്യം പോലെയോ അതിലുപരിയോ പ്രാധാന്യം കൊടുത്ത് ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യേണ്ടതു തന്നെയാണ് സന്ന്യാസം എന്ന് ഉറച്ചു വിശ്വസിക്കുന്നു.

ഞാൻ ബഥനിയിൽ ആദ്യ സന്ന്യാസവ്രതം ചെയ്തത് 15.5.1972-ൽ ആണ്. അതനുസരിച്ച് ദൈവം പറഞ്ഞതുപോലെ ഏഴേഴ് 49 വർഷം കഴിഞ്ഞ് വരുന്ന വർഷമായ 2022 വ്രതത്തിന്റെ ജൂബിലിയാണ്. കർത്താവിന്റെ ഹിതമനുസരിച്ച് ജൂബിലി ആഘോഷിക്കണമെങ്കിൽ ഞാൻ താഴെ പറയുന്നവയൊക്കെ ചെയ്യണം.

ഒന്നാമതായി എന്റെ ഗത ജീവിതത്തിലുണ്ടായിട്ടുള്ള വ്രത സംബന്ധിയായ പാപങ്ങൾക്കെല്ലാം പരിഹാരം ചെയ്യണം. രണ്ടമതായി കഴിഞ്ഞ ജീവിതത്തിൽ ദൈവം ചെയ്ത എല്ലാ നന്മകൾക്കും അനുഗ്രഹങ്ങൾക്കും ഞാൻ നന്ദി അർപ്പിക്കണം. ഈ രണ്ടു കാര്യങ്ങളിലും കഴിവത് ചെയ്തുകൊള്ളാമെന്ന് ഈ വർഷത്തെ ആണ്ടു ധ്യാനത്തിൽ പ്രതിജ്ഞ എടുത്തിട്ടുണ്ട്. എത്രമാത്രം ചെയ്തുതീർക്കാൻ സാധിക്കുമെന്ന് അറിയില്ല: മൂന്നാമതായി അധ്വാനങ്ങളിൽ നിന്നുള്ള വിടുതലാണ്. ഇക്കാര്യത്തിൽ സ്വാഭാവികമായി അത്ര എളുപ്പമല്ലാത്തതുകൊണ്ട് തമ്പുരാൻ തന്നെ ഒരു തീരുമാനമെടുത്ത് ഇക്കാര്യം പ്രാവർത്തികമാക്കിയിരിക്കുകയാണ്. അധ്വാനങ്ങളിൽ നിന്നുള്ള ചില്ലറ വിടുതലും ഈ വർഷം തമ്പുരാൻ അനുവദിച്ച് തന്നിരിക്കുന്നു. നാലാമതായി അവകാശ സ്ഥലത്തേക്കുള്ള ഒരു തിരിച്ചുപോക്കാണ്. എന്റെ അവകാശം സ്ഥലം സന്ന്യാസം തന്നെ എന്ന് വിശ്വസിക്കുന്നു. അവിടെനിന്ന് മൈലുകൾ അകലെയാണ് എന്റെ ഇപ്പോഴത്തെ വാസം. ആയതിനാൽ കർത്താവിന്റെ ഹിതമനുസരിച്ച് ഞാൻ തിരിച്ചു പോകണം എന്റെ സ്വന്തം സ്ഥലത്തേക്ക്, അതായത് സന്ന്യാസത്തിന്റെ പൂർണതയിലേക്ക്. ഇതും എത്രമാത്രം പൂർണ്ണമായി പ്രാവർത്തികമാക്കാൻ സാധിക്കുന്നുണ്ടെന്ന് സംശയമുണ്ട്. എന്നാലും അവിടുന്ന് കൂടെയുണ്ടെങ്കിൽ പൗലോസിനു മാത്രമല്ല എനിക്കും എല്ലാം അവനിൽ സാധിക്കുമെന്നുള്ള ഉറച്ച വിശ്വാസത്തിലാണ് ഞാൻ. ഇനിയുള്ളതാണ് അതിപ്രധാനം. അതായത് ഈ ജൂബിലി വിശുദ്ധ വർഷമായി ആചരിക്കുക. ഇതെങ്ങനെ സാധിക്കുമെന്ന് തീർത്തും മനസ്സിലാകുന്നില്ല.

തമ്പുരാനുമായുള്ള സംവാദത്തിൽ നിന്ന് മനസ്സിലായത്: ഒരു സന്ന്യാസിക്ക് എല്ലാ വർഷവും വിശുദ്ധമായിരിക്കേണം. എന്നാൽ അങ്ങനെയല്ല എന്നതാണ് സത്യം. ആയതിനാൽ സന്ന്യാസ പൗരോഹിത്യ വിശുദ്ധിയെ കുറേക്കൂടി മികവുറ്റതാക്കി തീർക്കാൻ ശ്രമിക്കുക എന്നതാണ് അവിടുത്തെ ഉപദേശം. അത് ഞാൻ സ്വീകരിച്ചു.

ഇതുവരെയുള്ള സന്ന്യാസജീവിതത്തിൽ ഞാൻ പഠിച്ച ചില കാര്യങ്ങൾ താഴെ കുറിക്കട്ടെ:

സ്വയം നന്നാകാതെ ആരെയും നന്നാക്കാൻ പോകരുത്.

അധികാരികൾക്ക് വിശ്വസനീയത (credibility) ഉണ്ടായിരിക്കണം. അത് ആർജ്ജിക്കേണ്ടത് ആധികാരികത (authenticity) യിൽ നിന്നായിരിക്കണം. ആധികാരികത ലഭ്യമാകുന്നത് പറയുന്നത് ചെയ്യുന്നതിലൂടെയും ചെയ്യുന്നത് മാത്രം പറയുന്നതിലൂടെയുമായിരിക്കണം.

സന്ന്യാസം അതിന്റെ സത്തയിൽ വസ്തുനിഷ്ഠവും (objective) അതിന്റെ ആചരണത്തിൽ ആത്മനിഷ്ഠവും (subjective) ആണ്. ആയതിനാൽ സന്ന്യാസം ജീവിക്കുന്നതിൽ ഐക്യരൂപം (uniformity) കാണാൻ ശ്രമിക്കരുത്. എന്നാൽ സന്ന്യാസത്തിന്റെ പാലനത്തിൽ യൂണിഫോമിറ്റി ഇല്ലെങ്കിലും ഒബ്ജക്റ്റിവിറ്റിയെങ്കിലും നിഷ്കർഷിക്കാത്ത സന്ന്യാസി സ്വയം കബളിപ്പിക്കപ്പെടുന്നു.

സന്ന്യാസം ഇന്നും എന്റെ മുമ്പിൽ ഒരു ബാലികേറാമലയായി നിൽക്കുകയാണ്. സന്ന്യാസത്തിന്റെ വ്യക്തത തുറന്നു കിട്ടുന്നതേയുള്ളു. ചിലർ പറഞ്ഞു, മൂന്നു വ്രതങ്ങൾ പാലിച്ചാൽ മതിയെന്ന്. എങ്ങനെ പാലിക്കണമെന്നും പറഞ്ഞുവെച്ചിട്ടുണ്ട്. പക്ഷേ പറഞ്ഞതുപോലെ ചെയ്യുന്നവരെ കണ്ടെത്തുക അത്ര എളുപ്പമല്ല. മുന്നിൽ നല്ല മാതൃകകളധികമില്ല. എന്നാൽ സ്വയം മാതൃകയാകാം എന്ന് വിചാരിച്ചാൽ കല്ലിന്റെയും മുള്ളിന്റെയും കളകളുടെയും ഇടയിലൂടെ വളർന്നു പൊങ്ങുക ശ്രമകരവുമാണ്. പൂർണ്ണതയെ കാംക്ഷിച്ച്, സാധിക്കാതെ വരുമ്പോൾ ശ്രമം ഉപേക്ഷിച്ചാലോ എന്ന് നിനയ്ക്കുമ്പോൾ അത് പാടില്ല എന്ന മന്ത്രണം എവിടെ നിന്നോ കേൾക്കാം. ഇവയുടെയെല്ലാം ഇടയിൽ ഞെരുങ്ങുന്ന എന്റെ സ്വത്വം. ഇതാണ് 50 വർഷത്തെ ബാക്കിപത്രം.

താഴ്ചയുടെയും ഉയർച്ചയുടെയും വീഴ്ചയുടെയും എഴുന്നേൽപ്പിന്റെയും ഒരു പ്രതിഭാസമാണ് ജീവിച്ച സന്ന്യാസം എന്ന് തിരിച്ചറിയുന്നു. സ്വയമെന്നോ അപരമായൊ കുറ്റപ്പെടുത്തി സമയം കളയാനില്ല. യുദ്ധഭൂമിയിൽ കർമ്മം ചെയ്യുക, ചെയ്തു കൊണ്ടേയിരിക്കുക: നിഷ്കാമകർമ്മം

ഈ ജൂബിലി വർഷത്തിലെ ഒരു ദൗത്യം ഞാൻ നിറവേറി കൊള്ളട്ടെ. അതായത് നന്ദി അർപ്പണം നന്ദി. എന്റെ മാതാപിതാക്കൾക്കും സഹോദരി സഹോദരങ്ങൾക്കും ഗുരുക്കന്മാർക്കും എന്നെ ബഥനി വരെ കൊണ്ടെത്തിച്ച എല്ലാവർക്കും ബഥനിയായ അമ്മയ്ക്കും ബഥനി സഹോദരങ്ങൾക്കും എന്നെ അറിയുകയും (knowing) തിരിച്ചറിയുകയും (understanding) ചെയ്ത ആയിരങ്ങൾക്ക്. എന്നെ സ്നേഹിക്കുന്നവർക്കും എന്നെ ഞാനാക്കി തീർക്കാൻ അറിഞ്ഞോ അറിയാതെയോ ഒരു കൈസഹായം തന്ന എല്ലാവർക്കും നന്ദി... നന്ദി... എല്ലാറ്റിലുമുപരി ആകുന്നവൻ ഞാൻ ആകുന്നു എന്ന് സ്വയം പരിചയപ്പെടുത്തിയ സർവ്വശക്തനും സർവ്വ നിയന്താവുമായ എന്റെ എല്ലാമായ ദൈവത്തിനു നന്ദി. എല്ലാവരും കൂടെ ഉണ്ടാകണം. ഈ ജൂബിലി വർഷവും അത് കഴിഞ്ഞും. പ്രാർത്ഥനാ സഹായങ്ങൾ അഭ്യർത്ഥിക്കുന്നു.

നന്ദി, നമസ്കാരം!

# ഈപ്പനിൽ നിന്നും ഇഗ്നേഷ്യസിലേക്ക്

**ഫാ. ജോസഫ് കുളക്കുടിയിൽ ഒ.ഐ.സി.**

ജൂബിലിയാഘോഷം സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഒരു ജീവിത തിരിഞ്ഞു നോട്ടത്തിന്റേയും, പുത്തൻ ചൈതന്യത്തോടെ, ഊഷ്മളതയോടെ ജീവിത കരുതലിന്റെയും സമയമാണല്ലോ. സമർപ്പിത ജീവിതത്തിന്റെ അൻപതു വർഷങ്ങൾ പൂർത്തിയാക്കുന്ന സ്നേഹഭാജനങ്ങളായ വില്ല്യമച്ചന്റേയും ഇഗ്നേഷ്യസച്ചന്റേയും അൽഫോൻസച്ചന്റേയും മാതൃകാപരമായ സന്ന്യാസാനുഷ്ഠാനങ്ങൾ ഇളംതലമുറകൾക്ക് പ്രചോദകങ്ങളായിരുന്നു. ഈ അവസരത്തിൽ ശ്രേഷ്ഠജീവിതം നയിച്ചകൊണ്ടിരിക്കുന്ന ഇവരുടെ ശുശ്രൂഷയിലൂടെ സമൂഹത്തിനു ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും ദൈവസന്നിധിയിൽ നന്ദി പറയാം. കൂടുതൽ ശ്രേഷ്ഠതയ്ക്കായി ഇവരെ ദൈവസന്നിധിയിൽ സമർപ്പിച്ചു നമുക്കു പ്രാർത്ഥിക്കാം. ദൈവതൃക്കരങ്ങളിലായിരുന്ന് അനേകരെ ക്രിസ്തുവിങ്കലേക്ക് ആനയിക്കുവാൻ ശേഷിക്കുന്ന അവരുടെ ജീവിതം സമൂഹത്തിനും അവർക്കും മുതൽക്കൂട്ടായിരിക്കട്ടെ. എല്ലാവർക്കും സ്നേഹനിർഭരമായ അനുമോദനങ്ങളും മംഗളാശംസകളും സ്നേഹാദരങ്ങളോടെ നേരുന്നു. പരിത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ദൈവസമ്പാദനത്തിന്റെയും വഴിയിലൂടെ സമർപ്പണ ജീവിതത്തിന്റെയും സുവർണ്ണജൂബിലിയാഘോഷിക്കുന്ന ഈ അവസരം ജൂബിലേറിയൻസിന്റെ ജീവിതത്തിൽ നിറഞ്ഞു നിൽക്കുന്ന ദൈവകൃപയുടെ സാക്ഷ്യമാണ്.

ആയിരിക്കുന്ന അവസ്ഥയിൽ നിന്നും ആയിരിക്കേണ്ട അവസ്ഥയിലേക്കുള്ള പ്രയാണത്തിനുള്ള ക്ഷണമാണ് 'വിളി'. തന്നോടൊപ്പമായിരിക്കുന്നതിനും അയയ്ക്കപ്പെടേണ്ടതിനും ദൈവരാജ്യരഹസ്യങ്ങളെ മനസ്സിലാക്കുന്നതിനും മനസ്സിലാക്കിയ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദൈവരാജ്യത്തെ പ്രഘോഷിക്കുന്നതിനുമായി തനിക്ക് ഇഷ്ടപ്പെട്ടവരെ അവർ ആയിരുന്ന അവസ്ഥയിൽ നിന്നും യേശു വിളിച്ചു, വേർതിരിച്ചു, പുതിയ ദൗത്യംനൽകി അനുഗ്രഹിച്ചു. മീൻ പിടിച്ചുകൊണ്ടിരുന്ന പത്രോസിനെയും അന്ത്രയോസിനെയും പിതാവിനോടൊപ്പം കടൽക്കരയിൽ വല നന്നാക്കിക്കൊണ്ടിരുന്ന സെബദിപുത്രന്മാരായ യാക്കോബിനെയും, യോഹന്നാനെയും മനുഷ്യരെ പിടിക്കുന്നവരാക്കുന്നതിനായി യേശു വിളിച്ചു. ചുങ്കം പിരിച്ചുകൊണ്ടിരുന്ന മത്തായിയെ വിളിച്ച്, വേർതിരിച്ച്, ദൈവരാജ്യപ്രഘോഷകനാക്കി മാറ്റി. ഡമാസ്കസിലേക്കു തീക്ഷ്ണതയാൽ ഓടിക്കൊണ്ടിരുന്ന ശൗലിനെ ദൈവരാജ്യപ്രഘോഷണത്തിനായി പൗലോസായി രൂപാന്തരപ്പെടുത്തി. മധ്യശതകങ്ങളിൽ പ്രോട്ടസ്റ്റന്റ് വിപ്ലവം സഭയുടെ അസ്ഥിവാരത്തെ പിടിച്ചുകുലുക്കി. ഇത്തരുണത്തിൽ പട്ടാളക്കാരനായ ഇഗ്നേഷ്യസ് ലയോളയെ ദൈവം വിളിച്ചു. യുദ്ധത്തിൽ കാലൊടിഞ്ഞ ഇഗ്നേഷ്യസ്, കൂട്ടുകാരോടൊപ്പം സഭയെ കെട്ടിപ്പടുക്കുന്നതിനായി, ദൈവനിമന്ത്രണങ്ങളെ തോളിലേറ്റി, ഇറങ്ങിത്തിരിച്ചു. അങ്ങനെ ഈശോസഭ എന്ന സന്ന്യാസപ്രസ്ഥാനത്തിനു ബീജാവാപമായി. ഇഗ്നേഷ്യസ് ലയോളയുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി ഈപ്പൻ എന്ന മാമ്മോദീസ പേരുള്ള ജോർജ്ജ് തന്റെ സന്ന്യാസ വ്രത സ്വീകരണവേളയിൽ ഇഗ്നേഷ്യസ് എന്ന നാമം സ്വീകരിച്ച് മിശിഹാനുകരണ സമൂഹത്തിൽ തീക്ഷ്ണതയുള്ള ഒരു സന്ന്യാസിയായി ജീവിച്ച് "ദൈവരാജ്യം നിങ്ങളിൽ തന്നെ" എന്ന ക്രിസ്തു വചനത്തിനു അനുസൃതമായി ജീവിതം നയിക്കുവാൻ തീരുമാനിച്ചു.

സമർപ്പണ ജീവിതത്തെ അതിന്റെ പൂർണ്ണ അർത്ഥത്തിൽ മനസ്സിലാക്കുകയും ജീവിതത്തിൽ ആഘോഷമാക്കുകയും ചെയ്ത വ്യക്തിത്വത്തിന്റെ ഉടമയാണ് ഏറ്റം പ്രിയങ്കരനായ ഇഗ്നേഷ്യസ് കടിയംകുന്നിലച്ചൻ. സമർപ്പിത പാരമ്പര്യമുള്ള ഒരു കുടുംബത്തിൽ ജനിച്ചത് സമർപ്പിത

ജീവിതത്തോടു കൂടുതൽ ആദരവുണ്ടാകാൻ സഹായിച്ചിട്ടുണ്ട്. എന്നാൽ അതിലുപരി ജീവിതത്തിൽ നിലനിർത്തിയിരുന്ന പരിത്യാഗവും അർപ്പണബോധവും, ദൈവസ്നേഹവും, സഹോദരസ്നേഹവും, കഠിനപ്രയത്നവും നല്ലൊരു സന്ന്യാസിയായിരിക്കുവാൻ കാരണമായിട്ടുണ്ട്. മാതാവിനേയും പിതാവിനേയും സഹോദരി സഹോദരങ്ങളേയും ലോകത്തേയും തന്നെത്തന്നെയും അക്ഷരാർത്ഥത്തിൽ ഉപേക്ഷിച്ച്, പരിത്യാഗജീവിതത്തിന്റെ ഉത്തമ മാതൃകയാണ് ഇഗ്നേഷ്യസ് കടിയംകുന്നിലച്ചൻ.

പഠനകാലത്ത് ദൈവം തനിക്കു നൽകിയ കഴിവുകളെ വളർത്തി, സ്ഥിര പ്രയത്നത്തിലൂടെ, പൂനാ യൂണിവേഴ്സിറ്റിയിൽ നിന്നും ചരിത്രത്തിൽ ബിരുദാനന്തര ബിരുദം ഉന്നതശ്രേണിയിൽ കരസ്ഥമാക്കിയിട്ടുണ്ട്. താൻ ആർജ്ജിച്ചെടുത്ത, തനിമയാർന്ന പഠനരീതി തന്റെ ശിഷ്യഗണങ്ങളിലേക്കു പകർന്നു കൊടുക്കുവാൻ തന്റെ അദ്ധ്യാപന ശുശ്രൂഷയിലൂടെ സാധിച്ചിട്ടുണ്ട്. ബഥനിയുടെ വിദ്യാഭ്യാസ ശുശ്രൂഷയുടെ പ്രാരംഭഘട്ടത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ശരിയായ ദിശയിൽ നയിക്കുവാൻ തനിക്കു കിട്ടിയ അവസരങ്ങളെ തക്കത്തിൽ ഉപയോഗിച്ചു എന്നു പറയുന്നത് അതിശയോക്തിയായിരിക്കുകയില്ല. നല്ല ഒരു ശിഷ്യസമ്പത്തിനു ഉടമയാണു ഇഗ്നേഷ്യസച്ചൻ എന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്.

സമൂഹത്തിന്റെ മറ്റു ബഹുമുഖ പ്രവർത്തനങ്ങളിൽ അഹോരാത്രം കഷ്ടപ്പെട്ട് സമൂഹത്തെ കെട്ടിപ്പടുക്കുവാൻ ബദ്ധശ്രദ്ധനായിരുന്നു അച്ചൻ. നല്ല ഒരു കൃഷിക്കാരനായിരുന്നു അച്ചൻ എന്നു പറയുന്നതിൽ ഏറ്റം സന്തോഷമുള്ള കാര്യമാണ്. തക്കസമയത്ത് സസ്യജാലങ്ങളെ പരിപാലിക്കുന്നതിലുള്ള അച്ചന്റെ ശ്രദ്ധ എടുത്തു പറയത്തക്കതാണ്. മൃഗങ്ങളോടും, പക്ഷികളോടും ചങ്ങാത്തം കൂട്ടുന്നതിന് അച്ചനുള്ള പാടവം എല്ലാവരുടെയും സംസാരവിഷയമാണ്. പ്രകൃതിയോട് ഇണങ്ങി ജീവിക്കുവാനാണ് അച്ചനു കൂടുതൽ താൽപ്പര്യം. അതുകൊണ്ടായിരിക്കും അച്ചൻ ഇക്കോളജിയിൽ ഉന്നതവിജയം നേടിയത്.

ദൈവം നൽകിയ കഴിവുകളേയും അവസരങ്ങളേയും സ്വീകരിച്ച് ദൈവത്തിനും മനുഷ്യർക്കായി ഇഗ്നേഷ്യസച്ചൻ ത്യാഗപൂർവ്വം സമർപ്പിച്ചും ഒരു നല്ല പുരോഹിതനിൽ ഉണ്ടായിരിക്കണമെന്നു ജനം പ്രതീക്ഷിക്കുന്ന നന്മകളെല്ലാം അദ്ദേഹത്തിൽ കുടികൊള്ളുന്നു. ലളിതമെങ്കിലും ആത്മീയത നിറഞ്ഞുനിൽക്കുന്ന പുരോഹിതൻ ദൈവജനത്തിനു ദൈവത്തെ നല്കുന്ന പുരോഹിതൻ, പുഞ്ചിരിയോടെ ഏവരേയും സ്വീകരിക്കുന്ന പുരോഹിതൻ, ആകുലതകളുമായി എത്തുന്നവർക്ക് ആശ്വാസവും പ്രത്യാശയും നല്കി തിരിച്ചയയ്ക്കുന്ന പുരോഹിതൻ, ത്യാഗപൂർവ്വം സഭയ്ക്കും സമൂഹത്തിനും സേവനം ചെയ്യുന്ന സർവ്വസംഗപരിത്യാഗിയായ ഒരു സന്ന്യാസ പുരോഹിതൻ, ഇതൊക്കെയാണ് അദ്ദേഹത്തെപ്പറ്റി ചിന്തിക്കുമ്പോൾ മനസ്സിൽ ഓടിയെത്തുന്നത്.

തന്റെ സംരക്ഷണത്തിന് ഏല്പിക്കപ്പെട്ടവരെ ഏറ്റം കരുതലോടെ ശ്രദ്ധിക്കുന്ന ഒരു ആശ്രമശ്രേഷ്ഠനെ നമുക്കു അച്ചനിൽ കാണുവാൻ കഴിയും. മറ്റുള്ളവരെ വിശേഷിച്ച് മുതിർന്നവരെ ശുശ്രൂഷിക്കുന്നതിൽ വളരെ ശ്രദ്ധയുള്ളവനായിരുന്നു അച്ചൻ എന്നത് തന്റെ ശുശ്രൂഷയിലൂടെ തെളിയിച്ചിട്ടുണ്ട്. ആവശ്യക്കാരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് തക്കസമയത്ത് ചെയ്തുകൊടുക്കുന്നതിൽ വളരെ സന്തോഷം അച്ചൻ കണ്ടെത്തിയിരുന്നു. ഓരോ ദിവസത്തെയും വരവുചെലവു കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിൽ അച്ചനുള്ള നിഷ്ഠ എടുത്തു പറയത്തക്കതാണ്. എല്ലാവരുമായി സൗഹൃദമായി ഒത്തുപോകുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ അച്ചൻ പരിശ്രമിച്ചിരുന്നു. ○

# ദൈവസാന്നിദ്ധ്യത്തിന്റെ അൻപതുവർഷങ്ങൾ

ഫാ. ഇഗ്നേഷ്യസ് കടിയംകുന്നിൽ ഒ.ഐ.സി.

2022 മെയ് 15 കഴിയുമ്പോൾ ഞങ്ങൾ മൂന്നുപേർ, ബ.അൽഫോൻസ് അച്ചൻ, ബ.വില്യം അച്ചൻ, ഇഗ്നേഷ്യസ് അച്ചൻ എന്നിവർ സമൂഹത്തിൽ സന്ന്യാസനിഷ്ഠയുടെ അൻപതുവർഷങ്ങൾ പൂർത്തീകരിക്കുന്ന ശുഭമുഹൂർത്തമാണ്. സന്ന്യാസനിഷ്ഠയിൽ എന്നെക്കാൾ മുൻപന്തിയിൽ മേൽപ്പറഞ്ഞ എന്റെ സഹപാഠികളായ കൂടപ്പിറപ്പുകൾ തന്നെയാണ്. കൂടാതെ വിദ്യയിലും അഭ്യസത്തിലും മെച്ചം അവർ തന്നെ.


പിന്നിട്ട അൻപതു വർഷങ്ങൾ സന്ന്യാസം ആയിരുന്നോ അതോ എന്തെങ്കിലും തോന്നിയത് ചെയ്ത് 'തോന്ന്യാസമായി' പോയോ എന്നൊന്നും ഇപ്പോൾ പറയാനാവില്ല. മരണാനന്തരം ദൈവകരുണയുടെ മുമ്പിൽ വെളിപ്പെടേണ്ട ഒരു സത്യമാണത്. കൂട്ടായ ജീവിതം സന്ന്യാസമായിരുന്നോ അതോ സമൂഹജീവിതമായിരുന്നോ എന്നു ചിന്തിച്ചാൽ സമൂഹജീവിതത്തിലൂടെ സന്ന്യാസത്തെ കണ്ടെത്തലിന്റെ പരിശ്രമം മാത്രമായിരുന്നോ എന്നു കരുതാം. ഏകാന്തതയിൽ ഉരുത്തിരിയേണ്ടതും വിശ്വസ്തതയിൽ വ്യക്തിപരമായ തിരഞ്ഞെടുപ്പിലൂടെ സാക്ഷാൽക്കരിക്കേണ്ടതുമായ ഒരു നിഷ്ഠാജീവിതം സമൂഹജീവിതത്തിലൂടെ പൂർണ്ണമാക്കാമെന്നു കരുതാനാവില്ല. കാരണം സമൂഹജീവിതത്തിലെ ബഹുമുഖ മത്സരങ്ങളുടെ വേലിയേറ്റം ഒരു സന്ന്യാസത്തെ ഊട്ടിഉറപ്പിക്കാൻ മതിയാവില്ല. സമൂഹജീവിതമെന്ന് സന്ന്യാസത്തെ പറയാനാവുമോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഏകാന്തതയിലോ, വനത്തിലോ, സമൂഹത്തിലോ എവിടെ ആയിരുന്നാലും ഉറച്ച തീരുമാനത്തോട് ദൈവാശ്രയത്തോട് പ്രയാണം ചെയ്താൽ സന്ന്യാസം തികച്ചും സന്തോഷകരമായിരിക്കും. മറിച്ചായാൽ അതൃപ്തിയുടെ കൂമ്പാരമായിട്ട് ജീവിതം അവശേഷിച്ചെന്നുവരാം. ഉദാഹരണങ്ങൾ ഇന്നു നമുക്ക് ചുറ്റും ധാരാളം ഉണ്ട്.

ജനിച്ചു വളർന്ന വീട് വിട്ട് (1970) 52 വർഷങ്ങളും, വ്രതനിഷ്ഠയിൽ (1982) 40 വർഷങ്ങളും വൈദികവൃത്തിയിൽ 40 വർഷങ്ങളും പിന്നിടുമ്പോൾ വ്യക്തിപരമായ എല്ലാ വളർച്ചയും കാരണഭൂതരായിരിക്കുന്നത് ഞാൻ ജീവിക്കുന്ന സമൂഹത്തിലെ ഓരോ അംഗങ്ങളുമാണ്. സമൂഹവളർച്ചയ്ക്ക് ഞാൻ എന്തെങ്കിലും ചെയ്തു എന്നതിലുപരി കൂട്ടായ പ്രവർത്തനത്തിലൂടെ വ്യക്തിയെന്ന നിലയ്ക്ക് നമ്മൾ (ഞങ്ങൾ) വളർന്നു എന്നതാണ് സത്യം. കൂട്ടായ പ്രവർത്തനത്തിലൂടെ ആത്മീയവും ഭൗതികവുമായ എല്ലാ നേട്ടങ്ങളും വ്യക്തികൾക്ക് ലഭിക്കുന്നത് സമൂഹത്തിലുള്ള കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണെന്നു കരുതാം. അപ്പോൾ ഞാൻ സമൂഹത്തിന് എന്തെങ്കിലും ചെയ്തു എന്നതിലുപരി സമൂഹം എനിക്ക് വേണ്ടതെല്ലാം ചെയ്തു എന്നു തീർച്ചയാണ്.

സഭയിൽ ദൈവസാന്നിദ്ധ്യവും ബലഹീനതയിൽ ദൈവകൃപയും കണ്ടെത്തുവാൻ

കഴിഞ്ഞിട്ടുണ്ട്. ഈ സമൂഹത്തിലെ ഗുരുഭൂതന്മാരുടെ ജ്യേഷ്ഠസഹോദരന്മാരുടെയും പ്രത്യേകിച്ച് ഇളംതലമുറയിൽപ്പെട്ട സഹോദരന്മാരുടെയും നന്മ ഉൾക്കൊള്ളുവാൻ കഴിയുന്നതു ഭാഗ്യം തന്നെ. "എന്തു ചെയ്യണം - എന്തു ചെയ്യരുതെന്ന്" അവരെല്ലാം എന്നെ പഠിപ്പിച്ചു. കോൺഗ്രസ് നേതാവായ രാഹുൽഗാന്ധിയുടെ വാക്കിൽ " എന്തു ചെയ്യരുതെന്നു" മോദിജി എന്നെ പഠിപ്പിച്ചു എന്ന വാക്കുകൾ സന്ന്യാസത്തെ സംബന്ധിച്ചു ശരിയായിരുന്നു എന്നു തോന്നുന്നു.

മുതിർന്ന തലമുറയിൽ ബ.എബ്രഹാം അച്ചൻ, ബ.ജോൺ കുഴിനാപ്പുറത്തച്ചൻ, എന്നിവരുടെ കാർക്കശ്യനിഷ്ഠയുടെ പരിശീലനം അരക്കില്ലത്തിൽ ശോധന ചെയ്തു നല്കിയ ശിക്ഷണം എന്നും അന്നും ബലമേകുന്നു. ആരാധനക്രമം ആത്മീയ ശുഷ്കാന്തിയിൽ ഇവർ തന്നിട്ടുള്ള മാതൃക മനോഹരമാണ്. സന്ന്യാസാർത്ഥിക്കാലം മുതൽ നവശിഷ്യകാലത്തുള്ള പരിശീലനംവരെ കൂടെ നിന്നു പരിശീലിപ്പിച്ച ബ.ലോറൻസ് അച്ചനും സഭാ ഗുരുക്കന്മാരുമായിരുന്ന ബ.ജോഷ്വാ അച്ചനും ബ.തോമസ് മാവിലേത്ത് അച്ചനും സന്ന്യാസത്തെ അരക്കിട്ടുറപ്പിച്ചു. ബ.ബർണാർഡ് അച്ചൻ, ബ.അസ്സീസി അച്ചൻ എന്നിവർ തുടർ പരിശീലനത്തിലും പൂനയിലെ പ്രധാന പരിശീലനത്തിൽ ഏറ്റം പ്രിയപ്പെട്ടവരായ ബർക്കുമാൻസ് അച്ചൻ, ബ.അഗസ്റ്റിൻ അച്ചൻ, ബ.ലൂയിസ് മൂലവീട്ടിൽ അച്ചൻ എന്നിവരുടെ സ്നേഹമസൃണമായ പരിശീലനം ശക്തവും അഭിമാനാർഹവുമാണ്. ശേഷം ജീവിതത്തിൽ കൂടെയുള്ള സഹോദരങ്ങൾ എന്നും ആത്മീയപ്രചോദനം ചെയ്യുന്ന നന്മയുടെ ദിനങ്ങളായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മിൽ നിന്നും വാങ്ങിപ്പോയ സഹോദരങ്ങളെയെല്ലാവരെയും ഓർത്ത് നമിച്ചുകൊണ്ട് ദൈവാനുഗ്രഹം നേർന്നു കൊള്ളുന്നു. ○



# ബഥനിയുടെ നമ്മരം

ഫാ. ലിബിൻ വർഗ്ഗീസ് ഒ.ഐ.സി

ചെറിയ കാര്യങ്ങളിൽ വിശ്വസ്തൻ ആയതുകൊണ്ട് വലിയ കാര്യങ്ങൾ ഭരമേല്പിക്കപ്പെട്ട വിശ്വസ്തനായ ബഥനിയുടെ നമ്മരം എന്ന നിലയിൽ പ്രവർത്തിച്ച ബഹു.അൽഫോൻസച്ചന്റെ സുവർണ്ണജൂബിലി വേളയിൽ ഒരു കുറിപ്പെഴുതാൻ സാധിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ബഹു.അൽഫോൻസച്ചനെ ഞാൻ അടുത്തറിയുന്നത് എന്റെ സന്ന്യാസപരിശീലനത്തിന്റെ രണ്ടും മൂന്നും വർഷങ്ങളിലാണ്. നന്മയുടെ വരദാനമായിരുന്നു അദ്ദേഹം. ഇതുപോലൊരു മഹാജീവിതത്തോട് അടുത്തിടപെടാനും ഒരുമിച്ച് ജീവിക്കാനും സാധിച്ചതിൽ അഭിമാനം കൊള്ളുന്നു. ആ വ്യക്തിത്വത്തിൽ എനിക്കെന്നും പ്രകടമായി അനുഭവപ്പെട്ടിരുന്ന സവിശേഷതകളായിരുന്നു സ്നേഹവും, കരുതലും, നിഷ്ഠയും മറ്റുള്ളവരുടെ ആവശ്യങ്ങൾ ആത്മാഭിമാനം ഇവയൊക്കെ അച്ചൻ അങ്ങേയറ്റം കരുതിയിരുന്ന കാര്യങ്ങളാണ് ബഹുമാനപ്പെട്ട അച്ചൻ കർണ്ണാടകയിലും, ഹൈറേഞ്ചിലും വിവിധ ഇടവകകളുടെ തുടക്കക്കാരനാകാൻ അക്ഷീണം പരിശ്രമിക്കുകയും അത് നൂറുശതമാനം നീതിപൂർവ്വം ഫലമണിയിപ്പിക്കുകയും ചെയ്തു. പ്രത്യേകിച്ച് ബഥനിയുടെ സൗത്ത്കാനറാ മിഷന്റെ വളർച്ചയിൽ ബഹു.അച്ചന്റെ ശുശ്രൂഷകൾ ശ്ലാഘനീയമാണ്. മറ്റുള്ളവരോടുള്ള സ്നേഹവും കരുതലും അദ്ദേഹത്തിന്റെ ജീവിതശൈലിയിൽ പ്രകടമായിരുന്നു. തിരുവല്ലാ അതിരൂപതയിലും പുത്തൂർ രൂപതയിലും വിവിധ ഇടവകകളിൽ അദ്ദേഹം ശുശ്രൂഷ നിർവ്വഹിച്ചു. വന്ദ്യനായ അച്ചന്റെ സന്ന്യാസജീവിതത്തിലെ ഉദാത്തമായ നന്മകളും സമ്പൂർണമായ ആത്മസമർപ്പണത്തിന്റെ മാതൃകകളും ഉജ്ജ്വലമായ നേതൃത്വ സവിശേഷതകളും ബഥനിക്ക് മായാത്ത മുദ്ര സമ്മാനിച്ചിരുന്നു. അനേകം ഇടവകകളിൽ ഇടയനടുത്ത ശുശ്രൂഷ നിർവ്വഹിച്ച അദ്ദേഹത്തിന്റെ മിഷനറി ജീവിതം ആഴമായ വിശ്വാസത്തിലും ഭക്തിയിലും അദ്ദേഹം ജീവിച്ചു. ദൈവജനത്തിനുവേണ്ടി പ്രാർത്ഥിച്ചും ജീവിതവിശുദ്ധികൊണ്ട് കൂദാശകളിലൂടെ ദൈവജനത്തെ വിശുദ്ധിയിലേക്ക് നയിച്ചു. പുതിയ മിഷനുകൾ, പുതിയ പള്ളികൾ തുടങ്ങിയവയുടെ ആരംഭത്തിനും നിർമ്മിതിക്കുമായി കലവറയില്ലാതെ സഹായിച്ചിരുന്നു. മിഷൻ മേഖലകളിൽ ആവശ്യമായ ഭൗതിക സംവിധാനങ്ങൾ ഉണ്ടാകുവാനും ബഹു.അച്ചൻ വലിയ ശ്രദ്ധയും ഔദാര്യവും കാട്ടി മനുഷ്യരോടുള്ള ബന്ധം ഊട്ടിവളർത്തുവാൻ അച്ചൻ കാണിച്ചിട്ടുള്ള ഔത്സുക്യം തീർത്തും അഭിനന്ദനാർഹം തന്നെ. കർമ്മംകൊണ്ടും ചിന്തകൾ കൊണ്ടും സമീപനംകൊണ്ടും ബഹു.അച്ചൻ ബഥനിയുടെ ആത്മീയാന്തസ്സ് ഉയർത്തി കാട്ടി. നമ്മുടെയെല്ലാം പ്രിയങ്കരനായിരിക്കുന്ന ബഹു.അൽഫോൻസച്ചന് ഈ അവസരത്തിൽ ജൂബിലി മംഗളങ്ങൾ ഹൃദയപൂർവ്വം നേരുന്നു. സാമൂഹികസേവനവും ലളിതജീവിതവും ജീവിതചര്യയാക്കി മാറ്റിയ അദ്ദേഹം ഇന്നും ജനമനസുകളിൽ ഇടം പിടിക്കുന്നു. മായംചേരാത്ത മനുഷ്യത്വത്തിന്റെ മാതൃകയാണ് അദ്ദേഹം.

***

# വിശുദ്ധ യൗസേപ്പിന്റെ അനുയാത്രികൻ

ഫാ. ജോൺ തുണ്ടിയത്ത് ഒ.ഐ.സി.

ക്രൈസ്തവ സമർപ്പിത ജീവിതം 'സുവിശേഷമായി' – 'സദ്വാർത്തയായി' രൂപാന്തരീകരിക്കുവാനുള്ള വിളിയാണ്. അത് ലോകരക്ഷകനായ ക്രിസ്തുനാഥനും അടുത്ത് അനുഗമിക്കാനുള്ള വിളിയാണ്. ക്രിസ്തുവിൽ നിലനിൽക്കാനുള്ള വിളിയാണ്. ആധുനിക ലോകത്തിന്റെയും അധികാര – പ്രബല സംസ്കാരത്തിന്റെയുമായ ഇന്നത്തെ ജീവിത ശൈലികളിൽ നിന്നും വ്യത്യസ്തമായ ഒരു ജീവിതരീതി – ലാളിത്യത്തിന്റെയും കരുണയുടെയും സ്നേഹത്തിന്റെയും സത്യത്തിന്റേതുമായ ഒരു ജീവിതമാണ് സമർപ്പിത ജീവിതം. ഇപ്രകാരം ക്രിസ്തുവിനെ അനുകരിക്കുവാൻ ദൈവത്താൽ വിളിക്കപ്പെട്ടവർ ആത്യന്തികമായി പറഞ്ഞാൽ മറ്റൊരു ക്രിസ്തുവായി തീരുവാൻ വേണ്ടി വിളിക്കപ്പെട്ടവർ ആണ് സമർപ്പിതർ. അതായിരിക്കണം ബഥാന്യൻ ജീവിതം.

ബഹു.ജോസഫ് അഞ്ചേരിൽ അച്ചന്റെ വത്സല പിതാവിന്റെ വാക്കുകളിൽ പറഞ്ഞാൽ മൂത്ത മകൻ വിദേശത്ത് ജോലി തെരഞ്ഞെടുത്തപ്പോൾ ബഥനിയിലെ മാർത്തയോട് ക്രിസ്തുനാഥൻ പറഞ്ഞപോലെ 'നല്ല പങ്ക്' തെരഞ്ഞെടുത്തുകൊണ്ട് ഇളയമകനായ ജോസഫ് 1995 ജൂൺ 14–ന് ബഥനി ആശ്രമത്തിൽ ചേർന്ന ബഹു.അഞ്ചേരിൽ അച്ചൻ തന്റെ പ്രഥമവ്രത വാഗ്ദാനത്തിന്റെ 25–ാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ രജതജൂബിലിയുടെ എല്ലാ ഭാവുകങ്ങളും പ്രാർത്ഥനകളും നേരുന്നു.

1995 ജൂൺ 14–ന് ആശ്രമത്തിൽ ചേർന്ന ദിവസം തന്നെ 1997 ജൂൺ 14–ന് പ്രഥമ വ്രത വാഗ്ദാനം നടത്തി തന്റെ സമർപ്പിത ജീവിതം ആരംഭിച്ച ബഹു. അഞ്ചേരിൽ അച്ചനെ ഞാൻ കണ്ടുമുട്ടുന്നത് ക്രിസ്തുജയന്തി വർഷം (2000) ജൂൺമാസം പൂനാ ബഥനി വേദവിജ്ഞാന പീഠത്തിലേക്കുള്ള യാത്രാമദ്ധ്യേയാണ്. അന്നുമുതൽ ഇന്നുവരെയും വളരെ ലളിതമായ ജീവിതശൈലിയാണ് അദ്ദേഹത്തിൽ എനിക്ക് ദർശിക്കുവാനും അനുഭവിക്കുവാനും ഇടയായിട്ടുള്ളത്.

ക്രിസ്തുധർമ്മത്തെ അടിസ്ഥാനമാക്കി ബഥനിയുടെ സിദ്ധി ഉൾക്കൊണ്ടുകൊണ്ട് ധാർമ്മികതയെ കൂട്ടുപിടിച്ച് എവിടെയായിരുന്നാലും ഏൽപ്പിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങൾ എല്ലാം സ്വന്തം സുഖം ഉപേക്ഷിച്ച് സമൂഹത്തിനുവേണ്ടിയും ഒപ്പമുള്ളവർക്കുവേണ്ടിയും ആത്മാർത്ഥതയോടും ദീർഘവീക്ഷണത്തോടും അതിന്റെ പൂർണ്ണതയിൽ ചെയ്തു തീർക്കുന്ന ഒരു വ്യക്തിത്വമാണ് ബഹു.അഞ്ചേരിൽ അച്ചൻ തന്റെ സമർപ്പിതജീവിതത്തിന്റെ ആരംഭം മുതൽ നാളിതുവരെയും കാത്തുസൂക്ഷിച്ചിട്ടുള്ളത്. സമർപ്പിതജീവിതത്തിലെ മൃദുല തലങ്ങളെ ഉപേക്ഷിച്ച് പരുക്കൻ തലങ്ങളെ ഉൾക്കൊള്ളുവാനുള്ള ഒരു വെമ്പൽ പലപ്പോഴും പ്രത്യേകിച്ച് അദ്ദേഹത്തിന്റെ വ്യക്തിപരമായ ജീവിതത്തിൽ കാണുവാൻ സാധിച്ചിട്ടുള്ളത്.

2006–ൽ വൈദികപട്ടം സ്വീകരിച്ച് 2009 വരെ തിരുവല്ലാ ബഥനി ദയറായിൽ ആയിരുന്നുകൊണ്ട് പാണ്ടനാട് ഇടവകയിൽ സഹവികാരി ആയിരിക്കുന്നതോടൊപ്പം യോഗാർത്ഥികളുടെ അസിസ്റ്റന്റ് റെക്ടറും ആദ്ധ്യാത്മിക പിതാവും തുടർന്ന് പൂനാ–കലേവാഡിയിൽ യോഗാർത്ഥികളുടെ ഗുരുവും ആയപ്പോഴും സമർപ്പിത ജീവിതത്തിന്റെ ഉദാത്ത മാതൃക ശിഷ്യഗണത്തിന് പകർന്നുകൊടുക്കാൻ ബഹു.അഞ്ചേരിൽ അച്ചൻ എപ്പോഴും ശ്രദ്ധാലുവായിരുന്നു. തിരുവല്ലാ ജീവൻജ്യോതിയിലെ പ്രായമായ അന്തേവാസികൾക്ക്

സ്നേഹത്തിന്റെയും കരുണയുടെയും പ്രതിരൂപമാകുവാനും അദ്ദേഹത്തിന് സാധിച്ചിരുന്നു. അതിന്റെ തുടർച്ച 2009–2010 വർഷങ്ങളിൽ എത്യോപ്യ മിഷൻ പ്രദേശങ്ങളിലും കാത്തുസൂക്ഷിച്ചു. പിന്നീട് ബഥനി സന്ന്യാസ സമൂഹത്തിന്റെ ജനറൽ സെക്രട്ടറി ആയിരിക്കുമ്പോഴും ശേഷം പ്രൊവിൻഷ്യൽ പ്രൊക്യുറേറ്റർ ആയിരിക്കുമ്പോഴും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ദീർഘ വീക്ഷണത്തോടുകൂടി തന്റെ ഉത്തരവാദിത്വങ്ങൾ സന്ന്യാസോചിതമായി നിറവേറ്റുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു.

സമർപ്പിത ജീവിതം എന്ന് പറയുമ്പോഴും 'ഞാൻ' അല്ലെങ്കിൽ 'എന്റേത്' എന്ന ചിന്ത വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ 'സ്വന്തം സമൂഹത്തിനുവേണ്ടി' എന്ന നിലപാട് ഓരോ സമർപ്പിതനും ഉൾക്കൊള്ളുമ്പോഴാണ് ആ സന്ന്യാസസമൂഹം വളരുന്നത്, സമർപ്പിത ജീവിതം ധന്യമാകുന്നത്. അതായത് എല്ലാവർക്കും എല്ലാമായിത്തീർന്ന ക്രിസ്തുവിനെ അനുകരിച്ച് അപ്രകാരം ആയിത്തീരുമ്പോൾ സമർപ്പിതജീവിതം ധന്യമാകുന്നു. ഇതിനുവേണ്ടി സുഖത്തിന്റെയും സുരക്ഷിതത്വത്തിന്റെയും മേൽക്കൂര പൊളിച്ച് യാഗപശുവാകുന്ന ക്രിസ്തുവിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള പരിശ്രമം അനിവാര്യമാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് പ്രാർത്ഥിച്ചതുപോലെ "കർത്താവേ, എനിക്ക് എന്ത് ചേതം വരുമെന്ന് കണക്കാക്കി നോക്കാതെ നിനക്കുവേണ്ടി ചിലവിടുവാൻ എന്നെ അഭ്യസിപ്പിക്കണമേ" ആയിത്തീരുവാൻ ബഹു.അഞ്ചേരിൽ അച്ചൻ ഇപ്പോൾ ആയിരിക്കുന്ന എത്യോപ്യൻ മിഷൻ പ്രദേശങ്ങളിലും തുടർന്നുള്ള ജീവിതത്തിനും സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്,

ബഹു.അഞ്ചേരിൽ അച്ചന് വ്രതവാഗ്ദാനത്തിന്റെ, രജതജൂബിലിയുടെ എല്ലാ നന്മകളും പ്രാർത്ഥനാശംസകളും ഒരിക്കൽ കൂടി നേരുന്നു.



**ഒരു പുരോഹിതനും**
**ഒരു മാലാഖയും**
**ഒരുമിച്ച് വരുന്നതുകണ്ടാൽ,**
**ഞാൻ ആദ്യം വണങ്ങുക**
**പുരോഹിതനെ ആയിരിക്കും**

**വി. ഫ്രാൻസിസ് അസ്സീസി**

# ബഥനിയുടെ കോവിഡാനന്തര വിദ്യാഭ്യാസ നയം

**ഫാ. വർഗീസ് തറമുട്ടം ഒ.ഐ.സി.**

മനുഷ്യജീവിതത്തിന്റെ എല്ലാ രംഗങ്ങളേയും മാറ്റി മറിച്ച് പുതിയ ഉൾക്കാഴ്ചകളിലേക്കതിനെ തിരിച്ചുവിടുവാൻ കോവിഡെന്ന മഹാമാരിക്ക് സാധിച്ചു. സാമ്പത്തിക-സാമൂഹിക-ബൗദ്ധിക എന്തിന്, ആത്മീയ തലത്തിൽ പോലും കടന്നു ചെല്ലുവാനും ഇതുവരെ മനുഷ്യൻ പരമപ്രധാനമെന്ന് കരുതിയവ അപ്രധാനമെന്നും അർത്ഥപൂർണ്ണമെന്ന് കരുതിയ ആചാരങ്ങളും അനുഷ്ഠാനങ്ങളും നിരർത്ഥകമെന്നും പഠിപ്പിച്ച കോവിഡ് ഒരു വിധത്തിൽ ഒരനുഗ്രഹമായിരുന്നു. 'An optimist sees an opportunity in every calamity and a persimist sees a calamity in every opportunity' എന്നൊരു ചൊല്ലുണ്ട്. നമുക്ക് ഒരു ഒപ്റ്റിമിസ്റ്റായിരിക്കാം. കോവിഡിന് ഗുണേകദൃക്കോടെ കാണുവാൻ ശ്രമിക്കാം.

ബഥനിയുടെ മിഷൻ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസം പ്രധാന പങ്കുവഹിക്കുന്നു. ആൾകൊണ്ടും അർത്ഥംകൊണ്ടും ഈ രംഗത്ത് വൈജ്ഞാനിക നേട്ടം കൈവരിക്കുവാൻ ബഥനി ആത്യന്തികം ശ്രമിക്കുന്നു. നമ്മുടെ എല്ലാ സ്ഥാപനങ്ങളും പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്നു എന്നതിൽ നമുക്ക് സന്തോഷിക്കാം. എന്നാൽ കേരള സമൂഹത്തിൽ വിദ്യാഭ്യാസ രംഗത്തും സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതി കാണുമ്പോൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തേക്കുറിച്ചവബോധമുള്ള ഒരു ബഥാനിയന് തന്റെ സ്ഥാപനത്തിന്റെ നൂറു ശതമാനം വിജയത്തേക്കുറിച്ചോ A+ന്റെ എണ്ണത്തേക്കുറിച്ചോ അഭിമാനിക്കുവാൻ പറ്റുമോ? വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നഷ്ടപ്പെട്ടുവെന്ന് എല്ലാവരും പറയുന്നു. +2 കഴിഞ്ഞ എല്ലാ വിഷയത്തിനും A+കിട്ടി ഇറങ്ങി വരുന്ന കുട്ടിക്ക് ഒരു വാചകം തെറ്റുകൂടാതെ പറയുവാനോ പരിഭാഷപ്പെടുത്തുവാനോ സാധിക്കുന്നില്ല. സമൂഹത്തിലേക്കിറങ്ങുമ്പോൾ മനുഷ്യനെ മനുഷ്യനായി കാണേണ്ട വിദ്യാസമ്പന്നൻ അവനെ ഉപഭോഗ വസ്തുവായി കാണുകയും മൃഗീയമായി അവനോടു പെരുമാറുകയും ചെയ്യുമ്പോൾ അതിന്റെ ഉത്തരവാദിത്വം, ഈ പാപഭാരം ഏറ്റെടുത്ത് എന്റെ പിഴ, എന്റെ പിഴ എന്ന് ഏറ്റുപറയേണ്ടത് മാതാപിതാക്കളും വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഓരോ വ്യക്തികളുമാണ്. ഇന്ന് കേരളത്തിൽ നടക്കുന്ന അക്രമങ്ങളെയും അതിക്രമങ്ങളേയും കുറിച്ച് വാദങ്ങളും കുറ്റപ്പെടുത്തലുകളും അന്തിച്ചർച്ചകളും പഴിചാരലുകളും നടക്കുമ്പോൾ പിഴവു പറ്റിയതെവിടെയാണെന്ന് ഇനിയെങ്കിലും മനസ്സിലാക്കുവാൻ ഈ രണ്ടു കൂട്ടർക്കും സാധിക്കണം. ഹിറ്റ്ലറിന്റെ കാലത്ത് കോൺസെൻട്രേഷൻ ക്യാംപുകളിൽ നടന്ന ക്രൂരമായ സംഭവങ്ങളെക്കുറിച്ച് അന്ന് കളഞ്ഞു കിട്ടിയ ഒരു കത്തിൽ ഇപ്രകാരം പറയുന്നു: "Dear teachers concentration camp my eyes saw what no man should witness. Gas chambers built by learned engineers, children poisoned by educated physicians, infants failed by trained nurses, women and babies were shot and burned by high school and college graduates. So, I am suspicious of education. My request is help your children become human. Your efforts must never produce learned monsters, skilled psychopaths, educated illiterates. Reading, Writing and arithmetic are important only when they serve towards making our children more human." ഇന്നും നമ്മുടെ ചുറ്റുപാടും നടത്തുന്നതും ഇതു തന്നയല്ലേ? Three R അതായത് Reading Writing and arithmatics makes a man educated എന്നുള്ള പഴയ കാഴ്ചപ്പാട് തെറ്റാണെന്ന് ഈ കോവിഡാനന്തര കാലത്ത് ചുറ്റുപാടും നടക്കുന്നവയെ നിരീക്ഷിച്ചാൽ നമുക്ക് മനസ്സിലാക്കാം. പകരം മാനുഷിക മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്ന ഒരു വിദ്യാഭ്യാസശൈലി രൂപപ്പെടുത്തേണ്ടത് നമ്മുടെ ദൈവീക ഉത്തരവാദിത്തമാണ്. മൂന്ന് 'R'നു പകരം മൂന്ന് 'H'

ആണ് ഈ കോവിഡാനന്തര വിദ്യാഭ്യാസത്തിനു വേണ്ടത്. അതായത് education with heart (മനുഷ്യനെ മനുഷ്യനായി കാണുന്ന വിദ്യാഭ്യാസം) education with head (സ്വന്തമായി കൈകൊണ്ടദ്ധ്വാനിച്ചു ജീവിക്കുന്ന വിദ്യാഭ്യാസം. (ബൗദ്ധിക വളർച്ചയ്ക്ക് ഉതകുന്ന വിദ്യാഭ്യാസം) നമ്മുടെ വിശുദ്ധ നിയമത്തിൽ പ്രേഷിത പ്രവർത്തനങ്ങളുടെ ലക്ഷ്യത്തേക്കുറിച്ച് no.202-ൽ ഇപ്രകാരം പറയുന്നു:

"ക്രിസ്തുവിൽ ജനിക്കുവാൻ എല്ലാവരെയും ഒരുക്കുക എന്നതാണ് നമ്മുടെ പ്രേഷിത പ്രവർത്തന ലക്ഷ്യം. അതായത് ക്രിസ്തീയ മൂല്യങ്ങൾ മറ്റുള്ളവരിൽ വളർത്തുവാൻ പഠിപ്പിക്കുക. മനുഷ്യത്വം നഷ്ടപ്പെടുന്ന ഈ കാലഘട്ടത്തിൽ ബഥനിയുടെ ഈ ലക്ഷ്യത്തിന്റെ പ്രധാന്യം വർദ്ധിക്കുകയാണ്. സർട്ടിഫിക്കറ്റ് ഒരു കഷ്ണം പേപ്പർ മാത്രമാണെന്നും മനുഷ്യനിലെ മൂല്യങ്ങളും അതനുസരിച്ചുള്ള പ്രവൃത്തികളുമാണ് ഒരുവനെ മനുഷ്യനാക്കുന്നതെന്ന് നമുക്ക് ബോദ്ധ്യപെടുകയും അത് അപരനെ ബോധ്യപ്പെടുത്തുകയും ചെയ്യണം.

പരീക്ഷ നടത്താതെ പ്രമോഷൻ നടത്തിയും ഓൺലൈനിൽ മാത്രം ക്ലാസെടുത്തിട്ടും നൂറു ശതമാനം വിജയവും A+ന്റെ വർദ്ധനവും കാണുമ്പോൾ ഒരിക്കൽ ആഫ്രിക്കൻ യൂണിവേഴ്സിറ്റിയുടെ മുമ്പിൽ ഒളിച്ചിരുന്ന ഒരു ബോർഡിലെ ഏതാനും വരികൾ ഓർമ വരികയാണ്.

"Destroying any nation doesn't require atom bomb or the use of long range missles. It only requires lowering the quality of education allowing cheeting in the examinations by the children. Patients die at the handle of such doctors. Building collapsed at the hands of such engineers. Money is lost at the hands of such economists and accoundants. Humanity is lost at the hands of such religious scholars. Justice dies at the hands of such judges. The collapse of education is the collapse of the nation.

ഇതെല്ലാമല്ലേ നാമിന്നു നമുക്കു ചുറ്റും കാണുന്നത്. ഇവയോടു ചേർന്ന് ഇന്നത്തെ യുവജനങ്ങളുടെ ഇടയിലെ സ്വഭാവവൈകൃതങ്ങൾ കൂടി നാം മനസ്സിലാക്കണം. വാഹനാപകടങ്ങൾ; driving അറിയാത്തതുകൊണ്ടോ traffic നിയമങ്ങൾ അറിയാത്തതുകൊണ്ടോ അല്ല. മറിച്ച് മറ്റുള്ളവരുടെയും തന്റെയും ജീവനു വില കൊടുക്കാനും നിയമം പാലിക്കാനും മനസ്സില്ലാത്തതാണു കാരണം. ആത്മഹത്യാപ്രവണത; സഹാചര്യങ്ങളോടു പൊരുത്തപ്പെടാൻ കുടുംബമോ സ്കൂളോ അവനെ ഒരുക്കിയിട്ടില്ല. പരിസര മലിനീകരണം; പ്രകൃതിയും ഭൂമിയും വെള്ളവുമൊക്കെ പൊതു മുതലാണെന്നും അതിന്റെ പാലനം തന്റെയും മറ്റുള്ളവരുടെയും ജീവന്റെ നിലനിൽപ്പിന് അത്യാവശ്യമാണെന്നുള്ള ബോധ്യമില്ലായ്മ. ഫോൺപോലുള്ള സാമൂഹിക മാധ്യമങ്ങളുടെ ദുരുപയോഗം, വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ, അന്തസ്സില്ലാത്ത വസ്ത്ര ധാരണം, Hair Style. സമൂഹത്തിലെ മുതിർന്ന പൗരന്മാർ, നിലനിൽക്കുന്ന ആചാരാനുഷ്ഠാനങ്ങൾ, ദേശീയഗാനം, ദേശീയ പതാക മതചിഹ്നങ്ങൾ ഇവയോടുള്ള അനാദരവ്, ലഹരിയുടെ ഉപയോഗം ഇതൊക്കെയാണ് ഇന്നത്തെ യുവജനങ്ങളുടെ ജീവിതവൈകൃതങ്ങൾ. മാനുഷിക മൂല്യമാണ് വിദ്യാഭ്യാസത്തിന്റെ മൂല്യമെന്ന് സമൂഹം തിരിച്ചറിയണം. വിദ്യാഭ്യാസത്തിൽ സ്വഭാവ രൂപീകരണത്തിന് പ്രാധാന്യം കൊടുക്കണം. അത് മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ ഒരു വ്യക്തിയുടേയും കുടുംബത്തിന്റേയും സമൂഹത്തിന്റേയും അതിനപ്പുറം പ്രകൃതിയുടേയും അതിൽ നിലകൊള്ളുന്ന സർവ്വ ജീവജാലങ്ങളുടേയും സമാധാനവും ശാന്തിയും ലക്ഷ്യം വച്ചുകൊണ്ടായിരിക്കണം. ഈ വെല്ലുവിളി ഏറ്റെടുത്ത് ബഥനിക്ക് അവളുടെ വിദ്യാഭ്യാസരംഗത്ത് ഒരു തിലകക്കുറി ചാർത്തുവാൻ നാം മുന്നോട്ടു വരണം. അതിനുള്ള നയങ്ങളുടെ രൂപീകരണം അതിവിദൂരതയിലാകരുത്.

***

# കോവിഡാനന്തര
# വിദ്യാഭ്യാസവും വെല്ലുവിളികളും പരിഹാരങ്ങളും

**ഫാ. ഡോ. വർഗ്ഗീസ് കൈപ്പനടുക്ക ഒ.ഐ.സി.**

മാറ്റമില്ലാത്തതായി ഒന്നേയുള്ളു, അതാണു മാറ്റം. കാലത്തിന്റെ പ്രവചനാതീതമായ സ്വഭാവവും ഒഴുക്കും അതിശയത്തോടെ അതിലേറെ കൗതുകത്തോടെ നോക്കിക്കാണുമ്പോൾ ഈ വാക്യമാണു മനസ്സിലേക്കു വരുന്നത്. നഗ്നമായ നേത്രങ്ങൾക്കൊണ്ട് കാണാൻ പറ്റാത്ത അണുവിനോടു പൊരുതി ജയിക്കാനായി എന്ന തോന്നലിലാണു മനുഷ്യരാശി. വീട്ടിനുള്ളിൽ പൂട്ടിക്കെട്ടി ഇരിക്കാൻ ഇനി പറ്റില്ല. അതിനാൽ ജീവിച്ചു പോരാടാനാണ് ശ്രമിക്കുന്നത്. ആ ചിന്ത ജീവിതത്തിന്റെ സമസ്ത മേഖലകളിലും കാണാം. അതുപോലെ നമ്മുടെ വിദ്യാഭ്യാസ മേഖലയിലും ചില പൊളിച്ചെഴുത്തുകൾ ആവശ്യമായി വന്നിരിക്കുന്നു.

Post Covid syndrom മാത്രമല്ല ചില മൂല്യച്യുതികളും നമ്മുടെ വിദ്യാഭ്യാസ രംഗത്തിന്റെ വളർച്ചയിൽ വൻ ഇടിവ് സംഭവിക്കാൻ കാരണമായിത്തീർന്നിട്ടുണ്ട്. തലപ്പത്തുനിന്നു താഴേയ്ക്കിടയിൽവരെ വലിയ ചികിത്സ ആവശ്യമായി വരുമെന്ന കാര്യത്തിൽ തർക്കമില്ല. മാറിമാറി വരുന്ന നേതൃത്വം അവരവരുടെ ഇഷ്ടങ്ങളും താൽപര്യങ്ങളും വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളുമായി കൂട്ടിക്കുഴയ്ക്കുന്നു. അതിന്റെ ഫലമായി മുൻഗാമികളുടെ തലയിൽ അതുവരെയുണ്ടാകുന്ന സകല പ്രശ്നങ്ങളും വെച്ചുകെട്ടാൻ ശ്രമിക്കുന്നു. ഇത് നമ്മുടെ വിദ്യാഭ്യാസ മേഖല നേരിടുന്ന ഏറ്റവും വലിയ ഒരു പ്രതിസന്ധിയാണ്.

ഇതുപോലെ നിലവിലുള്ള മറ്റൊരു പ്രതിസന്ധിയാണ് കൂടെക്കൂടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വ്യക്തികളെ മാറ്റുന്നത്. സമൂഹത്തിനുള്ളിലെ കാലാവസ്ഥക്കനുസരിച്ചു മാറ്റേണ്ട ഒന്നല്ല സ്ഥാപനങ്ങളുടെ തീരുമാനങ്ങളെന്ന് നേതൃത്വത്തിൽ എത്തുന്നവർ മനസിലാക്കേണ്ടിയിരിക്കുന്നു. Proffessionalism നമുക്കു നഷ്ടപ്പെട്ടിരിക്കുന്നു. ആത്മീകവും ഭൗതീകവുമായ തലങ്ങൾ സുന്ദരമായി സമ്മേളിക്കുമ്പോൾ വെല്ലുവിളികളെ അതിജീവിക്കാൻ നമുക്കാകും എന്നതിൽ തർക്കമില്ല. എന്നാൽ ദൈവീകത്വവും മനുഷ്യത്വവും നമ്മുടെ സ്ഥാപനങ്ങളിൽ നഷ്ടമാകുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ലാഭത്തിൽ മാത്രമായിരിക്കരുത് നമ്മുടെ കണ്ണ്. അവിടെ മനുഷ്യത്വപരമായ ദൈവീകത്വം വിളങ്ങണം. അപ്പോൾ അത് ഒരു ബഥാനിയൻ സ്ഥാപനമാകുന്നു. മാർ ഈവാനിയോസ് പിതാവ് നമുക്കു നൽകുന്ന ദർശനവും അതു തന്നെയാണ്. ദൈവീകത്വം നഷ്ടപ്പെടുത്തി മറ്റു പലതിന്റെയും പുറകെ പോകുന്നത് ഒട്ടും യുക്തമല്ല. പൊതുസമൂഹത്തിന്റെ മുന്നിൽ പരിഹാസപാത്രങ്ങളായി നാം നിൽക്കേണ്ടിവരരുത്. അത് സ്ഥാപനത്തിന്റെ മാത്രമല്ല ബഥനിയുടെത്തന്നെ അസ്ഥിത്വത്തെ ചോദ്യം ചെയ്യുന്നതിനു തുല്യമാണ്.

വളരെ ദുഃഖത്തോടെ കാണേണ്ട മറ്റൊരു കാര്യം ഒരു കുടുംബ ഭാവന നഷ്ടമാകുന്നു എന്നതാണ്. ഇതിനെ രാഷ്ട്രീയവത്ക്കരിക്കാൻ പലരും ശ്രമിക്കുന്നു. ചീഞ്ഞ രാഷ്ട്രീയം അത്

ഗുരുതരമായ ഒരു രോഗാവസ്ഥയാണ്. ഈ രോഗത്തിനു ഏറ്റവും അടിയന്തിരമായി ചികിത്സ ആവശ്യമായി വരുന്നു എന്നു പറയാതെ വയ്യ. ഒരു structural system അതിൽ നമ്മൾ അനുയാത്ര ചെയ്തേ പറ്റു. ഒരുകൂട്ടർ തുടങ്ങിവച്ച കാര്യങ്ങൾ പിന്നാലെ വരുന്നവർ അവഗണിക്കുകയും നിർത്തി വയ്ക്കുകയും ചെയ്യുമ്പോൾ നമ്മുടെ വിദ്യാഭ്യാസ മേഖലക്കു ധനനഷ്ടവും മാനഹാനിയും അനുഭവിക്കേണ്ടി വരുമെന്നതിൽ തർക്കമില്ല. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ അവർ അവതരിപ്പിക്കുന്ന കാര്യങ്ങളോടു ചേർന്നു പോകുന്ന രീതിയിലായിരിക്കണം നമ്മുടെ നയങ്ങൾ എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്.

നമ്മുടെ വിദ്യാഭ്യാസ മേഖല മാത്രമല്ല ലോകമെങ്ങും അനുഭവിക്കുന്ന പ്രതിസന്ധിയാണു കുട്ടികളുടെ പഠന നിലവാരത്തിലും സ്വഭാവത്തിലും ശാരീരികവും മാനസികവുമായ കാര്യങ്ങളിലും വൻ ഇടിവ് വന്നിരിക്കുന്നു എന്നത്. 18 മാസങ്ങളിലധികമായി മൊബൈലിന്റെയും ഇന്റർനെറ്റിന്റെയും ലോകത്തായ അവരെ നമ്മുടെ പഠന സംവിധാനങ്ങളുടെ നിലവാരത്തിലേക്കു എത്തിക്കേണ്ടതുണ്ട്. അനാവശ്യമായ കാഴ്ചകളും കേൾവികളും അവരെ വഴി തെറ്റിച്ചു എന്നു കരുതി അവരെ കൈവിട്ടുകളയാനാവില്ല. അവർക്കു നമ്മുടെ വലിയ പിന്തുണ ആവശ്യമാണ്. സ്കൂളിൽ എത്തുമ്പോൾ തികച്ചും രസകരമായ പഠനാന്തരീക്ഷം സൃഷ്ടിക്കുകയും കൗൺസിലിംഗ് ആവശ്യമുള്ള കുട്ടികൾക്കു അതു നൽകുകതന്നെ വേണം എന്നതും പ്രധാനപ്പെട്ട കാര്യങ്ങളാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതീക അന്തരീക്ഷങ്ങളെയും കോവിഡ് മഹാമാരി ബാധിച്ചിട്ടുണ്ട്. നിശ്ചലമായി കിടക്കുന്ന സ്കൂൾ ബസ്സുകൾ മുതൽ പലതും തുരുമ്പെടുത്തു തുടങ്ങിയിരിക്കുന്നു. സ്ഥാപനങ്ങളിൽ കുട്ടികൾക്കു ഭൗതീക സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് നമ്മുടെ കടമയാണ്. വിദ്യാലയത്തിലെ സാമാഗ്രികളെ നന്നാക്കുന്നതിനോടൊപ്പം തുരുമ്പെടുത്തു നശിക്കുന്ന നമ്മുടെ സിസ്റ്റവും തുരുമ്പെടുത്തുപോകുന്നത് കാണാതെ പോകരുത്. തുരുമ്പിന് ആവശ്യമായ ചികിത്സ നടത്താതെ പുറമെ വിലകൂടിയ ചായംപൂശി മോടി കൂട്ടിയാലും തുരുമ്പ് അതിന്റെ പണി തുടർന്നുകൊണ്ടേയിരിക്കും. അധികം താമസിയാതെ അത് പൂർണ്ണമായും നശിക്കുന്നത് കാണേണ്ടതായും വരും. അതിനാൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ സമസ്ത മേഖലകളിലെയും തുരുമ്പിനെ തുരത്തിയേ മതിയാകു.

അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിലും അവരോടു ഇടപഴകുന്ന രീതികളിലും മാറ്റം വരുത്തേണ്ടതുണ്ട്. കഴിവും പ്രവർത്തി പരിചയവും പരിഗണിക്കാതെ ചില വ്യക്തി താത്പര്യങ്ങൾ കണ്ട് അവരെ നിയമിച്ചാൽ അതു നമ്മുടെ സ്ഥാപനങ്ങളിലെ നിലവാരത്തെ തകർക്കും എന്ന കാര്യത്തിൽ തർക്കമില്ല. ഇതോടൊപ്പം നമ്മുടെ സഹോദരങ്ങളുടെ ഇടയിലും യോഗ്യതയും കഴിവും സ്വയം ബോധ്യമുള്ളവരുമാക്കിയെടുത്താൽ മാത്രമെ ഒരാൾക്ക് സ്ഥാപനത്തെ ഉൾക്കാഴ്ചകളോടെ നയിക്കാനാകൂ. നിയമനത്തിൽ ശ്രദ്ധയും നയപരമായ തീരുമാനങ്ങളിൽ തുടർച്ചയും ഉണ്ടാവണം. ഇവയൊക്കെ വളരെ കരുതലോടെയേ ചെയ്യാവൂ.

സ്ഥല പരിധികൾ മാനിച്ചുകൊണ്ടു നമ്മുടെ എല്ലാ സ്ഥാപനങ്ങളിലും പൊതുവായ ചില നിയമപരിഷ്ക്കരണങ്ങൾ ഉണ്ടാക്കണം. ഗുജറാത്ത്, മഹാരാഷ്ട്ര, പഞ്ചാബ്, കേരളം, ഡൽഹി, കർണാടക എന്നിവയെ വേർതിരിവുകളില്ലാതെ കരുതുന്നതിൽ തെറ്റില്ല. അതിനായി സുപ്പീരി

യർ ജനറൽ, പ്രൊവിൻഷ്യൽ സുപ്പീരിയർ, ആശ്രമ സുപ്പീരിയർ തലം മുതൽ താഴേയ്ക്കിടയിലുള്ള നമ്മുടെ എല്ലാ സ്ഥാപനങ്ങളിലെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടു പോകേണ്ടതുണ്ട്.

ഓരോ സ്ഥാപനത്തിലേക്കുമുള്ള സമൂഹാംഗങ്ങളുടെ നിയമനം തുടങ്ങി അവിടുത്തെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം, കുട്ടികൾ, നിലവിലുള്ള ജീവനക്കാർ ഇവരെ കൈകാര്യം ചെയ്യുന്ന രീതികൾ എന്നിവയിൽ സമഗ്രമായ മാറ്റം ഉണ്ടാകണം. ഏവർക്കും വിദ്യാലയങ്ങളിലെത്തുമ്പോൾ സ്നേഹോഷ്മളമായ അന്തരീക്ഷം ഒരുക്കുവാനും പഠിപ്പിക്കുവാനും പഠിക്കുവാനും ഉതകുന്ന അന്തരീക്ഷം രൂപപ്പെടുത്തണം. തികച്ചും ബാലിശവും അടിസ്ഥാനമില്ലാത്തതുമായ കാര്യങ്ങളിൽ സ്ഥാപന നേതൃത്വം അവിടെ സേവനം ചെയ്യുന്നവരെയും അവരുടെ കുഞ്ഞുങ്ങളെയും പ്രതിസന്ധിയിലാക്കുന്നത് ഒട്ടും ആശാസ്യമല്ല.

നമ്മുടെ ശ്രദ്ധയും ചിന്തയും വേണ്ട മറ്റൊരു കാര്യം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ പ്രത്യേകിച്ച് കേരളത്തിനു പുറത്തുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ പല വിധത്തിലുള്ള വെല്ലുവിളികൾ നേരിടുന്നുണ്ട്. അവർക്കുണ്ടാകുന്ന പ്രശ്നങ്ങളിൽ അവരെ ഒറ്റപ്പെടുത്തുകയും കുറ്റപ്പെടുത്തുകയും ചെയ്യാതെ സമൂഹം ഒന്നായി അവരെ ചേർത്തു പിടിക്കുകയും വെല്ലുവിളികളിൽനിന്നും അവരെ രക്ഷിച്ചെടുക്കുകയും വേണം. അത്തരത്തിലുള്ള നന്മകൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോഴാണ് പുതു തലമുറകളും ഇതിലേക്ക് ആകൃഷ്ടരായി സമൂഹത്തിന്റെ സ്ഥാപനങ്ങളുടെ വളർച്ചയിൽ പങ്കാളികളാകൂ. ബഥനി എന്ന കുടുംബത്തിന്റെ മൂല്യബോധത്തെ തകർക്കുകയും കുടുംബത്തെ ശിഥിലമാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നമുക്ക് ഉചിതമല്ല.

നോക്കിയാൽ പരിമിതികളാണ് കൂടുതൽ. ആത്മീയ, ഭൗതീക, സാമൂഹിക, രാഷ്ട്രീയ സാഹചര്യങ്ങളിലെല്ലാം അത് പ്രതിഫലിക്കുന്നു. കൂട്ടായുള്ള പരിശ്രമം, സ്നേഹ സമ്പൂർണ്ണമായ സഹകരണം എന്നിവയിൽ കൂടിയേ ഇതിനെ മറിക്കടക്കുവാൻ കഴിയൂ. അതിനോടൊപ്പം ശക്തവും വ്യക്തവും തുടർന്നുപോകുന്നതുമായ നിലപാടുകൾ ഉണ്ടാകണം. നമ്മുടെ അടുത്തേക്കു കടന്നുവരുന്ന എല്ലാവർക്കും അവർ അർഹിക്കുന്നത് നൽകുക എന്നത് ഓരോ ബഥാനിയന്റെയും കടമയാണ്. ആത്മീയമായ വെല്ലുവിളികളെ ദൈവസ്നേഹംകൊണ്ട് നമുക്കു മറിക്കടക്കാം. ബഥാനിയൻ ചൈതന്യം നിറഞ്ഞു നിൽക്കുന്ന വടവൃക്ഷങ്ങളായി നമ്മുടെ സ്ഥാപനങ്ങൾ ശോഭയോടെ വിളങ്ങട്ടേയെന്നു ഹൃദയപൂർവ്വം ആശംസിക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് നമ്മെയും നമ്മുടെ പ്രവർത്തനങ്ങളെയും അനുഗ്രഹിക്കട്ടെ.

# ബഥനി ഡലഗേഷൻ - എത്യോപ്യ

**ഫാ. മാത്യു അഗസ്റ്റിൻ ഒ.ഐ.സി.**
ഡലഗേഷൻ സുപ്പീര്യർ
ബഥനി എത്യോപ്യൻ ഡലഗേഷൻ

ആമുഖം

ബഥനി ആശ്രമസ്ഥാപകൻ, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ദർശനവും ബഥനി സമൂഹത്തിന്റെ ദീർഘകാലത്തെ ആഗ്രഹത്തിന്റെ പൂർത്തീകരണവുമായി എത്യോപ്യൻ മിഷനെ നമുക്ക് വിശേഷിപ്പിക്കാം.

2009-ൽ ആരംഭിച്ച എത്യോപ്യൻ മിഷൻ രണ്ടു റീത്തുകളിലായി (എംഡിബിർ), നെകംതേ വികാരിയേറ്റ്) വ്യാപിച്ചിരിക്കുന്നു. ഈ കാലയളവിൽ ബഥനി സമൂഹം എത്യോപ്യൻ മിഷനോട് കാണിക്കുന്ന സ്നേഹത്തിന്റെയും കരുതലിന്റെയും ബോധ്യത്തിന്റേയും അടിസ്ഥാനത്തിലാണല്ലോ ഇരുപതാം സിനാക്സിസ് എത്യോപ്യൻ മിഷനെ ഒരു റീജിയനായി ഉയർത്തുവാൻ ഏകകമായി തീരുമാനിച്ചത്.

ബഥനി ആശ്രമം ജനറലേറ്റിന്റെ കീഴിൽ ഒരു റീജിയനായി മാറുന്നതിന്റെ പ്രാരംഭ ഘട്ടമായി എത്യോപ്യൻ മിഷനെ ഒരു ഡലഗേറ്റായി 2022, ഫെബ്രുവരി 2-ാം തീയതി സമൂഹാദ്ധ്യക്ഷൻ തന്റെ കൗൺസിലിന്റെ അംഗീകാരത്തോടെ പ്രഖ്യാപിച്ചു. ഇതിന്റെ വെളിച്ചത്തിൽ പരീക്ഷണാർത്ഥം നിലവിൽ വന്ന നിയമാവലിയുടെ വെളിച്ചത്തിൽ എത്യോപ്യയിലെ ശുശ്രൂഷകൾ നിർവ്വഹിച്ചുവരുന്നു. ബഥനി മിഷനറിമാർ ഇപ്പോൾ എത്യോപ്യയിൽ ചെയ്തുവരുന്ന പ്രേഷിത പ്രവർത്തനങ്ങളുടെ ഒരു സംഗ്രഹം ഈ ലേഖനത്തിലൂടെ പ്രതിപാദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

**1. സുവിശേഷവത്കരണവും നവസുവിശേഷീകരണവും**

രണ്ടു രൂപതകളിലുമായി നമുക്ക് 6 ഇടവകകളും 3 മിഷൻ കേന്ദ്രങ്ങളും 5 പ്രാരംഭ കൂട്ടായ്മകളുമാണുള്ളത്. ഇടവകകളിലെ കാര്യക്ഷമമായ വിവിധങ്ങളായ ശുശ്രൂഷകൾ ഇടവകയ്ക്ക് ആത്മീയ ഉണർവ്വു നൽകുന്നതിന് ഉപകരിക്കുന്നു.

2016-ൽ എംഡിബിർ രൂപതയിൽ ഗാലിയറോഗ്ഡ സ്ഥലത്തെ ഗുമ്മൂസ് ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ ബഹു.ജോബ് ഡാനിയേൽ ഒ.ഐ.സി. അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച സുവിശേഷവത്കരണശുശ്രൂഷ 5 ഗ്രാമങ്ങളിലായി വ്യാപിപ്പിക്കുകയും ഈ വിഭാഗം ആളുകളുടെ വിശ്വാസ, സാമൂഹിക, വിദ്യാഭ്യാസ, കാർഷിക, ആരോഗ്യ രംഗങ്ങളിൽ അഭൂതപൂർവ്വമായ പുരോഗതി കൈവരിച്ചു വരുന്നു. മറ്റ് ഗോത്രങ്ങളിലുള്ളവരും നമ്മുടെ വിശ്വാസകൂട്ടായ്മയിലേക്ക് കടന്നുവരുന്നു. 2018-ൽ മെക്കന്നോ എന്ന സ്ഥലത്ത് ദൈവാലയം നിർമ്മിക്കുകയും വി.മിഖായേൽ മാലാഖയുടെ നാമത്തിലുള്ള ഈ ദേവാലയം പ്രതിഷ്ഠിക്കുകയും ചെയ്തു. ഇതേ വർഷം തന്നെ ഗാഗുറേബോറ എന്ന സ്ഥലത്തുള്ള ഒരു ഇടവക നമ്മെ ഭരമേൽപ്പിക്കുകയും ശക്തമായ നവസുവിശേഷവത്കരണം നടന്നുവരികയും ചെയ്യുന്നു. ഇപ്പോൾ ഇടവകദേവാലയത്തിന്റെ പുനർനിർമ്മാണം നടന്നുവരുന്നു.

നെകംതേ വികാരിയേറ്റിൽ നമ്മുക്ക് 4 ഇടവകകളും 3 മിഷൻ കേന്ദ്രങ്ങളുമാണുള്ളത്. ഗോത്രങ്ങൾ തമ്മിലുള്ള സ്പർദ്ധയും നിലവിലുള്ള ഗവൺമെന്റിന് എതിരെയുള്ള പ്രക്ഷേപങ്ങൾ വളരെ രൂക്ഷമായ പ്രദേശങ്ങളാണ്. ഇവിടം സുഗമമായ യാത്രയും വാർത്താവിനിമയ സംവിധാനങ്ങളും താറുമാറായ പ്രദേശങ്ങളാണ്. വളരെ പ്രയാസമേറിയ ഈ പ്രദേശങ്ങളിലും സജീവമായി നമ്മുടെ മിഷൻ വേല നടത്തിക്കൊണ്ടിരിക്കുന്നു. ഹാറോ എന്ന പ്രദേശത്ത് ഒരു പുതിയ കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ട്. കാമാഷി ഇടവകയും അതിന്റെ 3 മിഷൻ കേന്ദ്രങ്ങളോടൊപ്പം പുതിയതായി രണ്ട് വിശ്വാസ കൂട്ടായ്മകൾ സ്ഥാപിക്കുന്നതിന് ബഹു.എബി എബ്രഹാം അച്ചനും, ജോൺ വിനോദ് അച്ചനും സാധിച്ചു. എന്നാൽ രൂക്ഷമായ ആഭ്യന്തര കലഹം മൂലം നമുക്ക് താല്കാലികമായി കാമാഷി മിഷൻ മന്ദിരവും അതിനോടനുബന്ധിച്ചുള്ള സുവിശേഷവത്കരണവും താത്കാലികമായി നിർത്തിവയ്ക്കേണ്ടിവന്നു. എങ്കിലും കാമാഷിയിയുള്ള സ്കൂൾ (KG)പ്രവർത്തിച്ചുവരുന്നു.

**വിദ്യാഭ്യാസം**

നമ്മുടെ അപ്പസ്തോലിക പ്രവർത്തനങ്ങളിൽ സജീവമായ ഒരു ശുശ്രൂഷയാണ് വിദ്യാഭ്യാസരംഗം. Formal, Non-formal, Technical എന്നീ മേഖലകളിലായും തലങ്ങളിലായും വിദ്യാഭ്യാസശുശ്രൂഷ നിർവ്വഹിച്ചുവരുന്നു. എംഡിബിർ രൂപതയിൽ ഒരു TVET College ആരംഭിക്കുകയും (1. computer, 2.carpentory, 3. metal manufactoring, 4. Tailoring, 5. Construction, 6. Electrical, 7. Agriculture) ധാരാളം യുവജനങ്ങൾക്കും മുതിർന്നവർക്കും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും കാര്യക്ഷമമായ കാർഷിക നൈപുണ്യവും നൽകുന്നതിന് നമുക്ക് സാധിച്ചു. പഠനശേഷം സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സംരംഭകരാകാനും വേണ്ട പ്രോത്സാഹനവും സഹായവും ചെയ്തുവന്നിരുന്നു. രൂപതയുമായുള്ള ധാരാണപ്രകാരം ഈ സ്ഥാപനം രൂപതയ്ക്കു കൈമാറുകയുണ്ടായി.

Non-formal ആയി തൊഴിലധിഷ്ഠിത പരിശീലനം ഇപ്പോൾ ചെറിയ തോതിൽ (തയ്യൽ പരിശീലനം, Computer, Carpentary, Construction, കൃഷി) യുവജനങ്ങൾക്ക് നൽകി വരുന്നു. നമ്മുടെ ഇടവകകൾ കേന്ദ്രീകരിച്ച് അംഗനവാടികളും ആശ്രമങ്ങൾ കേന്ദ്രീകരിച്ച് പ്രൈമറി സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. മൂല്യാധിഷ്ഠിതമായ quality education പ്രദാനം ചെയ്യുന്നതിന് നാം ശ്രദ്ധിച്ചുവരുന്നു. പഠനത്തിൽ സമർത്ഥരും സാമ്പത്തികമായി വളരെ പരാധീനത അനുഭവിക്കുന്നതുമായ വിദ്യാർത്ഥികൾക്കുവേണ്ട സഹായം ചെയ്തുവരുന്നു. ഇടവകകളിലും ആശ്രമങ്ങളുടെ അയൽവാസികളുമായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ സ്കോളർഷിപ്പ് ഉന്നതപഠനത്തിനാവശ്യമായ സഹായങ്ങൾ, അദ്ധ്യാപകരുടെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പഠനസഹായങ്ങൾ (KG training, Diploma, Degree, Post graduation, Nursing) ചെയ്തുവരുന്നു.

**ബഥനി ബോയ്സ് ഹോം**

എംഡിബിർ ആശ്രമത്തോടു ചേർന്ന് നടത്തിവന്നിരുന്ന ബോയ്സ് ഹോം, ഗോറു ആശ്രമത്തിലേക്ക് മാറ്റി സ്ഥാപിച്ചു. എംഡിബിർ ബോയ്സ് ഹോമിലെ കുട്ടികൾ 6-ാം ക്ലാസുമുതൽ 12-ാം ക്ലാസുവരെ പഠിക്കുകയും തുടർന്ന് merit-ൽ university-കളിലേക്ക് അഡ്മിഷൻ ലഭിക്കുകയും ഉന്നതപഠനം (ഡിഗ്രി, എൻജിനിയറിംഗ്) മുതലായവ പൂർത്തിയാക്കുകയും ചെയ്തത് ചാരിതാർത്ഥ്യകരമായ അനുഭവമായിരുന്നു. ഇപ്പോൾ ഗോറു ആശ്രമത്തിൽ എട്ട് കുട്ടികൾ താമസിച്ചു പഠിക്കുന്നു.

ഗോറു സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണത്തിന് യൂറോപ്പിലുള്ള നമ്മുടെ സമൂഹാംഗങ്ങളുടെ (1 euro per day for mid day meal) ഔദാര്യപരമായ പങ്കുചേരൽ ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

3. **ആരോഗ്യ പരിപാലനം:** ഇടവകകൾ കേന്ദ്രീകരിച്ച് ആരോഗ്യപരിപാലന മേഖലയിൽ നാമ ശ്രദ്ധിച്ചുവരുന്നു. ഈ ശുശ്രൂഷയിൽ ബഥനി സന്ന്യാസിനി (SIC) സഹോദരികളും മറ്റു സന്ന്യാസിനി സഭകളും നമ്മെ സഹായിക്കുന്നു. ജലദൗർലഭ്യം, ശുചിത്വമില്ലായ്മ എന്നിവ ഇവിടുത്തെ ആരോഗ്യരംഗത്തെ പ്രതികൂലമായി ബാധിക്കുന്നു. കോളറ, ടൈഫോയ്ഡ്, ടൈഫസ്, ക്ഷയം, HIVഎന്നിവ കുട്ടികളിലും മുതിർന്നവരിലും കണ്ടുവരുന്നു. അംഗവൈകല്യമുള്ള കുട്ടികളേയും വൃദ്ധരായവരേയും നാം പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. സിറേ ആശ്രമം കേന്ദ്രീകരിച്ച് മന്തുരോഗികളുടെ ഇടയിൽ നാം നടത്തുന്ന ശുശ്രൂഷ ആയിരക്കണക്കിന് രോഗികൾക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്നു.

**4. ഗ്രാമവികസനം**

ചെറുറോഡുകളുടെ നിർമ്മാണം ശുദ്ധജലവിതരണം, ഭവനനിർമ്മാണം, ശുചിമുറികളുടെ നിർമ്മാണം, വൈദ്യുത വിളക്കുകളുടെ (solar lamp) വിതരണം വിവിധ കാർഷിക രീതികൾ, കോഴി, കഴുത, ആടുമാടു വളർത്തൽ എന്നിവയ്ക്ക് ഊന്നൽ നൽകുന്നു. ശുദ്ധജലം സംഭരിക്കുന്നതിന് Rain water, harvesting tank, ചെറുകിണറുകൾ, Bore well, ജലവിതരണത്തിനുള്ള സംവിധാനങ്ങൾ (ജലം ശേഖരിക്കുന്നതിന് ചെറിയ കന്നാസുകളുടെ വിതരണം) എന്നിവ ലഭ്യമാക്കി വരുന്നു.

**5. പ്രസിദ്ധീകരണം**

വിശ്വാസപരിശീലനം ലക്ഷ്യമാക്കി പ്രാദേശിക ഭാഷകളിലേക്ക് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നു. ഇടവകകൾ കേന്ദ്രീകരിച്ചു നടത്തിവരുന്ന BBS, Faith formation, Catechism, Youth Animation, Adult Catechism എന്നിവയും ഒറോമിയ ഭാഷയിലേക്കുള്ള കുർബാന തക്സയുടെ പരിഭാഷയും വിശ്വാസജീവിതത്തെ കാര്യക്ഷമമാക്കാൻ സഹായിക്കുന്നു.

**6. ഫോർമേഷൻ**

എത്യോപ്യൻ മേജർ സെമിനാരിയിൽ പഠിപ്പിക്കുന്നതിന് നമ്മുടെ വൈദികർക്ക് ലഭിച്ച അവസരം സവിശേഷമായ പ്രശംസക്ക് കാരണമായിട്ടുണ്ട്. എത്യോപ്യയിലെ ഭാവി വൈദികരെ വാർത്തെടുക്കുന്ന ശുശ്രൂഷയിൽ നമുക്ക് പങ്കാളികളാകാൻ സാധിച്ചത് നമുക്ക് അഭിമാനം നൽകുന്നു. എത്യോപ്യയിൽ ശുശ്രൂഷ ചെയ്തുവരുന്ന വിവിധ സന്ന്യാസിനി സമൂഹങ്ങൾക്ക് നാം നൽകിവരുന്ന ആത്മീയ ശുശ്രൂഷകൾ (മാസധ്യാനം, വാർഷിക ധ്യാനം) വിവിധങ്ങളായ സമൂഹങ്ങളുടെ ജീവിതശൈലികളെ മനസ്സിലാക്കുന്നതിനും ആത്മീയമായി പുഷ്ടിപ്പെടാനും പുഷ്ടിപ്പെടുത്താനും സാധിക്കുന്നു.

**പ്രതീക്ഷകൾ**

എത്യോപ്യൻ മിഷൻ ഇപ്പോൾ ഒരു പതിറ്റാണ്ട് പിന്നിട്ടിരിക്കുന്നു. പ്രാദേശിക സഭയ്ക്കും ദേശത്തിനും നമ്മുടെ സമൂഹാംഗങ്ങളുടെ ശുശ്രൂഷകൾ ഏറെ പ്രതീക്ഷയും നൽകുന്നു. എംഡിബിർ രൂപതാദ്ധ്യക്ഷൻ ഒറോമിയ ഭാഷ സംസാരിക്കുന്ന പ്രദേശങ്ങൾ ചേർത്ത് ഒരു പുതിയ വൈദിക ജില്ല സ്ഥാപിക്കുകയും ബഥനി സമൂഹത്തെ ഏൽപ്പിക്കുകയും ചെയ്തു. ഈ പ്രദേശങ്ങളുടെ വളർച്ച നമ്മുടെ സമൂഹത്തിന്റെ ഉത്തരവാദിത്വമായി മാറിയിരിക്കുന്നു.

ഗോറു ആശ്രമം കേന്ദ്രീകരിച്ച് ഒരു ചെറിയ കൂട്ടായ്മ രൂപപ്പെട്ടുപോരുന്നു. എല്ലാ ശനിയാഴ്ചകളിലും വൈകിട്ട് പ്രാർത്ഥനാകൂട്ടായ്മയും ഞായറാഴ്ചകളിൽ പരിശുദ്ധ കുർബാനയും ഈ പുതിയ കൂട്ടായ്മയാക്കി ആശ്രമത്തിൽ ക്രമീകരിച്ചുവരുന്നു. ഒരു മിഷൻ സ്റ്റേഷൻ ആകാനുള്ള പ്രാരംഭ പ്രവർത്തനമായി ഇതിനെ കണക്കാക്കാം.

**പ്രായോഗിക പ്രയാസങ്ങൾ**

മിഷൻ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഓരോ പ്രദേശത്തിന്റെ പ്രത്യേകത അനുസരിച്ച് പ്രയാസങ്ങൾ നേരിടേണ്ടി വരുന്നു. കാലാവസ്ഥ, ഭക്ഷണക്രമം, പ്രാദേശിക ഭാഷകളിലുള്ള പരിജ്ഞാനക്കുറവ്, നിരന്തരമായ ആഭ്യന്തര പ്രശ്നങ്ങൾ, സമൂഹാംഗങ്ങളുടെ കുറവ് എന്നിവ നമ്മുടെ മിഷൻ പ്രവർത്തനങ്ങളുടെ ആക്കം കുറയ്ക്കുന്നു. സങ്കീർണ്ണങ്ങളായ ഈ അവസ്ഥയിലും ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ട് നമ്മുടെ സമൂഹാംഗങ്ങൾ നൽകുന്ന ശുശ്രൂഷകൾ എല്ലാവരാലും പ്രശംസിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. എത്യോപ്യയിലെ ഗംബേല വികാരിയേറ്റിലും ഇറ്റലിയിലെ ഉദനെ അതിരൂപതയിലും ആശ്രമങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ നമ്മുടെ മിഷൻ വേലയുടെ മികവിന്റെ സാക്ഷ്യമായി കരുതാം.

'ഫ്രണ്ട്സ് ഓഫ് ബഥനി'യും ബഥനിയുടെ മൂന്നാം സഭയുടെ ഒരുക്കമാകാവുന്ന ചെറുകൂട്ടായ്മയും എത്യോപ്യൻ മിഷനിലൂടെ രൂപപ്പെട്ടുവരുന്നതും, ആഫ്രിക്കയിലെ മറ്റു രാജ്യങ്ങളിലേക്കുള്ള ബഥനി ആശ്രമത്തിന്റെ ശുശ്രൂഷകൾ വ്യാപിക്കുന്നതിന് എത്യോപ്യൻ മിഷൻ ഒരു വാതിലായി മാറുന്നതും ദൈവിക പദ്ധതിയായി കണക്കാക്കാം.

എത്യോപ്യൻ മിഷനിൽ ശുശ്രൂഷ ചെയ്തവരും (ബഹു.ഡാനിയേൽ മണ്ണിൽ ഒ.ഐ.സി., ജോബ് ഡാനിയേൽ ഒ.ഐ.സി, എബി എബ്രഹാം ഒ.ഐ.സി) ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നവരുടേയും (ബഹു.ജോൺ വിനോദ് ഒ.ഐ.സി., റെജി സൈമൺ ഒ.ഐ.സി., മാത്യൂസ് സി.അഗസ്റ്റിൻ ഒ.ഐ.സി, ജോഷ്വാ ഇടക്കടമ്പിൽ ഒ.ഐ.സി., വർഗ്ഗീസ് വിജയാനന്ദ് ഒ.ഐ.സി. ബോണിഫസ് ഒ.ഐ.സി., ജോസഫ് അഞ്ചേരിൽ ഒ.ഐ.സി.) ത്യാഗോജ്ജ്വലമായ ജീവിതം-സമൂഹത്തിന്റെ പൈതൃകമായി തുടർന്നു കൊണ്ടുപോകുന്നത് അഭിനന്ദനാർഹമാണ്.

എത്യോപ്യൻ മിഷൻ ഒരു റീജിയനായി മാറാനുള്ള ഒരുക്കം നമ്മുടെ മിഷൻ വേലയെ ഉത്തേജിപ്പിക്കട്ടെ! പരിശീലനകാലഘട്ടത്തിൽ തന്നെ ഇതിനാവശ്യമായ ഒരുക്കങ്ങൾ BVP-യിൽ ആരംഭിക്കുന്നത് ഉചിതമായിരിക്കും. എത്യോപ്യയിലെ ഗോത്രങ്ങൾ തമ്മിലുള്ള സ്പർദ്ധ ഇവിടെ വൈദികസന്ന്യാസ പരിശീലന പരിപാടിയെ ആശങ്കപ്പെടുത്തുന്നുണ്ട്. ആയതിനാൽ എത്യോപ്യൻ മിഷൻ പ്രവർത്തനത്തിന് പ്രാരംഭപരിശീലനം (vocation promotion) സമൂഹാംഗങ്ങളുടെയിടയിൽ നാട്ടിൽ ക്രമീകരണം ചെയ്യുന്നത് ഉചിതമായിരിക്കും.

'വിളവധികം വേലക്കാരോ ചുരുക്കം' എന്ന ദിവ്യഗുരുവിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ആയതിനാൽ വേലക്കാരെ നൽകാൻ വിളവിന്റെ നാഥനോട് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. നമ്മുടെ സമൂഹസ്ഥാപകൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയാൽ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ●

# By the rivers of Babylon:
# A timeline of the prophets of Israel

**Fr Sumith Nicholas OIC**

It was a hot summer afternoon, driving down beside the lake with thepanorama of the beautiful mountainsunder the blue sky is picturesque. The air is cool and freshness brims from the ambiance around. The radio is in its tempo playing songs one after the another. Soon heard the song 'Rivers of Babylon' by Boney M. Although I have heard this song many times in my life and enjoyed the music but,never endeavored to give it an extra thought. Nevertheless, with the picturesque backdrop of lake and snow-clad mountains, my thoughts clung to the lyrics. The words have a resemblance to Psalm 137 and a line from Psalm 19. What is the connection of Boney M a Caribbean Disco Pop group based in Germany to Psalm 137?Surprisingly this song was an anthem of the Jamaican Rastafari movement, which is a combination of Protestant Christianity, mysticism and, Pan African Political Consciousness. This song was first sung by Dennis Brown in 1971 and later by Boney M in 1978. Soon, my sentiments paced towards the people who are weeping by the rivers of Babylon. Thoughts of their ethnicity, plight and their emotions gushed forth in my mind. What happened to these people and why are they weeping?

The people in the song are Jews because there is a reference to Jerusalem, Zion and the Lord, but why are they weeping by the rivers of Babylon, which probably would be Tigris, Euphrates, orChebaror its canal.What happened to the Jewish people and why are they sad? The questions brimmed in me. They are probably sad because they have lost their kingdomand their temple is destroyed.And now, they are exile in Babylon. They knew that the reason for the present situation is,their disobedience to the Lord and their obliviousness to the Covenant. In the strange land of their exile, they remembered the Covenant and warnings they received when they were living ontheir soil. They remembered the warnings by the prophets, some were learned men, some were eccentric. Some of the prophets used strong words, some used allegory, some prophesized with the events in their own lives. My thoughts ran towards the prophets of Israel. They are the persons who had a radical encounter with God, and they spoke on God's behalf and reminded the people of the Covenant. They accused the people, they asked them to repent, and they spoke about the 'Day of the Lord,' the day of the judgment. Israelites divide their prophets into former prophets and latter prophets. The Christians further divide them into major prophets and minor prophets. This division of 'major' and 'minor' is not due to their importance rather on the content of their writings. The major prophets are Isaiah, Jeremiah, and Ezekiel because their books are large and the other 12 twelve prophets are called minor prophets because their books are small and in the original manuscript all the twelve prophets were written in a single parchment. The Jews, never divide the prophets into major and minor

for them, the division is former and latter prophets. The former prophets include the books of Joshua, Samuel and Kings and the latter prophets are those who have a book in their names.

Now in the land of Babylon, they are weeping because they did not heed the warnings of the prophets or believed them. They are repenting in a strange land and want to prevent these misfortunes in the future.So, they decided to write everything down so that the future generations will be saved. They now introspect and have reminiscence of the period of king David and Solomon as their golden period. But the reign after the death of king Solomon witnessed many drastic events in the kingdom of Israel. To tell the story of the prophets, we need to pitch our tents to the history, which has a setting and a timeline.

The story of "the prophets" begins with the end of king Solomon's reign. It is believed that Solomon ruled an undivided Israel from 968 BC to 928 BC and after his death, the kingdom of Israel was divided into two kingdoms namely the Northern Kingdom which is also known as Israel/ Ephraimconsisting of the ten tribes of Jacob with Samaria as its capital, and the Southern Kingdom known as Judah consisting of the tribes of Judah and Benjamin with Jerusalem as its capital. With this small introduction of the setting let us pitch ourselves into the timeline of the prophets for a better understanding let us divide the timeline into four.

**I. The period between 928 BC to 722 BC**

This is the period, where two separate kingdoms were existing side by side with the traditions of Abraham and the rules of Moses. The ten tribes of Jacob choosing Jeroboam as the king of the Northern Kingdom and the two tribes of Jacob choosing Rehoboam as the ruler of the Southern Kingdom. Prophet Elijah and Elisha belonging to the former prophets preached in the Northern Kingdom. But the first among the latter prophets is Amos. He is a fig dresser turned prophet.He reminded the people of the covenant and asked them to repent,or else,they will be punished. Amos was from the Southern Kingdom, but he preached in the Northern Kingdom. After Amos, it is Hosea who, preached in the Northern Kingdom, he too warned the people.His main message was the Covenantal love between God and Israel. In the meantime, there was a prophet from the Northern Kingdom his name was Jonah, but he was asked not to preach in Israel butin Nineveh,the capital of Assyria. During this time in the Southern Kingdom, there was prophet Joel,nevertheless, it is difficult to locate him in this period due to the lack of specific temporal evidence in his book. He speaks of a national disaster and the day of the Lord.Finally, the hope of a new Kingdom and the outpouring of the Holy Spirit. Then it is prophet Obadiah,also with no temporal evidence about his lifetime.This book is addressed to the people of Edom who are the descendants of Esau fighting against the house of Jacob. Prophets Micha and Isaiah also preached in the Southern Kingdom. Prophet Hosea was a contemporary of Isaiah and Micha in the Northern Kingdom. The message of these prophets is almost the same, they accuse the people of injustice and idolatry and call for repentance. They warn about the

immediate destruction. Soon, in 722 BC the prophecies were fulfilled the Assyrians attacked the Northern Kingdom and took the people into exile anddestroyed the ten tribes of Jacob.

**II The period between 722 BC to 586 BC**

The Northern Kingdom along with the ten tribes of Jacob is destroyed by the Assyrian invasion, nowonly the two tribes of Jacob namely Judah and Benjamin remain. The Southern Kingdom flourished under the kings from the family of Judah. The message of the prophets of the Southern Kingdom during this periodwarned them that, if they do not return to God, they will be destroyed like the Northern Kingdom. The prophets of this period are Habakkuk, Zephaniah, Nahum, and Jeremiah. The prophetic message of this period contained warnings and words of consolation. Their prophecies were also fulfilled the Southern kingdom was attacked by the Babylonians in 586 BC and they took the best people and thebest resources to Babylon.

**III The Period between 586 BC to 516 BC**

These 70 years is the period of Exile, Jerusalem lost its temple, and all its best resources were deported to Babylon. Prophet Jeremiah remained in Jerusalem andwitnessed the moral decline. He saw the lamentations of the people as they were deported and authored the book of Lamentations. In this time in Babylon, the prophet Daniel raises to be the chief advisor of the Babylonian emperor and prophet Ezekiel now fully grown into a chief priest living in Babylon. In this period, we read the life situation of Jerusalem reportedby Jeremiah and Daniel and Ezekiel report from Babylon. The prophets have a message of consolation that they will march into Jerusalem and will build a new temple. Their prophecy came true as Babylon was destroyed by Persians and king Cyrus allowed Israelites toreturn to Jerusalem in 516 BC.

**IV The Period between 516 BC to 400 BC**

This is the post-exilic period and the featuresof life in post-exilic times, and the return of Jews can be read from the books of Ezra and Nehemiah, who were the rulers of Jews atthat period. As the people became lazy and disorientated Prophet Haggai reminded them of their priorities of rebuilding the Temple. Then follows prophet Zacharia with new plans for Jerusalem and the future golden age of Messiah. And after 100 years of exile there was poverty, corruption and injustice, then came the prophet Malachi, with God's disputes and arguments. In the meantime, the book of Esther reports the events of the Jewish community who did not return to Jerusalem but remained in Susa the Persian capital. Finally, the summary of the Jewish history from the time of Adam to the post-exilic period is found in the book of Chronicles.

Suddenly, a soft honk from behind broke my reverie, it was an acquaintance who invited my attention. With a friendly wink, I stopped my car for some pleasantries. Butthe radio still played in the background "yeah yeah we wept when we remember Zion."

# കല്ലുകളുടെ ആരവം

**ഡാനി ബഥാന്യൻ**

ചുറ്റുമുള്ളവർ പരിഹസിക്കുമ്പോൾ അവൻ മൗനിയായിരുന്നു....

ജനക്കൂട്ടത്തിൻ മദ്ധ്യത്തിൽ അവന്റെ വസ്ത്രം ഉരിഞ്ഞു, ചെയ്യാത്ത കുറ്റം ആവർത്തിച്ച് പറഞ്ഞ് മുഖത്ത് കാർക്കിച്ച് തുപ്പുമ്പോഴും അവൻ മൗനം അവലംബിച്ചു...

ചമ്മട്ടിയടിയേറ്റപ്പോഴും അവൻ മൗനിയായിരുന്നു... കുരിശുമരണം എന്ന ശിക്ഷാവിധി നൽകി അവനെതിരായി ഒരു ജനത നിന്നപ്പോഴും അവൻ മൗനം മുറിച്ചില്ല...

ചിലർ അവന്റെ കരണത്തടിച്ച് ആനന്ദം കണ്ടെത്തിയപ്പോഴും, ചിലർ അവനെ മുറിപ്പെടുത്താനുദ്യമിച്ച് ആക്രമിച്ചപ്പോഴും അവൻ മൗനിയായിരുന്നു...

തന്റെ ശരീര ഭാരത്തിനിരട്ടി തൂക്കമുള്ള മരം അവന് ചുമക്കാൻ ഏൽപ്പിച്ചപ്പോഴും അവൻ മൗനം തുടർന്നു... കുരിശിന്റെ വഴിയിൽ അവർ അവനെ ശപിക്കുമ്പോഴും, കല്ലെറിഞ്ഞ് വിരോധം തീർക്കുമ്പോഴും അവൻ മൗനിയായിരുന്നു...

അവരോട് പ്രതികാരം ചെയ്യാൻ അവനാഗ്രഹിച്ചില്ല.

പകരം, അവരോട് അവൻ ക്ഷമിക്കുകയായിരുന്നു...

കല്ലെറിഞ്ഞ് കൊല്ലാൻ ഉദ്യമിച്ചായിരുന്നു അവളെ അവർ യേശുവിനരുകിലെത്തിച്ചത്...

കുറ്റമാരോപിച്ച് അവർ അവൾക്ക് നേരേ ആക്രോശിച്ചു...

എന്നാൽ, യേശുവിന്റെ ഉത്തരം മൗനം മാത്രമായിരുന്നു...

അവൻ നിലത്തെഴുതാനാരംഭിച്ചു... പാപഭാരത്താൽ അവളുടെ ശിരസ്സ് താണിരുന്നു...

അഴിഞ്ഞു വീണ മുടിയിഴകൾക്കിടയിലൂടെ അവൾ യേശുവിനെയും കൂടെ വന്നവരെയും മാറി മാറി നോക്കി... സ്ഥിരം സന്ദർശകരെ ആൾക്കൂട്ടത്തിനൊപ്പം കണ്ടപ്പോൾ അവൾ ഒന്നു പതറി... തനിക്കൊപ്പം നേരം വെളുപ്പിക്കാനെത്തിയവർ തന്റെ ചോരയ്ക്ക് വേണ്ടി മുറവിളി കൂട്ടുന്നത് സഹിക്കാനാകുന്നില്ല...

പകൽ മാന്യന്മാർ... അവരിലാരും തന്നെ തന്റെ മുഖത്തേക്ക് നോക്കുന്നില്ല...

കല്ലേന്തിയ അവരിലൊരുവനാണ് പറഞ്ഞു തുടങ്ങിയത്,

'ഗുരോ, ഇവൾ വ്യഭിചാരിണിയാണ്.'

അവൾ തലയുയർത്തി നോക്കി. ആരോപണമുയർത്തിയ മാന്യന്റെ നോട്ടം വിദൂരതയിലേക്ക് നീണ്ടു... ശേഷം,

ഓരോരുത്തരായി അവളുടെ കുറ്റം എണ്ണിയെണ്ണി പറയാൻ തുടങ്ങി. ചിലർ കല്ലെറിയാനാഞ്ഞു... ചിലർ നിയമം നിരത്തി അവൾക്കുള്ള വിധി പ്രഖ്യാപിച്ചു...

'മോശയുടെ നിയമം അനുശാസിക്കുന്നത്, ഇപ്രകാരമുള്ളവരെ കല്ലെറിഞ്ഞു കൊല്ലണമെന്നാണ്. ഇവൾക്കും ആ ശിക്ഷാരീതി നടപ്പാക്കുന്നതല്ലേ നല്ലത്???

യേശു നിലത്തെഴുത്ത് തുടർന്നു...

ജനക്കൂട്ടം യേശുവിന്റെ മറുപടിയിൽ തൃപ്തരാകാതെ പരസ്പരം നോക്കി പിറുപിറുത്തു...

അവർ വീണ്ടും അവളിൽ കുറ്റമാരോപിച്ചു...

ആരോപണത്തിന്റെ ശബ്ദമുയർന്നപ്പോൾ യേശു ശിരസ്സുയർത്തി അവളെ നോക്കി. അവളുടെ കണ്ണുനീർ വീണ് നിലം നനഞ്ഞിരുന്നു...

അവളുടെ നനഞ്ഞു കുതിർന്ന കണ്ണുകളിലേക്ക് അവന്റെ നോട്ടമെത്തിയതോടെ അവളിലെ അനുതാപത്തിന്റെ വിത്തുകളിൽ ജീവൻ വച്ചു...

അവൾ കൈകൾ കൂപ്പി...

യേശു ജനക്കൂട്ടത്തിനു നേരേ നോക്കി പറഞ്ഞു.

'നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം ഇവളെ കല്ലെറിയട്ടെ'

അവളുടെ ചങ്കു പിടഞ്ഞു...

ഒരിക്കൽ കൂടി അവളിലേക്ക് നോട്ടമെത്തിച്ച് യേശു വീണ്ടും നിലത്ത് എഴുതിത്തുടങ്ങി...

കൊണ്ടുവന്ന കല്ലുകൾ നിലത്തുപേക്ഷിച്ച് അവർ ഓരോരുത്തരായി തിരികെ നടന്നു...

തലയുയർത്താൻ പോലുമാകാതെ അവർ നടന്നുനീങ്ങുന്നത് അവൾ നോക്കിക്കണ്ടു...

അല്പനേരത്തിനുശേഷം യേശു നിലത്തെഴുത്തവസാനിപ്പിച്ച് അവളെ നോക്കി,

'സ്ത്രീയെ, അവരെവിടെ? ആരും നിന്നെ വിധിച്ചില്ലേ? "ഇല്ല കർത്താവേ', അവൾ മറുപടി പറഞ്ഞു.... 'എങ്കിൽ, ഞാനും നിന്നെ വിധിക്കുന്നില്ല. ഇനിമേൽ പാപം ചെയ്യരുത്.'

പ്രതീക്ഷയർപ്പിച്ചവർ പോലും നമ്മുക്കെതിരെ തിരിയുന്ന സമയം വരുന്നു. നോവിന്റെ നെരിപ്പോടിൽ നാം തനിച്ച് വെന്തുനീറിയേക്കാം. ചുറ്റും പ്രകാശിച്ചവ ഇരുട്ട് സമ്മാനിച്ച് കടന്നുപോയേക്കാം... ആശയറ്റ നേരത്തായിരിക്കാം അവനിലേക്ക് തിരിയുക...

'ഇത്രയും നാൾ എവിടെയായിരുന്നു? എന്തേ എന്നെ തേടി വരാതിരുന്നത്? ഇപ്പോൾ എന്തേ ഈ ആത്മീയത?

എന്നൊന്നുമവൻ ചോദിക്കില്ല... പിന്നെയോ, ഒരു വാക്കുപോലും ഉരിയാടാതെ ഹൃദയത്തിനു ഉള്ളിലേക്ക് ഒരു നോട്ടമെറിയും.

ആ നോട്ടത്തിനു അവനു പറയാനുള്ളതെല്ലാം ഉണ്ടാകും... ശേഷമുള്ള പരിഹാസശരങ്ങൾ നമ്മെ മുറിപ്പെടുത്തുകയില്ല.

ചുറ്റുമുള്ളവർ ആരോപിക്കുന്നതൊന്നും നമ്മെ ബാധിക്കുകയില്ല....

***

എന്നാലോ, ആ നോട്ടത്തിനായി നാം കാത്തിരിക്കണം. എത്ര വലിയ പാപിയാണെങ്കിലും ആ നോട്ടത്തിൽ ലയിക്കാത്തവരുണ്ടോ???

നമ്മുക്കെതിരെ ആരൊക്കെ പാളയമടിച്ചാലും അവൻ മൗനം പൂണ്ടു നിലത്തെഴുതാൻ തുടങ്ങും... ആ എഴുത്ത് നിലത്തായിരിക്കില്ല, നമ്മുടെ ഹൃദയത്തിലായിരിക്കും!!! വിരലുകൊണ്ട് അവൻ ഹൃദയത്തിനുള്ളിൽ നമ്മുടെ ചരിത്രമെഴുതും...

പിന്നിട്ട വഴിയിലെ വേദനകൾ അവൻ അവന്റെ നെഞ്ചോട് ചേർക്കും, കാലമേൽപ്പിച്ച മുറിവുകൾ അവന്റെ ആണിപ്പാടോട് ചേർത്തുവയ്ക്കും...

അവൻ കുരിശ് ചുമന്നത് നമുക്ക് വേണ്ടിയാണ്... മുറിവേറ്റത് നമ്മൾ ചെയ്തുകൂട്ടിയ പാപങ്ങൾക്കു വേണ്ടിയാണ്...

നീ തെറ്റുകൾ ചെയ്ത് അവനിൽ നിന്ന് അകന്നുപോയവനാണോ???

തെറ്റ് മനസ്സിലാക്കി തിരികെ വന്നാലും, നിനക്കായി വിരുന്നൊരുക്കി അവൻ കാത്തിരിക്കുന്നു... അവന്റെ വാക്കുകൾ പാലിക്കാതെ മാറി നടന്നവനാണോ???

അവനിലേക്ക് തിരികെ നടന്നാലും, നിനക്കായി മേൽത്തരം വസ്ത്രങ്ങൾ ഒരുക്കി അവൻ കാത്തിരിക്കുന്നു... ആയതിനാൽ ഹൃദയത്തിലേക്ക് അവന്റെ നോട്ടമെത്താൻ കാത്തിരിക്കാം... മാറ്റത്തിന്റെ ചരിത്രമെഴുതാനായി ഹൃദയം വിട്ടു കൊടുക്കാം... അവൻ എഴുതട്ടെ...



# അഴിച്ചു മാറ്റപ്പെട്ട ചെരുപ്പുകൾ

ഫാ. നിർമ്മലാനന്ദ് ഒ.ഐ.സി

"അപ്പോൾ പിശാച് അവനെ വിട്ടുപോയി. ദൈവദൂതന്മാർ അടുത്തുവന്ന് അവനെ ശുശ്രൂഷിച്ചു" (മത്തായി 4:11).

പൂനയിൽ തിയോളജി പഠിക്കുന്ന കാലം വല്ലപ്പോഴും ആശ്രമത്തിലെ സന്ദർശകനായ ഒരു മഹാരാഷ്ട്രിയൻ ആശ്രമത്തിന്റെ ചുറ്റുമതിലിനു വെളിയിൽ ചെരിപ്പഴിച്ചുവച്ച് നിഷ്പാദുകനായി ആശ്രമത്തിലേക്ക് നടന്നുവരുന്നത് കണ്ടിട്ടുണ്ട്. ആശ്രമത്തെ തമ്പുരാന്റെ അധിവാസ സ്ഥലമായി കാണുന്ന ചുരുക്കം ചിലരിൽ ഒരാൾ. ആശ്രമങ്ങൾ വിശുദ്ധ സ്ഥലമായിരിക്കണം എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നവർ. മോശയോട് ദൈവം ഒരിക്കൽ ഇത് ഓർമ്മപ്പെടുത്തുന്നുണ്ട്. നീ നില്ക്കുന്ന സ്ഥലം വിശുദ്ധമാണ് കാലിൽ നിന്നും ചെരുപ്പ് അഴിച്ചു മാറ്റുക. ഞാൻ നില്ക്കുന്ന സ്ഥലം വിശുദ്ധമാണ് എന്ന് എന്നെ നിരന്തരം ഓർമ്മപ്പെടുത്തുന്നുണ്ട് എന്റെ ചുറ്റും നടക്കുന്ന ഓരോ സംഭവങ്ങളും.

ആർഷഭാരതം ഭൂമി മുഴുവനും വിശുദ്ധമാണ് എന്ന ചിന്ത അവതരിപ്പിക്കുന്നുണ്ട് ഈശാവാസ്യോപനിഷത്ത് പഠിപ്പിക്കുന്നു:

ഈശാവാസ്യമിദം സർവ്വം യത് കിഞ്ച
ജഗത്യാം ജഗത്
തേനത്വക്തേന ഭുഞ്ജിഥാ
മാഗൃധഃകസ്യസ്വിദ്ധനം (ഈശാ:1)

ഈശ്വരൻ ഭൂമി മുഴുവനും നിറഞ്ഞിരിക്കുന്നു. അതുകൊണ്ട് നാം ഭൂമിയിൽ എവിടെ ആയിരിക്കുന്നുവോ അവിടം വിശുദ്ധമാകണം. മോശയോടും തുടർന്ന് ജോഷ്വായോടും നില്ക്കുന്ന സ്ഥലം വിശുദ്ധമാണ് എന്ന് ഓർമ്മപ്പെടുത്തുന്നുണ്ട്. എന്നോടും ഓർമ്മപ്പെടുത്തൽ ഉണ്ടാകുന്നുണ്ട്. ഞാൻ ഏതു സ്ഥലത്തായിരിക്കുന്നുവോ അവിടം വിശുദ്ധമായി സൂക്ഷിക്കേണ്ടത് എന്റെ ഉത്തരവാദിത്വമാണ്; കുടുംബമാകാം, ഓഫീസാകാം, ആശ്രമമാകാം; എവിടെയും എന്റെ സാന്നിദ്ധ്യം വിശുദ്ധിയുടെ അളവുകോലായിരിക്കണം.

ചെരിപ്പുകൾ അശുദ്ധിയിൽ അലയുന്നതാണ് അതുമായി തമ്പുരാന്റെ ഭൂമികയിൽ നിനക്ക് പ്രവേശനം ഇല്ല. നോമ്പിന്റെ പടിവാതിൽ തുറക്കുമ്പോൾ നിന്റെ സകല മലിനതകളും ഊരി പടിവാതില്ക്കൽ വച്ചതിനുശേഷം മാത്രമേ അകത്തേക്ക് കടക്കാവൂ. പുഴുവിൽ നിന്നും പൂമ്പാറ്റയിലേക്കുള്ള പരിവർത്തനമാണ് നോമ്പ്. പുഴു സകല അശുദ്ധിയിലൂടെയും അലഞ്ഞു നടക്കും. മൗനത്തിലേക്ക് കടക്കുമ്പോൾ അലച്ചിലുകൾ അവസാനിക്കും; പിന്നെ ധ്യാനമാണ് താൻ അന്നുവരെ ബന്ധപ്പെട്ട സകലത്തിൽ നിന്നും ഉള്ള പിൻവലിയൽ. അതിനുശേഷം പുതിയ ജീവിയാണ് വേഷത്തിലും, ഭാഷയിലും, ഭക്ഷണത്തിലും. നോമ്പ് എന്നെ ക്ഷണിക്കുന്നത് പുനർജനിയിലേക്കാണ്.

ചെരിപ്പുകൾ അഴിയുന്നത് വിലാപത്തിന്റെ കാലത്താണെന്നും വേദം ഓർമ്മിപ്പിക്കുന്നു. മകന്റെ മുൻപിൽ നിന്നും ഓടിയൊളിക്കുന്ന ഘട്ടത്തിൽ ദാവീദ് നഗ്നപാദനായി തല മൂടി കരഞ്ഞുകൊണ്ട് ഒലിവുമലയുടെ കയറ്റം കയറി. അവനോടു കൂടെയുള്ളവരെല്ലാം തലമൂടിയിരുന്നു. അവരും കരഞ്ഞുകൊണ്ട് അവനെ പിന്തുടർന്നു (2 സാമുവേൽ 15:30). ഏശയ്യാ പ്രവാചകനും ചാക്കുവസ്ത്രവും, നഗ്നപാദവുമായി നടന്ന വിലാപത്തിന്റെ ഒരു കാലം ഉണ്ടായിരുന്നു (ഏശയ്യ 20:2). ദാവീദിന്റെ വിലാപ കാലത്ത് തമ്പുരാന്റെ തോളോടു തോൾ ചേർന്ന് നടക്കുവാൻ ശീലിച്ചു. രാജാവായിരുന്നപ്പോൾ അകമ്പടികളും അംഗരക്ഷകരും ഉണ്ടായിരുന്നു ദൈവാശ്രയബോധം ഇല്ലാതെയായി. അലസമായ ഉലാത്തലുകൾ അന്യന്റെ ഭാര്യയെ കൈക്കാലാക്കുന്നതിലേക്കും, നിഷ്കളങ്കരക്തം ചൊരിയുന്നതിലേക്കും നയിച്ചു. ഞാൻ ചെരിപ്പുകൾ അഴിച്ചു മാറ്റി നോമ്പിലേക്ക് കടക്കേണ്ടതായിട്ടുണ്ട്. കണ്ണുനീര് എന്റെ ഹൃദയത്തിന്റെ കറകൾ കഴുകേണ്ടതായിട്ടുണ്ട്. നോമ്പ് ഹൃദയത്തിൽ നിന്ന് കയ്പ്പും, കറകളും കഴുകിക്കളയുന്ന കരച്ചിലിന്റെ കാലമാകണം. കാഴ്ചകൾ ഉൾക്കാഴ്ചകളായി മാറേണ്ട കാലം.

അഴിയുന്ന ചെരുപ്പുകളിൽ എളിമയുടെ നിഴൽ വീണിട്ടുണ്ട്, പരിശുദ്ധനായ തമ്പുരാന്റെ പരിശുദ്ധിയുടെ മുമ്പിലേക്ക്, എളിമയുടെ പുണ്യമാണ് എന്നെ നയിക്കേണ്ടത് എന്ന ബോദ്ധ്യം.

“അടുത്തുനില്പോരനുജനെ കാണ്മാൻ അക്ഷികളില്ലാത്തോൻ
അരൂപനീശൻ അദൃശ്യനായാൽ അതിലെന്താശ്ചര്യം” എന്ന് കവി പാടിയത് എളിമയുടെ പുണ്യം ഓർമ്മപ്പെടുത്താനാണ്. ഫിലിപ്പിയർക്ക് എഴുതുമ്പോൾ പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതും അതുമാത്രമാണ് ക്രിസ്തുവിന്റെ ഭാവം നിങ്ങളിൽ ഉണ്ടാകട്ടെ എന്ന്. എന്താണ് ക്രിസ്തുവിന്റെ ഭാവം; മറ്റുള്ളവർ നിങ്ങളെക്കാൾ ശ്രേഷ്ഠരാണ് എന്നുള്ള ക്രിസ്തുവിന്റെ ഭാവം. ക്രിസ്തു എളിമയുടെ മൂർത്തീമദ്ഭാവമാണ്. രോമം കത്രിക്കുന്നവന്റെ മുൻപിൽ ചെമ്മരിയാടെന്നപോലെ നിന്നത്, നാം ആരെ അനുഗമിക്കണമോ ആ ക്രിസ്തുവാണ്. എന്നിട്ടും എന്തേ ലോകം മുഴുവൻ പിടിച്ചടക്കാനുള്ള ആർത്തിയുമായി അഹംഭാവത്തിന്റെ പ്രതിരൂപമായി ഞാൻ. നോമ്പിന്റെ വാതിലുകൾ മലർക്കെതുറന്നിടാം എളിമയുടെ പുണ്യം ആവോളം നുകരാം. അഴിയപ്പെട്ട ചെരിപ്പുകളുമായി സ്വർഗ്ഗരാജ്യത്തിന്റെ ഉള്ളറകളിലേക്ക് ക്രിസ്തുവിനെ അനുധാവനം ചെയ്യാം.

ചെരിപ്പുകൾ ഓരോന്നായി അഴിച്ചുമാറ്റി പൂർണതയിലേക്ക് നടന്നുകയറുന്ന ക്രിസ്തുവിന്റെ രൂപം മത്തായി സുവിശേഷകൻ വരിച്ചിട്ടുണ്ട് മത്തായി 4:1-11 വരെയുള്ള വാക്യങ്ങളിൽ. ആഹാരത്തിലൂടെ സ്വാധീനമുറപ്പിക്കാൻ ശ്രമിക്കുന്ന പ്രലോഭകൻ. പഞ്ചേന്ദ്രിയങ്ങളുടെ ആഹാരത്തെ നിഷേധിച്ചുകൊണ്ട് ക്രിസ്തു അതിനെ പ്രതിരോധിക്കുന്നു. ദൈവത്തെ ആഹരിച്ചുകൊണ്ട് ജീവിക്കുന്ന പുത്രൻ. കാഴ്ചയും, കേൾവിയും, സ്പർശനവും എല്ലാം ഇനിയും ക്രിസ്തുവിന്റെ ഇന്ദ്രീയങ്ങളിലൂടെ അരിച്ചെടുക്കപ്പെട്ടതാകണം. നോമ്പിലേക്കുള്ള ക്ഷണം അതിനുള്ളതാണ്.

അത്ഭുതപ്രവർത്തകനാകാനുള്ള ക്ഷണം നിന്റെ ദൈവത്തെ പരീക്ഷിക്കരുത് എന്ന് പറഞ്ഞ് പ്രതിരോധിക്കുന്നു ക്രിസ്തു. അത്ഭുത പ്രവർത്തകനായി, ഞാനെന്നഭാവം വളർത്തുകയല്ല; നിങ്ങളുടെ പേര് സ്വർഗ്ഗത്തിലെഴുതുന്നതിൽ സന്തോഷിക്കുവിൻ എന്ന് ഒരിക്കൽ ക്രിസ്തു ശിഷ്യന്മാരെ പ്രബോധിപ്പിക്കുന്നുണ്ട്. അത്ഭുതങ്ങളുടെ പുറകേ ഓടുന്ന എന്നോടും ക്രിസ്തു ഓർമ്മിപ്പിക്കുന്നത് ഒന്നേയുള്ളു; നോമ്പ് നിന്റെ ഉള്ളിലേക്ക് തിരിയുവാനുള്ള സമയമാണ്. അറയിൽ

കടന്ന് വാതിലടയ്ക്കുവാനുള്ള സമയം. അവിടെ നീയും നിന്റെ തമ്പുരാനും മാത്രം. ധ്യാനത്തിന്റെ ആഴത്തിൽ ദൈവവും നീയും ഒന്നായിത്തീരും.

ലോകത്തിന്റെ മഹത്വം മുഴുവനും തരാം എന്ന് പ്രലോഭകൻ പറയുമ്പോൾ അത് ആർത്തിയുടെ, ധൂർത്തിന്റെ ക്ഷണമാണ്. നോമ്പ് ഉപേക്ഷയുടെ പാഠങ്ങൾ നിന്നെ പഠിപ്പിക്കും. അവസാനത്തിൽ ദൈവമല്ലാതെ ഒന്നും വേണ്ടാത്ത അവസ്ഥയിലേക്ക് ഞാൻ എത്തും. പൗലോസ് ശ്ലീഹാ ആ അനുഭവത്തിലേക്ക് എത്തുന്നുണ്ട്. തന്റെ എല്ലാ അഹങ്കാരവും ചപ്പെന്നും ചവറെന്നും എണ്ണി, ക്രിസ്തുവെന്ന അമൂല്യ നിധി സ്വന്തമാക്കി. നാറാണത്തു ഭ്രാന്തൻ കല്ലുരുട്ടി വിട്ട് കൈകൊട്ടി ചിരിക്കുന്ന കഥകളൊക്കെ ഇതിന്റെ വെളിച്ചത്തിൽ ഉള്ളതാണ്. വെറുതെകൂട്ടി വെയ്ക്കുന്നതൊക്കെ ഒരുനിമിഷം കൊണ്ട് ഇല്ലാതെയായിപ്പോകാം എന്ന ഉൾവെളിച്ചം. ദൈവസേവനത്തെക്കാൾ അത്യുത്തമം ദൈവസമ്പാദനമാണെന്ന് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത ഒരാചാര്യൻ മലങ്കരയിൽ ജീവിച്ചിരുന്നു. ബഥനിയുടെ മാർ ഈവാനിയോസ്, ലോകത്തിന്റെ മായാപ്രപഞ്ചം വിട്ട് ഒരുനാൾ, നരികൾ വാഴുന്ന മലയുടെ നെറുകയിൽ ധ്യാനത്തിൽ അമർന്നു. നോമ്പിന്റെ അവസാനം ബഥനി എന്ന സന്ന്യാസസഭ ഉദയം കൊണ്ടു. അതിന്റെ ബഹിർസ്ഫുരണമാണ് മലങ്കര കത്തോലിക്കാസഭ. ദൈവസമ്പാദനം നോമ്പിന്റെ വഴിയും ലക്ഷ്യവുമാണ്. നടക്കേണ്ടത് നോമ്പിലൂടെ എത്തേണ്ടതും നോമ്പിൽ. അവിടെ ദൈവദൂതന്മാർ നിന്നെ ശുശ്രൂഷിക്കുവാനായി കാത്തിരിക്കുന്നു.

നോമ്പിന്റെ പ്രഭാതം എന്റെ മുമ്പിൽ മലർക്കെ തുറക്കുമ്പോൾ കേൾക്കുന്ന സ്വരം ഒന്നേയുള്ളു. പിശാചു വിട്ടുമാറണമെങ്കിൽ ചെരിപ്പുകൾ അഴിച്ചുമാറ്റപ്പെടണം. ചെരിപ്പുകൾ അഴിച്ചു മാറ്റപ്പെട്ടവൻ ഇനിയും ദൈവത്തിന്റെ പ്രണയത്തിന്റെ നിറവിലാണ്. ദൈവരാജ്യത്തിൽ ഇഴപിരിയാതെ നില്ക്കുന്നത് ഒന്നേയുള്ളു. സഹോദരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുന്ന പ്രണയത്തിന്റെ പനിമഞ്ഞ്. ദൈവത്തിന്റെ പ്രണയം നിന്നിലൂടെ സഹോദരനിലേക്ക് ഒഴുകിയിറങ്ങണം, അതിനു നിന്റെ അശുദ്ധിയുടെ ചെരിപ്പുകൾ അഴിച്ചു മാറ്റപ്പെടണം. അശുദ്ധികൾ അഴിച്ചു മാറ്റി നിഷ്പാദുകനായി വിശുദ്ധിയിലേക്ക് നടക്കാം. നോമ്പിന്റെ പുണ്യം ആവാഹിച്ചെടുക്കാം.

○

സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം.

അതേസമയം, **ആത്മീയ ദാനങ്ങൾക്കായി,**

പ്രത്യേകിച്ച് **പ്രവചനവരത്തിനായി,**

തീക്ഷ്ണതയോടെ ആഗ്രഹിക്കുവിൻ.

(1 കോറി 14:1)

# HOW DOES JESUS OF NAZARETH INFLUENCE US WHO ARE CENTURIES SEPARATED FROM HIM BY TIME AND SPACE?

**Bro. Joshin Joy OIC**


There are many great people who can influence us in this era. But what special is in Jesus Christ who is influencing this world in the present time and space? There are several ways in which a person may influence us, even long after his or her death. And the first way is by teaching about the truth which is being long remembered by people and becoming role models.

Plato and Aristotle are enshrined in our universities and professors talk about them every year. St. Augustine and St. Aquinas by their written word instruct our hearts, minds and soul in the things of god and humanity. Our blessed lord can influence us in the same way. His heavenly words of wisdom were not allowed to fade away in a breeze but were caught up by his four evangelists -St. Matthew, St. Mark, St. Luke, St. John. so that all who could read or hear would know the wisdom of one who spoke not as scribes and Pharisees but as one having authority. The scriptures then are the first great link between the past and the present. But this is second way in which characters made themselves felt in present by their great example. Anyone who had a biographer writes about him and projects his personality into the future and we get influenced. For example, when we read daily saint in refectory as a part of our time table, it becomes a challenge to be saintly and to become brave individuals. In the same manner, our lord can influence our day because he has left us a beautiful example of a holy moral life that we should follow. We, too can be forgiving as he forgave, we can be gentle as he was gentle, prayerful as he was in his long night vigils on the mountain tops with his heavenly father and thus showing great self-sacrifice for his people. Some people say that Christianity is a memory about a man who once lived and died. If that was all what is Christianity, then it should die, for people cannot be influenced by memory alone.

Christianity is fortunately more than a memory because Lord Jesus is something more than a man. He is a true God and a true man. Being God, he can influence not only by his teaching and example, but also by his ways which belongs to him alone as God. Others may leave their titles, their bonds, their doctrines and their biographies but he has influenced many by sacrificing his earthly life for his loving people.

There are three phases to the complete life of the Christ. His eternal life, his glorified life and his mystical life. Without anyone of them we cannot know Christ. Those who consider his earthly life, will end up only knowing him as a good man and a good teacher of ethics. So, the

whole Christ is not only in his earthly life but also in his glorified life and his mystical life. He is not only truth because of his teaching, not only our way because of his example but also our life because he is our saviour who lives in each one of us. He is not something gone away from us. But living among us. making our life liveable, hopeful and glad. Each day he comes to our hearts through the Holy Mass. He was born in Bethlehem and died in Jerusalem for us. There is nothing past in him which is eternal. There are no memories in him that is same yesterday, today and tomorrow. There is no distance from here to Galilee, for he who is divine is in the very centre of our hearts. Because he is eternal.


## പുണ്യങ്ങൾ പൂക്കുന്ന കാലം

നിർമ്മലാനന്ദ്

BP No. 194

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം
2022

Price: 150/-

'പുണ്യങ്ങൾ പൂക്കുന്ന കാലം' തുടങ്ങി 'നിന്റെ രാജ്യം വരേണമേ' എന്നുവരെയുള്ള രചനകളിൽ ഒരു ധ്യാനസാധകന്റെ നിശബ്ദ സഞ്ചാരം ദർശിക്കുവാൻ കഴിഞ്ഞു. ബൈബിളിലെ ക്രിസ്തു വചനത്തെ അസാധാരണമായ കരവിരുതോടെ വിവരിച്ചിരിക്കുന്നു. വ്യത്യസ്ഥമായ വീക്ഷണവും ലളിതമായ ശൈലിയും ഈ ചെറുകൃതിക്ക് സാഹിത്യശോഭ വർദ്ധിപ്പിക്കുന്നു.

– സ്വാമി ശിവസ്വരൂപാനന്ദ

# ഹൃദയം തകർക്കുന്ന വാൾ

**ബ്രദർ നിർമ്മൽ**

**രംഗം 1**

അവതാരകൻ : ബലി അവസാനിച്ചു... അരങ്ങൊഴിഞ്ഞു... അവൻ ക്രൂശിൽ മരിച്ചു. ഒരുനാൾ മനുഷ്യന് ജനനം ഒരുനാൾ അവന് അന്ത്യവും. എന്നാൽ ഇതായിരുന്നോ ക്രൂശിതന്റെയും അവസ്ഥ? എന്താണ് ക്രൂശിൽ നോക്കി ഈയുള്ളവൻ പാടേണ്ടത് ശോകഗാനമോ വിജയഗാഥയോ? അറിയില്ല, എന്നാൽ സ്നേഹം എന്നറിയാം. സ്നേഹത്തിന്റെ കഥയാണ് കുരിശ്. താതന് സൃഷ്ടികളോടുള്ള സ്നേഹം, പുത്രന് പിതാവിനോടുള്ള സ്നേഹം, അമ്മയ്ക്ക് നൊന്തുപേറിയ പൊന്നോമനയോടുള്ള സ്നേഹത്തിന്റെ നടുവിൽ അതാ നിൽക്കുന്നു ഒരു മരക്കഷണം... കുരിശ്.

ശതാധിപൻ : അമ്മേ, നിങ്ങളുടെ മകൻ ഒരു നീതിമാനായിരുന്നു. അവനെ വധിക്കാൻ ഞാനും കാരണമായി എന്നോട് ക്ഷമിക്കണമെ.

മറിയം (അനുകമ്പാഭാവത്തിൽ ശതാധിപനെ നോക്കി): അനുതപിക്കുവിൻ... ക്ഷമിക്കേണ്ടത് ഞാനല്ല ദൈവമാണ്.

**രംഗം 2**

**(മറിയവും മറ്റു സ്ത്രീകളും വീട്ടിലേക്ക് മടങ്ങുന്നു)**

ഒന്നാമത്തെ സ്ത്രീ : നിങ്ങളറിഞ്ഞോ?

രണ്ടാമത്തെ സ്ത്രീ : എന്താ?

ഒന്നാമത്തെ സ്ത്രീ : നമ്മുടെ ജീവിതത്തിന് ഒരു പുതിയ വെളിച്ചം തന്ന യേശുവിനെ ഒറ്റിയവൻ കെട്ടിഞ്ഞാന്നു ചത്തു.

രണ്ടാമത്തെ സ്ത്രീ : ആര്, യൂദാസോ? നന്നായി, അവന്റെ ഗുരുവിനോടല്ല അവനത് ചെയ്തത്.

മൂന്നാമത്തെ സ്ത്രീ : അവന് ദൈവം നൽകിയ ശിക്ഷയാണിത്. അവൻ ഈ നാടിനൊരു ശാപമായിരുന്നു.

ഒന്നാമത്തെ സ്ത്രീ : ശാപം നീക്കി ദൈവം നല്ലവനാണ്.

മറിയം : നിർത്ത്. അവനൊരു തെറ്റുകാരൻ തന്നെ, എന്നാൽ അവൻ ഒന്നിനും ശാപമായിരുന്നില്ല; അവനനെന്നല്ല ഒരു മനുഷ്യനും ഒരു ശാപമായിട്ടല്ല ഭൂമിയിൽ ജനിക്കുന്നത്. അവൻ ചെയ്ത തെറ്റാണ് നശിക്കേണ്ടത് അതാണ് ശപിക്കപ്പെട്ടത്.

രണ്ടാമത്തെ സ്ത്രീ : അതാണ് ശരി. അവനെ വിലയിരുത്തേണ്ടത് ഒരു പ്രവൃത്തി നോക്കിയല്ല എന്നാൽ അവന്റെ എല്ലാ നന്മകളും ഒരു പ്രവൃത്തികൊണ്ടു മറഞ്ഞു. ലോകമവനെ ശപിക്കപ്പെട്ടവനായിത്തന്നെയേ ചരിത്രത്തിൽ

കുറിക്കുകയുള്ളു. ഒരു നന്മയുമില്ലാത്ത മനുഷ്യനായിരുന്നോ യൂദാസ്? അല്ല എന്നാണ് എന്റെ പക്ഷം.

എല്ലാവരും ചേർന്ന് : ഞങ്ങളും ഇതിനോട് യോജിക്കുന്നു.

**രംഗം 3**

**(മറിയം വീട്ടിൽ ചിന്തയിലാണ്ടിരിക്കുന്നു)**

മറിയം : ഈ ദിവസം ജറുസലേമിൽ എന്റെ മകനും അതുപോലെ അവന്റെ ഒരു ശിഷ്യനും മരണപ്പെട്ടു. ജനം എന്റെ മകനെ 'നീതിമാൻ' എന്നു വിളിച്ചു വാഴ്ത്തി എന്നെ ആശ്വസിപ്പിക്കുമ്പോൾ അകലെയെവിടെയോ രണ്ട് മനുഷ്യർ ഒരു ചതിയന്റെ അപ്പനും അമ്മയുമായി ദുഃഖം പങ്കുവയ്ക്കുവാൻ പോലും സാധിക്കാതെ ഉള്ളിൽ നീറി ജീവിക്കുന്നു. അതിനാൽ എനിക്ക് അവിടെപോയി അവരെ ആശ്വസിപ്പിക്കേണ്ട കടമയില്ലേ, ഈ സ്നേഹമല്ലേ എന്റെ മകൻ എന്നെയും ലോകത്തെയും പഠിപ്പിക്കുവാൻ ശ്രമിച്ചത്...

പിശാച് : നീയെന്താ ചിന്തിക്കുന്നത്? നിന്റെ മകനെ ഒറ്റിക്കൊടുത്ത ചതിയന്റെ ബന്ധുക്കളെ, ആശ്വസിപ്പിക്കണമെന്നോ? അസംബന്ധം, അല്ലാതെയെന്ത്.

പിശാച് : അവനെയും അവന്റെ കുലത്തെയും വെറുക്കുക, ശപിക്കുക... ങും ചെയ്യ്... ഹ... ഹ... ഹ (അട്ടഹസിക്കുന്നു)

ദൂതൻ : അങ്ങനെയല്ല മറിയം! നീ നിന്റെ മകന്റെ വാക്കു കേൾക്ക്... സ്നേഹമാണ്... സ്നേഹം മാത്രമാണ് അവൻ ലോകത്തിന് നൽകിയത്.

പിശാച് : സ്നേഹം പോലും സ്നേഹം (പുച്ഛത്തോടെ)... ഒറ്റുകാരനോട് കരുണയോ? ലോകനന്മയെ കൊന്നവനും ഈ സ്നേഹം നൽകമമോ അവനാണ് ഈ ക്രൂരതയ്ക്ക് കാരണക്കാരൻ.

ദൂതൻ : ഇതു ശരിയല്ല. നിന്റെ മകൻ ലോകത്തിന്റെ ദീപമാണ്. അവന്റെ പ്രകാശത്തിൽ നീയും ലോകത്തിൽ ദീപമായിത്തെളിയാൻ നീ അവനാഗ്രഹിക്കന്നില്ലേ?

പിശാച് : ഒരു ദീപം ഹാ! കഷ്ടം നൊന്തുപേറിയ മകനെ കൊന്നവനോട് ക്ഷമിക്കണമെന്നോ? അതിലും ഭേദം മരണമാണ്.

മറിയം : ദൈവമേ ഈ പരീക്ഷയിൽ അങ്ങെനിക്ക് തുണയായിരിക്കണമേ.

(പിശാച് നിലത്ത് വീഴുന്നു ചാടിയെഴുന്നേറ്റ് ആക്രമിക്കാൻ കയ്യോങ്ങുന്നു ഉടനെ ദൂതൻ കൈ തടയുന്നു)

മറിയം : എന്തു തന്നെയായാലും ഞാൻ യൂദാസിന്റെ ഭവനത്തിൽ പോകും അവരെ ആശ്വസിപ്പിക്കും. അതു തന്നെയാണ് എന്റെ മകന്റെ ആഗ്രഹം എന്നു ഞാൻ വിശ്വസിക്കുന്നു.

## രംഗം 4

**(മറിയം യൂദാസിന്റെ ഭവനത്തിൽ സന്ദർശനം നടത്തുന്നു)**

മറിയം : ഇത് സ്കറിയാത്തായുടെ വീടല്ലേ?

അമ്മ : അതെ, ആരാണ്.

മറിയം : സ്കറിയാത്ത ഗുരുവായി സ്വീകരിച്ച യേശുവിന്റെ അമ്മയാണ് ഞാൻ.

അമ്മ : (പൊട്ടിക്കരഞ്ഞുകൊണ്ട്) ഞങ്ങളോടു പൊറുക്കണം. എന്റെ മകൻ ചെയ്ത കൊടും അപരാധത്തിന് മാപ്പ്. (അപ്പൻ അമ്മയെ എഴുന്നേൽപ്പിക്കുന്നു)

മറിയം : നഷ്ടം നമുക്കാണ്. അതിനാൽ ദൈവത്തിന്റെ കരുണയ്ക്കായി നമുക്ക് അപേക്ഷിക്കാം.

അപ്പൻ : ഞങ്ങൾക്ക് അവനൊന്നേ ഉണ്ടായിരുന്നുള്ളു. സ്നേഹിച്ച് ലാളിച്ചാണ് അവനെ ഞങ്ങൾ വളർത്തിയത്. കാലക്രമേണ അവൻ ഞങ്ങളിൽ നിന്ന് വഴുതിമാറി. യേശുവിന്റെ കൂടെയാണെന്നറിഞ്ഞപ്പോൾ വലിയ അഭിമാനം തോന്നി, പക്ഷെ... (തലകുനിച്ച് വിതുമ്പുന്നു).

അമ്മ : നാട്ടിൽ എല്ലാവരും അവനെ ചതിയനായും ദുഷ്ടനായും കാണുന്നു. എന്നാൽ നിങ്ങൾ പറയൂ... നൊന്തുപെറ്റ അമ്മയ്ക്കും സ്നേഹത്തിൽ വളർത്തിയ അപ്പനും എങ്ങനെ അവനെ ഉപേക്ഷിക്കാനാവും...

അപ്പൻ : അവൻ മരിച്ചിട്ട് മൂന്ന് ദിവസമായിട്ടേയുള്ളു. പുഴുക്കളരിച്ച അവന്റെ ശരീരം കണ്ടിട്ട് സഹിക്കാനായില്ല. ജനിച്ചു വീണതു മുതൽ ഇന്നുവരെ ജീവിതത്തിന് പ്രതീക്ഷ നൽകിയിരുന്നത് അവനായിരുന്നു. എന്നാൽ...

മറിയം : ലോകത്തിൽ ഒരു അപ്പന്റെയും അമ്മയുടെയും നൊന്തുള്ള പ്രാർത്ഥന സ്വർഗ്ഗം എങ്ങനെ നിഷേധിക്കും?

(പെട്ടെന്ന് ഒരു ശബ്ദം. എല്ലാവരും അത്ഭുതത്തോടെ നോക്കുന്നു. യേശു അവരുടെ മദ്ധ്യേ പ്രത്യക്ഷപ്പെടുന്നു)

യേശു : ഒരമ്മയ്ക്ക് തന്റെ മകനെ, അവനെത്ര തെറ്റുകാരനായാലും ഉപേക്ഷിക്കുവാൻ സാധിക്കുകയില്ലെങ്കിൽ അവന് ജന്മം നൽകി പരിപാലിക്കുന്ന ദൈവത്തിന് എങ്ങനെ സാധിക്കും? അതിനാൽ നിങ്ങൾ അനുതപിച്ച് ദൈവരാജ്യത്തിൽ പ്രവേശിച്ച് ആനന്ദിപ്പിൻ...

ശുഭം

# PERFUME

എന്നിലലിഞ്ഞ ഗന്ധങ്ങളുടെ
മലിനത മാറ്റാനാണ് ഞാൻ നിന്നെ പൂശിയത്
യാഥാർത്ഥ്യത്തെ നീ ഒളിച്ചു വച്ചു
മണത്തെ നീ സുഗന്ധമാക്കി
സുഗന്ധത്തെ നീ പാരിലാക്കി
പാരിനെ നീ പവിത്രമാക്കി
എന്നാൽ,
അറിയാൻ കഴിഞ്ഞില്ലെനിക്കു നിൻ
ക്രൂശിലെ യാഗവും
ദാനമായി നൽകിയ നിൻ
പാവനഗന്ധമാം രക്ഷയും

**ബ്രദർ ജിജിൻ ജോർജ്ജ് ഒ.ഐ.സി.**



# GOLDEN JUBILEE OF RELIGIOUS PROFESSION

**15-05-1972 to 15-05-2022**



Fr William Nedumpurath OIC



Fr. Ignatius Kadiamkunnil OIC



Fr. Alphonse Powath OIC



Fr. Joseph Ancheril OIC

# SILVER JUBILEE OF RELIGIOUS PROFESSION

14-06-1997 to 14-06-2022